T62
K85

T62
K85

F 98

# വിക്രമോർവ്വശീയം

## ഭാഷാനാടകം.

DEFINITORY T. O. C. D. No. 1826 LIBRARY. CANCELLED.

[തിരുവിതാംകൂർ യൂണിവേഴ്സിററിയിൽനിന്നും 1944-ാമാണ്ടത്തെ ബി. എ., ബി. എസ്സ്. പരീക്ഷകൾക്ക് അംഗീകരിച്ചിട്ടുള്ളതു്]

T 62 / K 85

പരിഭാഷകൻ

കവിതിലകൻ

## കാട്ടാരത്തിൽ ശങ്കുണ്ണി അവർകൾ.

DHARMARAM COLLEGE LIBRARY, BANGALORE. 3904

വൈദ്യസാരഥി പ്രസ്സ്,

കോട്ടയം.

രണ്ടാം പതിപ്പ് കാപ്പി 200.

1117

VAIDYA SARATHY. Kottayam S. India.

വില രൂപാ ഒന്നു്.]

ഈ പുസ്തകത്തിൻെറ 500 പ്രതി അച്ചടിക്കുന്നതിനുള്ള അവകാശം വൈദ്യസാരഥി പ്രസ്സിലേക്കാകുന്നു.

ശ്രീ

# സമപ്പ്ണം.

കുട്ടിക്കാലത്തു തന്നെൻജനകജനനിമാർ
ഭൂമിവാസം വെടിഞ്ഞെ-
ന്നിട്ടക്കാലം മുതൽക്കേ പ്രിയതയൊടിഹ മാം
കാത്തുമാത്താനുകമ്പം
തുഷ്ട്യാ രക്ഷിച്ചുപോരും ഗുണഗണനിധിയാ-
യുള്ളൊര"കേശവാ"ഖ്യൻ
ജ്യേഷ്ഠൻതൻപാദപത്മേ പരിചൊടിതു സമ-
പ്പിച്ചിടുന്നിച്ഛയാ ഞാൻ.

ഗ്രന്ഥകത്താ.

കവിതിലകൻ

# കൊട്ടാരത്തിൽശങ്കുണ്ണി അവർകളുടെ ജീവചരിത്രസംഗ്രഹം.

---

## ജനനം.

ശങ്കുണ്ണി അവർകൾ കൊല്ലവർഷം 1030-ാമാണ്ട് മീനമാസം 23-ാംനു- വിശാഖം നക്ഷത്രത്തിൽ കോട്ടയത്തു സ്വഭവനമായ കൊട്ടാരത്തിൽതന്നെ ജനിച്ചു. സംഗീതാദി കലാവിദ്യകളിൽ അതിസമത്ഥനായിരുന്ന ശ്രീ വാസുദേവനുണ്ണിയുടെ ദ്വിതീയപുത്രനാണു ശങ്കുണ്ണി അവർകൾ. ഇദ്ദേഹത്തിൻെറ സാക്ഷാൽ നാമധേയം 'വാസുദേവൻ' എന്നുതന്നെ ആയിരുന്നു. അച്ഛൻെറ പേരും അതുതന്നെ ആയിരുന്നതിനാൽ അമ്മ ശൈശവത്തിൽ ഇദ്ദേഹത്തെ 'തങ്കു' എന്നു വിളിച്ചുവന്നു. കാലക്രമേണ ആ ഓമനപ്പേരു നിരത്ഥമാണെന്നു വിചാരിച്ചു പിന്നീടു 'ശങ്കു' എന്നു വിളിക്കുകയും അതോടുകൂടി ജാതിപ്പേരായ 'ഉണ്ണി' എന്നു കൂടി ചേത്തു് എല്ലാവരും 'ശങ്കുണ്ണി' എന്നു പറഞ്ഞുതുടങ്ങുകയും ആ പേരു നടപ്പായിത്തീരുകയും ചെയ്തു. ശങ്കുണ്ണി അവർകൾക്കു് ഒരു ജ്യേഷ്ഠനും ഒരനുജനും എല്ലാവരിലും ഇളയവരായി രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു.

7 വയസ്സുമുതൽ 10 വയസ്സുവരെ ചില ആശാന്മാരുടെ അടുക്കൽ പഠിക്കാൻ പോയി എങ്കിലും അത്രയും കാലംകൊണ്ടു മലയാളം കഷ്ടിച്ചു എഴുതാനും വായിക്കാനും വശമായതല്ലാതെ ഉപരിപഠനം ഒന്നും സാധിച്ചില്ല. 10 വയസ്സിനുശേഷം 16 വയസ്സുവരെ ഒന്നും പഠിക്കാതെതന്നെ കഴിച്ചുകൂട്ടി.

അതിൻെറശേഷം ഇദ്ദേഹം മഹാവിദ്വാനായിരുന്ന 'മണർകാട്ടു ശങ്കുവാര്യർ' അവർകളുടെ അടുക്കൽ സിദ്ധരൂപവും രഘുവംശം കാവ്യം ഒന്നാംസർഗ്ഗത്തിൽ ഏതാനും ശ്ലോകങ്ങളും പഠിച്ചു. അപ്പോഴേക്കും ആ ഗുരുനാഥൻ കുറച്ചുകാലത്തേക്കു സ്ഥിരതാമസം പന്തളത്തു കോയിക്കലേക്കു മാററിയതിനാൽ പിന്നെയും ഏതാനും കാലം ഒന്നും പഠിക്കാൻ തരമായില്ല. 17 വയസ്സു കഴിഞ്ഞതിൻെറശേഷം 1047-ാമാണ്ടു മിഥുനമാസത്തിൽ, വിശ്വവിശ്രുതനും, വൈദ്യാഗ്രേസരനും പ്രൌഢകവിയും ആയിരുന്ന 1077-ാമാണ്ടു മീനമാസം 7-ാംനു- ദിവംഗതനായ വയസ്കര ആര്യൻ നാരായണൻ മൂസ്സവർകളുടെ അടുക്കൽ ഇദ്ദേഹം പിന്നെയും പഠിച്ചുതുടങ്ങി. അതു് 1057-ാമാണ്ടുവരെ മുടങ്ങാതെ നടന്നുകൊണ്ടിരുന്നതിനാൽ അത്രയും കാലംകൊണ്ടു് ഉപരിഗ്രന്ഥങ്ങൾപഠിക്കുകയും ഒരുവിധം വ്യുല്പത്തി സമ്പാദിക്കുകയുംചെയ്തു.

ശങ്കുണ്ണി അവർകൾ കാവ്യങ്ങൾ പഠിച്ചുതുടങ്ങുന്നതിനുമുമ്പുതന്നെ വിനോദത്തിനായി ചില മണിപ്ര

വാളാപദ്യങ്ങളും പാട്ടുകളും ഉണ്ടാക്കിത്തുടങ്ങുകയും അതിൽ തന്റെ വാസനാബലത്തെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഇദ്ദേഹം മേലാൽ ഒരു കവിയായിത്തീരണമെന്നായിരുന്നു ഈശ്വരേച്ഛ എന്നു് ഊഹിക്കാൻ വഴിയുണ്ടായിട്ടുണ്ടു്. ഇദ്ദേഹം ഒന്നാമതുണ്ടാക്കിട്ടുള്ള കൃതി സുഭദ്രാഹരണം മണിപ്രവാളമാണു്. ഇതുകൂടാതെ ഇദ്ദേഹം ഉണ്ടാക്കിട്ടുള്ള പ്രധാനകൃതികളെ താഴെപ്പറയുന്നു.

മണിപ്രവാളകൃതികൾ.

1. സുഭദ്രാഹരണം മണിപ്രവാളം. 2. രാജാകേശവദാസചരിത്രം. 3. ആസന്നമരണ ചിന്താശതകം. 4. കേരളവൎമ്മശതകം. 5. ലക്ഷ്മീഭായിശതകം. 6. മാടമഹീശശതകം. 7. യാത്രാചരിതം. 8. അത്തച്ചമയസപ്തതി. 9. മുരജപചരിതം. 10. കപോതസന്ദേശകാവ്യം. 11. ഗൗളിശാസ്ത്രം. 12. സേതുലക്ഷ്മീഭായിശതകം.

ഭാഷാനാടകങ്ങൾ.

13. മാലതീമാധവം. 14. വിക്രമോൎവ്വശീയം. 15. രവിവൎമ്മാ.

പുരാണ നാടകങ്ങൾ.

16. കുചേലഗോപാലം. 17. സീമന്തിനീചരിതം. 18. പാഞ്ചാലധനഞ്ജയം. 18. ഗംഗാവതരണം.

കല്പിതനാടകകഥകൾ.

20. ദേവീവിലാസം. 21. ജാനകീപരിണയം.

ആട്ടക്കഥകൾ.

22. ശ്രീരാമപട്ടാഭിഷേകം. 23. ശ്രീരാമാവതാരം. 24. സീതാവിവാഹം. 25. ഭൂസുരഗോഗ്രഹണം. 26. കിരാതനൃത്തചരിതം.

കൈകൊട്ടിക്കളിപ്പാട്ടുകൾ.

27. നിവാതകവചകാലകേയവധം. 28. ശ്രീമൂലരാജവിലാസം. 29. വിക്ടോറിയാ ചരിതം 30. ധ്രുവചരിതം. 31. ശോണാദ്രീശചരിമാഹാത്മ്യം. 32. ആർദ്രാചരിത്രം. 33. ഭദ്രോല്പത്തിപ്പാന. 34. ഓണപ്പാന.

കിളിപ്പാട്ട്.

35. വിനായകമാഹാത്മ്യം.

ശീതങ്കൻ തുള്ളലുകൾ.

36. ഭൂതനാഥോത്ഭവം. 37. ശ്രീമൂലമഹാരാജഷഷ്ടിപൂർത്തിമഹോത്സവം. 38. കല്യാണമഹോത്സവം. 39. ശ്രീശങ്കരവിലാസം. 40. തിരുമാടമ്പുമഹോത്സവം.

വഞ്ചിപ്പാട്ടുകൾ.

41. കല്യാണമഹോത്സവം. 42. സീതാസ്വയംവരം.

ഗദ്യപ്രബന്ധങ്ങൾ.

43. നൈഷധം. 44. വിശ്വാമിത്രചരിത്രം. 45. വിക്രമോർവ്വശീയനാടകകഥാസംഗ്രഹം. 46. അർജ്ജുനൻ. 47. ശ്രീകൃഷ്ണൻ. 48. ഐതിഹ്യമാല ഒന്നുമുതൽ എട്ടുവരെ ഭാഗങ്ങൾ.

ഇവകൂടാതെ ഇദ്ദേഹം അനേകം ഒററ ശ്ലോകങ്ങളും ഖണ്ഡകൃതികളും, ഒടുവിൽ അധ്യാത്മരാമായണം തർജിമയും (ഉത്തരരാമായണം ഉൾപ്പടെ) ഉണ്ടാക്കീട്ടുണ്ടു്. മുൻപറഞ്ഞ കൃതികളെല്ലാം പത്രംമുഖേനയും മാസികമുഖേനയും പുസ്തകരൂപേണയും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളവയാണു്.

സമ്മാനലബ്ധി.

കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള പ്രസിദ്ധിയും ബഹുമതിയും ഒട്ടും ചില്ലറയല്ല. പല കവിതാപരീക്ഷകളിലും സമ്മാനങ്ങളും പ്രശംസാപത്രങ്ങളും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. 1099ൽ നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും 1076-ൽ നാടുനീങ്ങിയ ആറാരങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടും, വള, രത്നഖചിതങ്ങളായും മററുമുള്ള മോതിരങ്ങൾ, കസവുതുപ്പട്ടാവുകൾ മുതലായവ പലപ്പോഴും കല്പിച്ചുകൊടുത്തിട്ടുണ്ടു്.

അധ്യാപകവൃത്തി.

1056 -ാമാണ്ടുമുതൽ 1068 മകരമാസംവരെ 12 കൊല്ലം പല യൂറോപ്യന്മാരുടെയും മലയാള മുൻഷിയായിരുന്നിട്ടുണ്ടു്. 1068-ാമാണ്ടു് എം. ഡി. സിമ്മനാരി ഹൈസ്കൂൾ ആരംഭിച്ചതോടുകൂടി ഇദ്ദേഹത്തെ അവിടെ മലയാളം മുൻഷിയായി നിയമിച്ചു.

ആകപ്പാടെ ശങ്കുണ്ണി അവർകൾ സരസ്വതീപ്രസാദം സമ്പൂർണ്ണമായി സിദ്ധിച്ചിട്ടുള്ള രസികനും സരസനുമാണെന്നു നിസ്സന്ദേഹം പറയാം.

## ഗൃഹഭരണം.

ഇദ്ദേഹത്തിൻെറ ജ്യേഷ്ഠൻ വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ സന്താനമുണ്ടാകായ്കനിമിത്തം പിതൃനിയോഗപ്രകാരം 1056-ാമാണ്ടു മകരമാസത്തിൽ ശങ്കുണ്ണി അവർകളും വിവാഹം ചെയ്തു് ആ സ്ത്രീയെ സ്വഗൃഹത്തിലേക്കു കൂട്ടിവച്ചു എങ്കിലും 1057-ാമാണ്ടു ചിങ്ങം 10-ാംനു- സന്നിപാതജ്വരത്താൽ ആ സ്ത്രീ പരലോകഗതയായി. ഇദ്ദേഹത്തിൻെറ പിതാവും 1061-ാമാണ്ടു മകരമാസത്തിൽ പരലോകം പ്രാപിച്ചു.

തദനന്തരം ശങ്കുണ്ണി അവർകൾ സന്താനാർത്ഥം ഒന്നുകൂടി വിവാഹംചെയ്യുകയും 1063 വൃശ്ചികത്തിൽ ആ യുവതിയെ സ്വഭവനത്തിൽ കൂട്ടിവയ്ക്കുകയും ചെയ്തു. ആ യുവതിയും ഭർത്തൃസ്നേഹം മുതലായ ഉത്തമഗുണങ്ങളാൽ പ്രശോഭിതയായിരുന്നു. അതിനിടക്കു ശങ്കുണ്ണി അവർകൾ തൻെറ സഹോദരിമാരെ രണ്ടുപേരെയും വിവാഹം ചെയ്തുകൊടുക്കയും മൂത്ത സഹോദരി പ്രസവിച്ചു് പത്തും ഇളയ സഹോദരി പ്രസവിച്ചു് അഞ്ചും കുട്ടികൾ ഉണ്ടാകയും ചെയ്തു.

ശങ്കുണ്ണി അവർകരം 1068-ാമാണ്ടു മസൂരി ബാധിതനായി അത്യധികം കഷ്ടപ്പെട്ടു എങ്കിലും ജ്യേഷ്ഠന്റെ രക്ഷാനൈരന്തര്യം കൊണ്ടും ആയുർബലംകൊണ്ടും അതിൽനിന്നു് ഒരുവിധം രക്ഷ നേടി. അദ്ദേഹത്തിന്റെ പ്രിയജ്യേഷ്ഠൻ ആ മഹാവ്യാധിയാൽ തന്നെ ബാധിതനായി ആ കർക്കടകത്തിൽ പരലോകപ്രാപ്തനായതിനാൽ ശങ്കുണ്ണി അവർകരംക്കുണ്ടായ ദുഃഖം അത്യന്തം ദുസ്സഹമായിരുന്നു. ഇതിനെ തുടൎന്നു രണ്ടു സഹോദരിമാരും മൂത്ത സഹോദരിയിലുണ്ടായ പത്തു കുട്ടികളും ഇളയ സഹോദരിയിലുണ്ടായ ഒരു പുത്രിയൊഴിച്ചു് ശേഷം നാലു കുട്ടികളും കൂടി കുറച്ചു കാലത്തിനിടയ്ക്കു് അകാലനിര്യാണത്തെ പ്രാപിച്ചുപോവുകയാൽ ഇദ്ദേഹത്തിനുണ്ടായദുഃഖം അവൎണ്ണനീയമെന്നല്ലാതെ ഒന്നും പറയുവാൻ കാണുന്നില്ല.

പ്രഥമഭാൎയ്യ യഥാകാലം പ്രസവിക്കാതെയിരിക്കുകയാൽ ശങ്കുണ്ണിഅവർകരം സന്താനാൎത്ഥം 1064-ാമാണ്ടു് അനുജനെക്കൊണ്ടു കൂടി വിവാഹം ചെയ്യിച്ചു. അവരിലും സന്താനമുണ്ടായില്ല.

അതുകൊണ്ടു വീണ്ടും ചില ബന്ധുഹിതന്മാരുടെയും മററും ഉപദേശം നിമിത്തം 1081-ാമാണ്ടു് മിഥുനമാസത്തിൽ മൂന്നാമതും ഒന്നുകൂടി വിവാഹം ചെയ്തു.

അതിനുശേഷം തൃതീയഭാൎയ്യയും പ്രസവിക്കായ്ക നിമിത്തം ഇദ്ദേഹം 1090-ാമാണ്ടു് മിഥുനമാസത്തിൽ ഏവൂർപനവേലിൽ കൃഷ്ണശൎമ്മാഅവർകളുടെ ദ്വിതീയപുത്രനായ വാസുദേവൻഉണ്ണിയെ ദശഹസ്തദാനവിധി പ്രകാരം ദത്തെടുത്തു് ഉപനയനം മുതലായവ കഴിച്ചു സ്വപുത്രനാക്കുകയും ആ ദത്തുപുത്രനെക്കൊണ്ടു് 1101 മേടത്തിൽ ഒരു കന്യകയെ വിവാഹം ചെയ്യിച്ചു് സ്വഗൃഹത്തിൽ കുടിവെപ്പിക്കുകയും ചെയ്തു.

അതിനുശേഷം ഇദ്ദേഹം 112-ാമാണ്ടു കർക്കടകമാസം 7-ാംനു- പരലോകം പ്രാപിച്ചു.

20—11—117, കോട്ടയം.

ചേപ്പാട്ടു്, അച്യുതവാൎയ്യർ.

# വിക്രമോർവശീയം.

## ഭാഷാനാടകം.

ഹരിഃശ്രീ ഗണപതയേ നമഃ. അവിഘ്നമസ്തു.

വേദാന്തങ്ങളിലാരെയേകനഖില-
    വ്യാപീതി ചൊല്ലുന്നു നി-
ൎവ്വാദം സാൎത്ഥകമാരിലീശ്വരപദം
    ചേരുന്നനന്യാശ്രയം
മോദാലേവനെ യോഗിവൎഗ്ഗമകമേ
    തേടുന്നു മോക്ഷേച്ഛയാ-
ലാ ദേവൻ ഭവതാം സുഭക്തിസുലഭൻ
    ശ്രേയസ്സിനായ് തീരണം! 1

## പ്രസ്താവന.

സൂത്രധാരൻ—[നാന്ദിയുടെ അവസാനത്തിൽ പ്രവേശിച്ചണിയറെക്കഭിമുഖമായി നോക്കീട്ട്] എടോ ഇവിടെ വരൂ.

നടൻ—[പ്രവേശിച്ചിട്ട്] ഇതാ ഞാൻ വന്നു.

സൂത്രധാരൻ—ഈ സഭാവാസികൾ പൂൎവകവിപ്രബന്ധങ്ങളെ പലപ്പോഴും പ്രയോഗിച്ചു കണ്ടു രസമറിഞ്ഞിട്ടുള്ളവരാകകൊണ്ടു ഞാൻ ഇവിടെ വിക്രമോൎവശീയമെന്ന നവീനനാടകത്തെ പ്രയോഗിച്ചിവരെ സന്തോഷിപ്പിക്കണമെന്നു വിചാരിക്കുന്നു. അതിനാൽ വേഷക്കാരെല്ലാവരും അവരവരുടെ വേഷങ്ങളിൽ ജാഗ്രതയോടു കൂടി തയാറായിരിക്കുവാൻ പറയൂ.

നടൻ-അവിടുത്തെ കല്പനപോലെ ചെയ്യാം. [പോയി]

സൂത്രധാരൻ —ആൎയ്യശ്രേഷ്ഠന്മാരായ ഭവാന്മാരെ ശിരസ്സുകൊണ്ടു നമസ്കരിച്ചിതാ ഞാൻ അറിവിക്കുന്നു.

മെത്തും ദാക്ഷിണ്യഭാരം പ്രണയമതിയലു-
ന്നോരിലുണ്ടാകകൊണ്ടോ
സത്തായീടും കഥാപൂരുഷവരബഹുമാ-
നത്തിനാലോ വിശേഷാൽ
സ്വസ്തിശ്രീകാളിദാസന്നുടയൊരു കൃതിയെ-
ബ്ഭാഷയായിട്ടു "കൊട്ടാ-
രത്തിൽ ശങ്കുണ്ണി" തീൎത്തോന്നിതു കുതുകമോടും
കേൾപ്പിനാൾപ്പൂവ്വിരുത്തി. 2

അണിയറയിൽ— രക്ഷിക്കണേ രക്ഷിക്കണേ അമരപക്ഷപാതിയും ആകാശഗാമിയുമായിട്ടുള്ളവൻ.

സൂത്രധാരൻ— (ചെവികൊടുത്തിട്ടു) ഇതെന്താണാകാശമാർഗ്ഗത്തിങ്കൽ അകാരണമായി ഒരു നിലവിളി കേൾക്കുന്നതു്. (വിചാരിച്ചിട്ടു) ശരി, മനസ്സിലായി.

ധന്യൻ നാരായണാഖ്യൻ മുനിയുടെ തുടയിൽ
ജാതയാം ദേവനാരീ
നന്ദ്യാ ചെന്നിന്നു സാക്ഷാൽധനപതിയെ നമി-
ച്ചിങ്ങു പോരുംവഴിക്കു്
വന്ദീകൃത്യാശു ദേവാരികളുടനവളെ-
ക്കൊണ്ടുപോയെന്നമൂലം
ക്രന്ദിച്ചീടുന്നു മററുള്ളമരതരുണിമാ-
രാശ്രയാകാംക്ഷയാലെ. (പോയി) 3

---

# ഒന്നാം അംകം.

ദേവസ്ത്രീകൾ [പ്രവേശിച്ചിട്ട്

രക്ഷിക്കണെ രക്ഷിക്കണേ അമരപക്ഷപാതിയും ആകാശഗാമിയുമായിട്ടുള്ളവൻ.

രാജാ—രഥാരൂഢനായി സൂതനോട്ട കൂടി പ്രവേശിച്ചിട്ട്

വേണ്ട കരയണ്ട. സൂൎയ്യനെ സേവിച്ച് തിരിച്ചുവരുന്ന പുരൂരവസ്സാകുന്ന എന്റെ അട്ടക്കൽ വന്നു പറഞ്ഞാലും. ഭവതികളെ എന്തിങ്കൽ നിന്നാണു രക്ഷിക്കേണ്ടതു്.

രംഭ—അസുരന്മാരുടെ ഗർവ്വിങ്കൽ നിന്നു്.

രാജാ—അസുരന്മാർ ഗർവ്വുകൊണ്ടു ഭവതികൾക്കെന്തപരാധമാണു ചെയ്തതു്.

രംഭ—മഹാരാജാവു കേൾക്കണം. വിശേഷമുള്ള തപസ്സുകളിൽ ശങ്കിതനായിരിക്കുന്ന മഹേന്ദ്രന്റെ മൃദുലമനോഹരമായ ആയുധമായും സ്വൎഗ്ഗത്തിന്റെ അലങ്കാരമായും സൌന്ദൎയ്യംകൊണ്ടു ഗർവ്വിഷ്ഠയായിരിക്കുന്ന മഹാലക്ഷ്മിയെ നിരാകരിക്കുന്നവളായും ഇരിക്കുന്ന ഞങ്ങളുടെ പ്രിയസഖിയായ ഉർവശി വൈശ്രവണന്റെ ഗൃഹത്തിൽ പോയി തിരിച്ചു വരുമ്പോൾ ഹിരണ്യപുരത്തിൽ താമസിക്കുന്ന കേശിയാകുന്ന അസുരൻ കണ്ടെത്തി അവളെ ചിത്രലേഖയോടുംകൂടി ബലാൽകാരേണ പിടിച്ചുകൊണ്ടു പോയിരിക്കുന്നു.

രാജാ—ആട്ടെ. ആക്കള്ളൻ ഏതുദിക്കിലേക്കാണ പോയതെന്നറിയാമൊ.

സഹജന്യ—കിഴക്കവടക്കായിട്ടാണ.

രാജാ—എന്നാൽ വിഷാദിക്കണ്ട. നിങ്ങളുടെ സഖിയെ തിരിച്ചു കൊണ്ടുവരുന്നതിനായിട്ടു ഞാൻ ഉത്സാഹിക്കാം.

[എല്ലാവരും സന്തോഷത്തോടു കൂടി]

സോമപൌത്രനായ അവിടെക്കിതു യുക്തം തന്നെ.

രാജാ—എന്നാൽ ഭവതികൾ എവിടെയാണെന്നെ കാത്തു നിൽക്കാൻ പോകുന്നതു്.

രംഭ—ഈ ഹേമകൂടപർവതത്തിൻെറ ശിഖരത്തിങ്കൽ.

രാജാ- [സൂതനോടായിട്ടു്] ഐശാനിയായിരിക്കുന്ന ദിക്കിലേക്കു ക്ഷണത്തിൽ പോകാനായിട്ടു കുതിരകളെ തെളിക്കു്.

സൂതൻ-കല്പനപോലെ ചെയ്യാം.-[കുതിരകളെ തെളിക്കുന്നു]

രാജാ-[രഥവേഗത്തെനടിച്ചിട്ടു്] കൊള്ളാം നല്ലതു്. ഈ തേരിൻെറ വേഗംകൊണ്ടു ഗരുഡൻ തന്നെയാണ മുമ്പേ പോകുന്നതെങ്കിലും ഞാൻ ഒപ്പമെത്തും. പിന്നെ ഇന്ദ്രാപകാരിയായിരിക്കുന്ന ഇവൻെറ കാൎയ്യം പറയാനുണ്ടോ. ഇതാ എൻെറ

ചാരേ ചിന്നിത്തകൎന്നീ ഘനനിരപൊടിപോൽ
പോയിടുന്നഗ്രഭാഗേ
തേരിൽ ചക്രം തിരിഞ്ഞിട്ടരനിരകളിര-
ട്ടിച്ചു കാണപ്പെടുന്നു

പാരം നീണ്ടുള്ള നൽചാമരമതുമിളകാ-
തശ്വശിരഷ്ഷേപി ചിത്രാ-
കാരം കാണുന്നു; ചേരുന്നതിജവപവനാൽ
പ്രാന്തഭാഗേ പതാകാ. 4

രഥാരൂഢനായിരിക്കുന്ന രാജാവും സൂതനും പോയി.

രംഭ— നമുക്കാപ്പറഞ്ഞ സ്ഥലത്തേക്കു പോകാം.

എല്ലാവരും— അങ്ങിനെ തന്നെ.

[ശൈലാധിരോഹണത്തെ നടിച്ചിട്ടു നിൽക്കുന്നു.]

രംഭ— ആ രാജഷി നമ്മുടെ മനോദുഃഖത്തെ തീൎക്കുമോ.

മേനക— നീയങ്ങനെ സംശയിക്കണ്ട. ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻ ക്രൂടിയും യുദ്ധമുണ്ടാകുന്ന സമയങ്ങളിൽ രാജാക്കന്മാരിൽ വച്ചിദ്ദേഹത്തിനെത്തന്നെയാണു വളരെ ബഹുമാനത്തോടുക്രൂടി കൊണ്ടുപോയി സേനകളുടെ മുൻഭാഗത്തു നിറുത്താറുള്ളതു്.

സഹജന്യ— (കുറച്ചു നിന്നിട്ടു്) സഖികൾ ആശ്വസിച്ചാലും ആശ്വസിച്ചാലും. ആ രാജഷിയുടെ ശോഭിച്ചിരിക്കുന്ന മാൻകൊടിയടയാളമായിട്ടുള്ള സോമദത്തമാകുന്ന തേരിതാ കാണപ്പെടുന്നു. അദ്ദേഹം കാൎയ്യം സാധിക്കാതെ തിരിച്ചു വരുന്നയാളല്ല.

(എല്ലാവരും മേല്പോട്ടു നോക്കുന്നു.) അനന്തരം തേരിൽ ഇരിക്കുന്ന രാജാവും സൂതനും ചിത്രലേഖയുടെ കയ്യും പിടിച്ചു ഭയംകൊണ്ടു കണ്ണടച്ചിരിക്കുന്ന ഉൎവശിയും പ്രവേശിക്കുന്നു.

ചിത്രലേഖ— സഖീ ആശ്വസിച്ചാലും ആശ്വസിച്ചാലും.

**രാജാ—** അയി ദനുജസമുത്ഥം സാധ്വസം തീൎന്നു ലോക-
ത്രയഭരണസമൎത്ഥം ശക്രമാഹാത്മ്യമോൎത്താൽ
നയനമതിവിശാലം നീ തുറന്നാലുമക്കോ-
ദയമതിൽനളിനത്തെക്കുതരേ പൊയ്കപോലെ. 5

ചിത്രലേഖ— കഷ്ടം. ശ്വാസമാത്രജീവിതയായിരിക്കുന്ന ഇവൾക്കിപ്പൊഴും ചൈതന്യമുണ്ടാകുന്നില്ല.

**രാജാ—** ഭദ്രേ നിൻെറ സഖി നന്നെപ്പേടിച്ചിരിക്കുന്നു.

ഇന്നിക്കുരംഗമിഴിമാർമണിമൗലിതൻെറ
കുന്നൊത്തിടും കുളുർമുലത്തടമദ്ധ്യഭാഗേ
മന്ദാരമാലയിളകുന്നതുകൊണ്ടു സൂചി-
ക്കുന്നുണ്ടനല്പതരമാം മനതാരിളക്കം. 6.

ചിത്രലേഖ— (ദുഃഖത്തോടുകൂടി) സഖീ ആത്മാവിനെ ധൈൎയ്യപ്പെടുത്തു. നീയൊരപ്സരസ്ത്രീയല്ലാത്തപോലെ തോന്നുന്നല്ലോ.

**രാജാ—** തന്വംഗിതൻകുസുമകോമളമാംമനസ്സിൽ
തീൎന്നില്ല കാൺക ഭയകമ്പമിതേവരെക്കും
എന്നിപ്രകാരമധുനാ കുചകുംഭമദ്ധ്യേ
ചിന്നുന്ന ചാരുഹരിചന്ദനമോതിടുന്നു. 7.

(ഉൎവ്വശി സ്വബോധത്തെ പ്രാപിക്കുന്നു.)

**രാജാ—** (സന്തോഷത്തോടുകൂടി) ഭദ്രേ നിൻെറ സഖിക്കു ബോധം വീണുതുടങ്ങി. ഇതാ നോക്കൂ.

സോമശ്രീകൊണ്ടിരുട്ടൊട്ടകലിനനിശയെ
പ്പോലയും ക്രൂലപാതാൽ

കാമം കാലുഷ്യമാന്നിട്ടുടനെ തെളിവെഴും
ഗംഗയെപ്പോലെയും കേൾ
ധൂമം വേർപെട്ടരാത്രൌ തെളിയുമൊരനല-
ജ്വാലയെപ്പോലെയും ന-
ല്ലീമാൻനേക്കണ്ണി മോഹാന്ധതയോടുമിഹ വേർ
പെട്ടുകാണപ്പെട്ടുന്നു. 7

ചിത്രലേഖ— സഖീ വിശ്വാസത്തോടുകൂടിയിരിക്ക. ദുഷ്ടഹൃദയന്മാരായ ആ ശത്രുക്കളെ ജയിച്ചു.

ഉവ്വശി— (കണ്ണു തുറന്നിട്ടു്) പ്രഭാവംകൊണ്ടറിയുന്ന മഹേന്ദ്രനാണൊ.

ചിത്രലേഖ— മഹേന്ദ്രനല്ല. മഹേന്ദ്രതുല്യപ്രഭാവനായിരിക്കുന്ന പുരൂരവസ്സാകുന്ന ഈ രാജഷിയാണു്.

ഉവ്വശി— (രാജാവിനെ നോക്കീട്ടു വിചാരം) ഇനിക്കസുരൻ ചെയ്തതുപകാരം തന്നെയാണു്.

രാജാ— (ഉവ്വശിയെ നോക്കീട്ടു വിചാരം) നാരായണനാകുന്ന മുനിയുടെ തപസ്സിനെ ഇളക്കിത്തീക്കുന്നതിനായി ഉത്സാഹിച്ചുകൊണ്ടിരുന്ന ദേവസ്ത്രീകൾ എല്ലാവരും അദ്ദേഹത്തിന്റെ തുടയിൽനിന്നു ജനിച്ചവളായ ഇവളെക്കണ്ടിട്ടു ലജ്ജിച്ചു എന്നുള്ളതു യുക്തംതന്നെ. പക്ഷെ ഇവൾ തപസ്വി ആയിരിക്കുന്ന അദ്ദേഹത്തിന്റെ സൃഷ്ടിയാണെന്നു വരാൻ പാടില്ല.

സൃഷ്ടിക്കപ്പെട്ടു പെട്ടെന്നിവളുരതരശൃം-
ഗാരനാം മാരനാലോ
പുഷ്ടശ്രീസോമനാലോപുനരിഹമധുമാ-
സത്തിനാലോ നിനച്ചാൽ

മുട്ടാതീ വേദപാഠാൽ വിഷയരുചികുറ-
ഞ്ഞുള്ളോരാദ്യന്മുനിക്കീ
മട്ടാകും ചാരുരൂപം മഹിമയൊടു ചമ-
ച്ചീടുവാൻ പ്രൌഢിയുണ്ടോ. 9.

ഉൎവ്വശി— സഖീ ചിത്രലേഖേ! നമ്മുടെ സഖീജനം എവിടെയായിരിക്കും.

ചിത്രലേഖ— അഭയത്തെത്തന്നെ ഈ മഹാരാജാവിനറിയാം.

രാജാ— (ഉൎവ്വശിയോടായിട്ട്) അവർ വലിയ ദുഃഖാവസ്ഥയിലായിരിക്കുന്നു. ഭവതി വിചാരിച്ചുനോക്കു.

ഒരുപൊഴുതയിനന്നെക്കാണുവാൻ ദൈവഗത്യാ
തരമൊരുവനു വന്നിട്ടങ്ങുപോയാലവന്നും
വരതനു പരമുണ്ടാമുള്ളിലുൽക്കണ്ഠ പിന്നെ-
പ്പരിചിതസഖിമാർതങ്കാൎയ്യമോതേണ്ടതുണ്ടോ. 10

ഉൎവ്വശി— (വിചാരം) ഇദ്ദേഹത്തിൻെറ വാക്കു വളരെ വിശേഷം തന്നെ. അല്ലെങ്കിൽ ചന്ദ്രങ്കൽ നിന്നു മൃതു പുറപ്പെടുന്നതിനെക്കുറിച്ചത്ഭുതപ്പെടാനുമില്ല. (പ്രകാശം) അതുകൊണ്ടു തന്നെയാണിവരെക്കാണാനായിട്ടെൻെറ മനസ്സു പരിഭ്രമിക്കുന്നതു്.

രാജാ— (ചൂണ്ടിക്കാണിച്ചുകൊണ്ടു്)

നോക്കുന്നു നിൻമുഖമിതാ ബത ഹേമകൂടേ
നില്ക്കുന്നൊരീ പ്രിയമെഴും തവ തോഴിവൃന്ദം
വായ്ക്കുന്ന മോദമൊടുപപ്ലവമുക്തനാകും
മുഗ്ദ്ധേന്ദുവെസ്സുമുഖി ലോകരിതെന്നപോലെ. 11.

DEFINITORY O.C.D. LIBRARY 1826

(ഉൎവ്വശി ഭൂഗൃഹത്തോടുകൂടി നോക്കുന്നു)

ചിത്രലേഖ— സഖീ നീയെന്താണു നോക്കുന്നതു്.

ഉൎവ്വശി— സുഖദുഃഖങ്ങളുടെ അൎദ്ധാംശത്തെ അനുഭവിക്കുന്ന ഈ ജനത്തെയാണു്.

ചിത്രലേഖ— (ചിരിച്ചുംകൊണ്ടു്) അതാരാണു്.

ഉൎവ്വശി— സഖീജനം.

രംഭ— (സന്തോഷത്തോടുകൂടി) ഇതാ ഈ രാജൎഷി ചിത്രലേഖയോടുകൂടിയ പ്രിയസഖിയായ ഉൎവ്വശിയേയുംകൊണ്ടു വിശാഖനക്ഷത്രങ്ങളോടുകൂടി ചന്ദ്രഭഗവാനെന്നപോലെ അടുത്തുവന്നു.

മേനക— (നോക്കീട്ടു്) പ്രിയസഖിയായ ഇവളെ കൊണ്ടുവരികയും ചെയ്തു. ഈ രാജൎഷിയുടെ ശരീരത്തിൽ മുറിവുകളും മററും പററീട്ടുമില്ല. ഇങ്ങനെ രണ്ടു സന്തോഷങ്ങൾ നമുക്കൊരുമിച്ചു വന്നുചേൎന്നു.

സഹജന്യ— ശരിയാണു നീ പറയുന്നതു്. അസുരന്മാരെ ജയിക്കാൻ വളരെ പ്രയാസമാണു്.

രാജാ— ഹേ സൂതാ ആ പൎവ്വതശിഖരം ഇതാണു്. തേരിവിടെ താഴ്ത്തിയിറക്കണം.

സൂതൻ— കല്പനപോലെ ചെയ്യാം.

(തേരിനെ താഴ്ത്തിയിറക്കുന്നു)

രാജാ— (ചക്രോൽഘാതത്തെ നടിച്ചിട്ടു് വിചാരം) ആശ്ചൎയ്യം ആശ്ചൎയ്യം. എന്റെ ഇന്ദ്രിയാൎത്ഥാനുഭവം തന്നെയാണു സഫലമായിട്ടുള്ളതു്.

സുരുചിരതരമേതത്സ്യന്ദനക്ഷോഭമൂലം
സരസിജമുഖിയാൾതൻതോളൊടെൻതോളിദാനീം
ഉരസി ജവമൊടേററം ജാതമാം രോമഹഷ്ഠാൽ
സരസമിഹ മനോജൻ ജാതനായെന്നുതോന്നും. 12

ഉവ്വശി— (ലജ്ജയോടുകൂടി) സഖീ ചിത്രലേഖേ കുറച്ചു മുൻപോട്ടു മാറിയിരിക്കു.

ചിത്രലേഖ— (ചിരിച്ചുംകൊണ്ടു്) അതിനു ഞാൻ ശക്തയല്ല.

രംഭ— നമുക്കു ചെന്നു രാജഷിയെബഹുമാനിക്കാം.

(എല്ലാവരും അടുത്തുചെല്ലുന്നു.)

രാജാ— ഹേ സൂതാ തേരു നിറുത്തുക തന്നെ.

ഉൾക്കൊണ്ടമോദമൊടു സംപ്രതി മാധവശ്രീ
ചൊൽക്കൊണ്ടെഴും ലതകളോടണയുന്നപോലെ
കല്ക്കണ്ടവാണിയിവൾ സോത്സുകമിപ്പൊളേററ-
മുൽക്കണ്ഠയുള്ള സഖിമാരൊടു ചേന്നിടട്ടെ. 13.

(സൂതൻ തേരു നിറുത്തുന്നു.)

അപ്സരസ്സുകൾ— ഭാഗ്യത്താൽ മഹാരാജാവു വിജയംകൊണ്ടു വദ്ധിക്കുന്നു.

രാജാ-- സഖീസംഗമംകൊണ്ടു ഭവതികളും.

(ഉവ്വശി ചിത്രലേഖയുടെ കൈക്കു പിടിച്ചുംകൊണ്ടു തേരിൽ നിന്നിറങ്ങിയിട്ടു്) അല്ലയോ സഖികളെ നിങ്ങൾ എന്നെ ദൃഢമായി ആലിംഗനം ചെയ്യിൻ. വീണ്ടും ഞാൻ നിങ്ങളെക്കാണുമെന്നു വിചാരിച്ചിരുന്നില്ല. (എല്ലാവരും പരിഭ്രമത്തോടെ ആലിംഗനം ചെയ്യുന്നു.)

രംഭ— എല്ലാപ്രകാരവും മഹാരാജാവു വളരെക്കാലം ഭൂമിയെ രക്ഷിച്ചുംകൊണ്ടു വാഴട്ടെ.

സൂതൻ— അല്ലയോ തിരുമേനി, കിഴക്കെ ദിക്കിലായിട്ടതിവേഗത്തോടുകൂടിയ രഥത്തിന്റെ ശബ്ദം കേൾക്കുന്നു.

ആകാശമാൎഗ്ഗമതിൽനിന്നധുനാ തടിത്വാ-
നാകുംപയോദമതുപോലിഹ ശൈലശൃംഗേ
ശ്രീകാഞ്ചനാംഗദവിഭൂഷണഭൂഷിതാംഗ-
നേകൻ മുദാ സമമിറങ്ങിവരുന്നു വേഗാൽ. 14.

അപ്സരസ്സുകൾ— (നോക്കിയിട്ടു്) ഹേ ചിത്രരഥനാണു്.

(ചിത്രരഥൻ പ്രവേശിച്ചു രാജാവിന്നഭിമുഖമായി നിന്നിട്ടു്) ഭാഗ്യത്താൽ മഹേന്ദ്രനുകൂടിയും ഉപകാരം ചെയ്വാൻ മതിയായിട്ടുള്ള പരാക്രമമഹാത്മ്യംകൊണ്ടവിടുന്നു വൎദ്ധിക്കുന്നു.

രാജാ— അല്ലാ ഗന്ധൎവ്വരാജനൊ. പ്രിയമിത്രമായ അങ്ങേക്കു കുശലം തന്നെയല്ലെ.

(രണ്ടുപേരും തേരിൽനിന്നിറങ്ങി കരഗ്രഹണം ചെയ്യുന്നു.)

ചിത്രരഥൻ— സഖേ! കേശിയാകുന്ന അസുരൻ ഉൎവ്വശിയെ പിടിച്ചുകൊണ്ടുപോയതായി നാരദൻ പറഞ്ഞറികയാൽ ഇവളെത്തിരിച്ചു കൊണ്ടുവരുവാനായി മഹേന്ദ്രൻ ഗന്ധൎവ്വസൈന്യത്തെ നിയോഗിച്ചു. അനന്തരം ഞങ്ങൾ പുറപ്പെട്ടുവരുംവഴിക്കു വിമാനചാരികളിൽ നിന്നവിടുത്തെ —

സൽക്കീൎത്തിജാലമതുമത്രഭവാനിദാനീം
നിൽക്കുന്നതും സുവര കേട്ടു സമാഗമിച്ചേൻ
മൈക്കണ്ണിയാമിവളൊടൊത്തു ഭവാനുമിപ്പോൾ
സ്വൎഗ്ഗേശനെസ്സപദി കാണുകതന്നെയോഗ്യം. 15.

അവിടുന്നു വലുതായിരിക്കുന്ന പ്രിയത്തെത്തന്നെയാണു മഹേന്ദ്രനു ചെയ്തതു്. വിചാരിച്ചു നോക്കു.

മുന്നം മഹേന്ദ്രനു മനോഹരഗാത്രിയാമി-
ത്തന്വംഗിയെ നരസഖൻ മുനി തീൎത്തുനൽകി
പിന്നിന്നു ദൈത്യകരമായതിൽനിന്നുരക്ഷി-
ച്ചന്യൂനമോദമതിമിത്രമതാം ഭവാനും. 16.

രാജാ- സഖേ അങ്ങനെയല്ല.

കെല്ലാനിന്ദ്രമഹിമാവതുകൊണ്ടുതന്നെ
രൽപക്ഷപാതികൾരിപുക്കളെവെന്നിടുന്നു
ദപ്പം കരിക്കു കളയുന്നഗഗഹ്വരത്തി-
ലുൾപ്പുക്കെഴും മൃഗപതിപ്രതിനാദവുംകേൾ.17.

ചിത്രരഥൻ- ഇതു യുക്തംതന്നെ. ഗൎവ്വില്ലായ്ക പരാക്രമത്തിനു ഭൂഷണമാണല്ലൊ.

രാജാ- സഖേ മഹേന്ദ്രനെ കാണുന്നതിനിപ്പോൾ സമയമില്ല. അതുകൊണ്ടങ്ങുതന്നെ അത്രഭവതി ഉൎവ്വശിയെ സ്വാമിയുടെ അടുക്കൽ കൊണ്ടുപോകണം.

ചിത്രരഥൻ- അവിടുത്തെ ഇഷ്ടംപോലെചെയ്യാം. ഭവതികൾ ഇതിലെ ഇതിലെ.

(അപ്സരസ്സുകൾ പുറപ്പെടുന്നു)

ഉർവശി- (സ്വകാര്യമായിട്ട്) സഖീ ചിത്രലേഖേ ഉപകാരിയായ ഈ രാജർഷിയോട്ട യാത്ര പറയുന്നതിന്ന ഞാൻ ശക്തയല്ല. ഇനിക്കു പകരം നീയതു ചെയ്യണം. (ചിത്രലേഖ രാജാവിൻെറ അട്ടക്കൽ ചെന്നിട്ട്) അല്ലയോ മഹാരാജാവേ ഉർവ്വശി അറിയിക്കുന്നു. "അവിട്ടത്തെക്കീർത്തിയെ സ്വർഗ്ഗത്തിങ്കലെത്തിക്കാനായിട്ട ഞാൻ പോകുന്നതിനനുവാദമുണ്ടാകണമെന്നാഗ്രഹിക്കുന്നു" എന്നു

രാജാ- പിന്നെ കാണ്മാനായിട്ടിപ്പോൾ പോവുക തന്നെ.

എല്ലാവരും ഗന്ധർവ്വന്മാരോട്ടക്രുടി ആകാശഗമനത്തെ നടിക്കുന്നു.

ഉർവശി- (ഗമനവിഘ്നത്തെ നടിച്ചിട്ട്) ഹേ. എൻെറ മാല ഈ കൊമ്പിൽ ഒടക്കിയല്ലൊ. (ഉപായേന തിരിഞ്ഞു രാജാവിനെ നോക്കിക്കൊണ്ട്) ചിത്രലേഖേ ഇതു വിടിക്കു.

ചിത്രലേഖ- നന്നെ ബലമായിട്ട തന്നെ ഒടക്കീട്ടുണ്ട്. വിടീക്കാൻ കുറച്ചു പ്രയാസം പോലെയാണിനിക്കു തോന്നുന്നതു്. ആട്ടെ. എങ്കിലും ഇപ്പോൾ ഇതു ഞാൻ വിടിക്കാം.

ഉർവശി- (ചിരിച്ചുംകൊണ്ട്) സഖീ നിൻെറ ഈ വാക്കു നീ മറന്നുകളയല്ലെ.

(ചിത്രലേഖ ഒടക്കു വിടീക്കുന്നു.)

രാജാ- (വിചാരം) ആശ്ചര്യം.

യാത്രയ്ക്കല്പമിവൾക്കു വിഘ്നമതു നീ
ചെയ്യുന്നമൂലം ലതേ
പാർത്താലില്ലിതിലേററമായ് പ്രിയമിനി-
ക്കൊന്നിന്നു ചെയ്തീടുവാൻ

വക്ത്രം തെല്ലുതിരിച്ചു കണ്മുനകളാൽ
നോക്കുന്ന മൈക്കണ്ണിയെ
പ്പേർത്തും കാണ്മതിന്നിന്നിക്കൊരുതരം
വന്നെത്തി നന്നെത്രയും. 18

ന്യായം വിട്ടു സുരാധിനാഥനപകാ-
രം ചെയ്തു ദൈതേയരെ
പ്പായിച്ചാശു പയോധിതന്നിലധുനാ
പ്രക്ഷേപണം ചെയ്തുടൻ
ആയാസം കലരാതെകണ്ടു ഭുജഗം
ശുഭ്രത്തിലെന്നോണമീ
വായവ്യാസ്ത്രമഹോ ത്വദീയശരധൌ
വന്നെത്തി വീണ്ടും വിഭോ. 19

രാജാ— തേരടുപ്പിച്ചു നിറുത്തു്. ഇതാ ഞാൻ കേറാറായി.

സൂതൻ— അടിയൻ. കല്പനപോലെ (തേരടുപ്പിച്ചു നിറുത്തുന്നു.)

(രാജാ രഥാരോഹണത്തെ നടിക്കുന്നു)

(ഉൎവശി നെടുവീർപ്പിട്ടു രാജാവിനെ നോക്കിക്കൊണ്ടു സഖിമാരോടു കൂടെപ്പോയി.)

രാജാ— [ഉൎവശി പോകുന്ന വഴി നോക്കിക്കൊണ്ടു്] കഷ്ടം. എന്റെ മനോരാജ്യം കിട്ടാത്ത വസ്തുവിനെ ആഗ്രഹിക്കുന്നതു തന്നെയാണു്.

വേഗാലാകാശമാർഗ്ഗം പ്രതി ബത കുതുകാൽ
കെൽപ്പിനോടുൽപ്പതിക്കും
രാകാചന്ദ്രപ്രഭോദ്യന്മുഖിയിവളധുനാ
മാനസം മേ ശരീരാൽ
ആകർഷിക്കുന്നു മന്ദേതരമിഹ വിസഖ-
ണ്ഡത്തിൽനിന്നാശു സൂത്രം
മാൽകാതേകണ്ടിദാനീം പ്രസഭമഴകെഴും
ഹംസിതാനെന്നപോലെ.

[എല്ലാവരും പോയി.]

## രണ്ടാം അങ്കത്തിൻെറ പൂർവാംഗം.

വിദൂഷകൻ [പ്രവേശിച്ചിട്ട്] ഛെ ഛെ. ക്ഷണിക്കാൻ വരുമ്പോഠം കൊണ്ടുവരുന്ന കാഴ്ചദ്രവ്യം ഹേതുവായിട്ടെന്നപോലെ രാജാവിൻെറ ഈ ഗോപ്യവൎത്തമാനം നിമിത്തം ഇത്ര വളരെ ജനങ്ങളുള്ളേടത്തെൻെറ നാവിനെ അടക്കിക്കൊണ്ടിരിക്കാൻ ഞാൻ ശക്തനല്ല. അതുകൊണ്ടു ജനസഞ്ചാരമില്ലാത്ത ഈ മതിലേൽ മാളികയുടെ വരാന്തയിൽ പോയി മഹാരാജാവു ധൎമ്മാസനത്തിങ്കൽ നിന്നു തിരിച്ചുവരുന്നതുവരെ ഇരിക്കതന്നെ. [ചുററിനടന്നിട്ടിരിക്കുന്നു.]

ചേടി- (പ്രവേശിച്ചിട്ട്) കാശിരാജപുത്രിയായ ദേവി എന്നോടു കല്പിച്ചിരിക്കുന്നു. "എടീ നിപുണികേ, ആൎയ്യപുത്രൻ സൂൎയ്യഭഗവാനെസ്സേവിച്ചു തിരിച്ചു വന്ന

ഴപ്പോഠം മുതൽ മന്ദബുദ്ധിയായിട്ടു കാണപ്പെടുന്നു. അതിനാൽ നീ പോയി ഇഷ്ടനായിരിക്കുന്ന ആയ്യമാണവകനോട്ടു ചോദിച്ചിദ്ദേഹത്തിൻെറ ഉൽക്കണ്ഠയുടെ കാരണം അറിയണം." എന്നു്. അതുകൊണ്ടാസാധുബ്രാഹ്മണനെ ഏതുപ്രകാരമാണു വഞ്ചിക്കേണ്ടതു്. അല്ലെങ്കിൽ ചെറുപുല്ലിൻെറ അററത്തു പററിയ മഞ്ഞുവെള്ളംപോലെ അദ്ദേഹത്തിങ്കൽ രാജാവിൻെറ ഈ ഗൂഢവത്തമാനം വളരെ നേരം നിൽക്കുകയില്ല. അദ്ദേഹത്തിനെ അന്വേഷിക്കതന്നെ. (ചുററിനടന്നു നോക്കിയിട്ടു്) ഇതാ ഇദ്ദേഹം ചിത്രത്തിലെ കുരങ്ങിനെപ്പോലെ ഒന്നും മിണ്ടാതെ ഇരിക്കുന്നു. ഇദ്ദേഹത്തിൻെറ അടുക്കലേക്കു ചെല്ലുകതന്നെ.

(അടുത്തു ചെന്നിട്ടു്) സ്വാമീ ഞാൻ വന്ദിക്കുന്നു.

വിദൂഷകൻ- ഭവതിക്കു നല്ലതു വരട്ടെ. [വിചാരം]

ഈ ദുഷ്ടചേടിയെക്കണ്ടിട്ടുതന്നെ രാജാവിൻെറ ആ ഗൂഢവത്തമാനം എൻെറ ഹൃദയത്തെപ്പിളന്നു പുറത്തിറങ്ങുന്നു. (പ്രകാശം)

നിപുണികേ ഭവതി സംഗീതം നിൎത്തിയുംവച്ചു് ങ്ങോട്ടാണു പുറപ്പെട്ടിരിക്കുന്നതു്.

നിപുണിക- ദേവിയുടെ കല്പനപ്രകാരം അങ്ങേക്കാണാൻ തന്നെ.

വിദൂഷകൻ- തത്രഭവതി എന്തു കല്പിക്കുന്നു.

നിപുണിക- "അങ്ങെല്ലായ്പ്പോഴും എങ്കൽ പക്ഷപാതമുള്ള ആളാണു്. വ്യസനത്തെ അനുഭവിക്കുന്ന

വളായി ഏററവും ദുഃഖിതയായിരിക്കുന്ന എന്നെക്കു റിച്ചോരിക്കലും ഉപേക്ഷ വിചാരിക്കുന്നില്ല." എന്നാ ണു ദേവി കല്പിക്കുന്നതു്.

വിദൂഷകൻ- തോഴരു തത്രഭവതിക്കെന്തൊണു വി പരീതം പ്രവൎത്തിച്ചതു്.

നിപുണിക- സ്വാമി യാവളൊരുത്തി നിമിത്തം ഉൽക്കണ്ഠിതനായിരിക്കുന്നുവോ ആ സ്ത്രീയുടെ പേരു കൊണ്ടുവിട്ടുന്നു ദേവിയെ വിളിച്ചു സംസാരിച്ചു.

വിദൂഷകൻ- (വിചാരം) തോഴരു രഹസ്യവൎത്തമാനം പൊട്ടിച്ചു പുറത്താക്കിയോ. ഞാൻ ഇനിയും എന്തി നു നാവിനെ തടഞ്ഞു നിൎത്തുന്നതുകൊണ്ടുള്ള ഈ ദുഃഖം അനുഭവിക്കുന്നു. [പ്രകാശം]

തോഴരു ദേവിയെ ഉവ്വശിയെന്നു വിളിച്ചു ഇല്ലെ. ആ ദേവസ്ത്രീയെ കണ്ടു ഭ്രാന്തു പിടിച്ചിരിക്കുന്ന അദ്ദേ ഹം ദേവിയെമാത്രമല്ല വിനോദങ്ങളിലൊന്നിലും ത ന്നെ ആഭിമുഖ്യമില്ലാത്തയാളായിട്ടെന്നേയും ദുഃഖിപ്പി ക്കുന്നു.

നിപുണിക- [വിചാരം] സ്വാമിയുടെ ഗോപ്യവൎത്ത മാനമാകുന്ന കോട്ട ഉപായം കൊണ്ടു ഞാൻ മുറിച്ചു. [പ്രകാശം]

എന്താണു ഞാൻ ദേവിയോടറിയിക്കേണ്ടതു്.

വിദൂഷകൻ- നിപുണികേ, ഞാൻ തോഴരെ ഈ മൃഗതൃഷ്ണയിങ്കൽ നിന്നു നിവൎത്തിപ്പിക്കാനായിട്ടുത്സാ ഹിക്കാം. ദേവിയെ പിന്നെ വന്നു കണ്ടുകൊള്ളാമെ ന്നു തത്രഭവതിയോടറിയിക്കണം.

നിപുണിക- അവിടുത്തെ കല്പനപോലെ ചെയ്യാം. [പോയി]

അണിയറയിൽ വൈതാളികൻ

മഹാരാജാവു സൎവ്വോൽക്കഷേണ വൎത്തിച്ചാലും.

ആലോകാന്താൽ കൃപാബ്ധ്യേ, കഠിനതരതമ-
സ്സാശു നീക്കുന്നതോൎത്താ-
ലീ ലോകൎക്കിബ്ഭവാനും ദിനകരനുമഹോ
ഭേദമില്ലേതുമിപ്പോൾ
ചേലോടാകാശമദ്ധ്യേ ഗ്രഹപതിമരുവു-
ന്നേകനായല്പനേരം
കാലേ സ്വാച്ഛന്ദ്യമിച്ഛിച്ചിഹ ദിവസമതിൻ
ഷഷ്ഠഭാഗേ ഭവാനും. 1

വിദൂഷകൻ ചെവികൊടുത്തിട്ടു്

തോഴരു ധൎമ്മാസനത്തിങ്കൽ നിന്നെണീററിതാ ഇങ്ങോട്ടു തന്നെ വരുന്നു. ഇനി അദ്ദേഹത്തിൻെറ അടുക്കലേക്കു പോവുക തന്നെ. [പോയി]

# രണ്ടാം അങ്കം.

---

അനന്തരം ഉൽക്കണ്ഠിതനായിരിക്കുന്ന രാജാവും വിദൂഷകനും പ്രവേശിക്കുന്നു.

രാജാ—

തണ്ടാർശരൻവിട്ടമമോഘശരങ്ങൾകൊണ്ടി-
ട്ടുണ്ടായനല്ലവഴിയാണ്ടെഴമെൻെറ ചിത്തേ
വണ്ടാറണിക്കുഴലിയാം സുരലോകനാരി
കണ്ടപ്പൊഴേ കളവതല്ല കടന്നുകൂടി. 2

വിദൂഷകൻ— [വിചാരം] തപസ്വിനിയായിരിക്കുന്ന ആ കാശിരാജപുത്രിക്കു ദുഃഖം ഉണ്ടായതു തന്നെയാണു്.

രാജാ— ഗോപ്യവൎത്തമാനമാകുന്ന നിക്ഷേപത്തെ രക്ഷിക്കുന്നില്ലേ.

വിദൂഷകൻ— [വിചാരം] ആ പുംശ്ചലീപുത്രി എന്നെച്ചതിച്ചു. അല്ലെങ്കിൽ തോഴരിപ്രകാരമെന്നോടു ചോദിക്കുന്നതെങ്ങനെ.

രാജാ— എന്താണങ്ങൊന്നും മിണ്ടാത്തതു്.

വിദൂഷകൻ— അവിടുത്തോടു തന്നെ ഞാൻ ഉടനെ ഉത്തരം പറയുന്നില്ലല്ലൊ. ഇപ്രകാരം തന്നെ ഞാൻ നാവിനെ തടുക്കുന്നു.

രാജാ— കൊള്ളാം. ഇങ്ങനെ തന്നെ വേണം. എന്നാൽ ഇനി വ്യാകുലമനസ്സായിരിക്കുന്ന ആത്മാവി

നെ സന്തോഷിപ്പിക്കുവാനായിട്ടെവിടെയാണു പോകേണ്ടതു്.

വിദൂഷകൻ- നമുക്കടുക്കിളപ്പുരയിലേക്കു തന്നെ പോകാം. അവിടെ പഞ്ചവിധത്തിലുള്ള ഭക്ഷണസാധനങ്ങളെക്കൊണ്ടു നിറെക്കപ്പെട്ടിരിക്കുന്ന ആ പാത്രങ്ങൾ കണ്ടാൽ നമുക്കു വലുതായിരിക്കുന്ന ഉൽക്കണ്ഠയെ വിട്ടുകളയുന്നതിനെളുപ്പമുണ്ടു്.

രാജാ- [ചിരിച്ചുംകൊണ്ടു്] അവിടെ അങ്ങേക്കാഗ്രഹമുള്ള സാധനങ്ങൾ ധാരാളമുള്ളതുകൊണ്ടങ്ങു സന്തോഷിക്കും. കിട്ടാത്ത വസ്തുവിനെക്കുറിച്ചാഗ്രഹിക്കുന്ന ആത്മാവിനെ ഞാനെങ്ങനെ സന്തോഷിപ്പിക്കുന്നു?

വിദൂഷകൻ- തത്രഭവതി ഉവ്ശി തോഴരെക്കണ്ടോ.

രാജാ- അതുകൊണ്ടെന്താണു്.

വിദൂഷകൻ- എന്നാലവൾ ദുർല്ലഭയല്ലെന്നാണിനിക്കു തോന്നുന്നതു്.

രാജാ- അതു പക്ഷപാതം കൊണ്ടു തോന്നുന്നതാണു്.

വിദൂഷകൻ- തോഴരു തന്നെ ഇങ്ങനെ പറയുന്നതുകൊണ്ടിനിക്കു വളരെ കൌതുകം തോന്നുന്നു. തത്രഭവതി ഉവ്വ്ശി എന്നെപ്പോലെ സൌന്ദയ്യമുള്ളവളാണൊ. അഥവാ ഇതിലും അധികം സൌന്ദയ്യമുണ്ടോ.

രാജാ– [ചിരിച്ചുംകൊണ്ട്] ഹേ മാണവകാ, ആ ആകൃതിയുടെ അവയവങ്ങളെ പ്രത്യേകം പ്രത്യേകം വൎണ്ണിക്കുന്ന കാൎയ്യം അസാദ്ധ്യം തന്നെയാണെന്നു മനസ്സിലാക്കിക്കൊള്ളൂ. ആകപ്പാടെ ഒന്നു കേൾക്കൂ.

വിദൂഷകൻ– ഇതാ ഞാൻ കാത്തിരിക്കുന്നു.

രാജാ– അണിഭൂഷണത്തിനൊരുഭൂഷണം സഖേ,
അണികെന്ന കൎമ്മമതിനിന്നണിച്ചിലും
ഉപമാനവസ്തുവതിനൊക്കെ മുഖ്യമാ-
മുപമാനമായവൾ ശരീരമോൎക്കുകിൽ. 3

വിദൂഷകൻ– അതുകൊണ്ടല്ലേ തോഴരു ദിവ്യരസാഭിലാഷിയായിട്ടി ചാതകവ്രതത്തെ എടുത്തിരിക്കുന്നതു്.

രാജാ– ഉൽക്കണ്ഠയോടുകൂടിയിരിക്കുന്ന ഹൃദയത്തിനു വിജനസ്ഥലമല്ലാതെ വേറേ ഒരാശ്രയമില്ല. അതുകൊണ്ടങ്ങുദ്യാനത്തിലേക്കു വഴി കാണിക്കൂ.

വിദൂഷകൻ– [വിചാരം] എന്താണു ചെയ്ക. കൂടാതെ കഴികയില്ലല്ലോ. [പ്രകാശം] അവിടുന്നു ഇതിലെ ഇതിലെ. [ചുററി നടന്നിട്ടു്] ഇതാ ഉദ്യാനത്തിങ്കൽനിന്നു വരുന്ന ഈ മലയമാരുതൻ അതിഥിയെ എന്നപോലെ ഭവാനെ എതിരേൽക്കുന്നു.

രാജാ– [നോക്കീട്ടു്] ഈ വായുവിനു വിശേഷമുള്ളതു തന്നെയാണു്. ഇതാ ഇവൻ
മന്ദം മാധവിയായിടും ലതികയെ
സ്സംസേചനംചെയ്തുകൊ-
ണ്ടനൃൂനം ബത കൌന്ദിയാം ലതികയേ
ലാളിച്ചുകൊണ്ടും പരം

സാന്ദ്രസ്നേഹരസത്തൊടൊത്തു നിതരാം
ദാക്ഷിണ്യമോട്ടം വിള-
ങ്ങുന്നു കാമിയതെന്നപോലയി സഖേ,
തോന്നുന്നു മന്മാനസേ. 4

വിദൂഷകൻ- അവിടെക്കുള്ള ആസക്തിയും ഇപ്രകാരം തന്നെ ഭവിക്കും. അവിടുന്നുദ്യാനദ്വാരത്തെ പ്രവേശിച്ചാലും.

രാജാ- അങ്ങു തന്നെ മുമ്പെ കടക്കു.

രണ്ടുപേരും പ്രവേശിക്കുന്നു.

രാജാ- [നോക്കീട്ട്] സഖേ, താപപരിഹാരത്തിന്നായിട്ടുദ്യാനത്തെ പ്രവേശിക്കണമെന്നു ഞാൻ പറഞ്ഞതു നല്ലപോലെ ആലോചിക്കാതെയാണ്.

ഉദ്യാനദർശനവശാൽ പരിതാപശാന്തി-
ക്കുദ്യോഗമാന്നു ജവമോടഹമായതോർത്താൽ
കെല്പാർന്നൊഴുക്കിലലയുന്നവനങ്ങു നേരേ
മേല്പോട്ടു കേറുവതിനായ്ത്തുണിയുന്നപോലെ. 5

വിദൂഷകൻ- അതെങ്ങനെയാണ്.

രാജാ- കിട്ടാൻ ദുർഘടമായതിങ്കലധികം
മോഹിക്കയാൽ മുന്നമേ
മട്ടാർസായകനെന്റെ ചിത്തമതിനേ
നട്ടം തിരിക്കുന്നഹോ
ഒട്ടുക്കാശു തളിർത്തു ദക്ഷിണമരു-
ത്തൊത്തുള്ളൊരുദ്യാനമാം
മൊട്ടൻപോടിഹ കണ്ടിടുന്നളവിലെ-:
ന്നയ്യോ കഥിക്കേണമോ. 6

വിദൂഷകൻ— വിലപിക്കേണ്ട. സ്ത്രീസമ്പാദനസഹായിയായിരിക്കുന്ന കാമദേവൻ തന്നെ അവിടെക്കു താമസിയാതെ സുഖകരനായിത്തീരും.

രാജാ— ബ്രാഹ്മണവചനത്തെ ഞാൻ സ്വീകരിച്ചിരിക്കുന്നു. [രണ്ടുപേരും ചുററി നടക്കുന്നു.]

വിദൂഷകൻ— വസന്താരംഭത്തെ സൂചിപ്പിക്കുന്ന ഈ ഉദ്യാനത്തിൻെറ ഒരു ഭംഗിയെ അവിടുന്നു കണ്ടാലും.

രാജാ— എന്നാൽ ഞാൻ ഈ വൃക്ഷങ്ങളെ പ്രത്യേകം പ്രത്യേകം നോക്കിക്കൊണ്ടട്ടെ. ഇതാ ഇവിടെ

മുമ്പിൽ സ്ത്രീനഖശോണമാം കുരവകം,
പാർശ്വങ്ങളിൽ ശ്യാമമാം
വൻപേരുന്നൊരശോകവും വിട്ടുവാൻ
പോകുന്നു രാഗോജ്വലം,
മാമ്പൂവൊട്ടു വിടന്നു മഞ്ഞനിറമാ-
യററം രജസ്സാൽ; സഖേ,
ജൃംഭിക്കുന്നിതു മൌഗ്ദ്ധ്യയൌവനദശാ-
മദ്ധ്യേ മധുശ്രീ പരം. 7

വിദൂഷകൻ— രത്നത്തറയോടുകൂടിയിരിക്കുന്ന ഈ ലതാമണ്ഡപം വണ്ടുകളുടെ സമ്മേളനം ഹേതുവായിട്ടു വീണുകിടക്കുന്ന പുഷ്പങ്ങളാൽ മൂടപ്പെട്ടതായിട്ടു താൻ തന്നെ കാഴ്ചദ്രവ്യം എടുത്തുംകൊണ്ടെന്നപോലെ ഭവാനെ കാത്തു നില്ക്കുന്നു. അതിനാൽ ഇപ്പോൾ ഇതിനെ അനുഗ്രഹിച്ചാലും.

രാജാ- അങ്ങേടെ ഇഷ്ടം പോലെ ആകട്ടെ.
[രണ്ടുപേരും ചുററി നടന്നിട്ട് ഇരിക്കുന്നു.]

വിദൂഷകൻ- അവിടുന്നിവിടെ സുഖമാകുംവണ്ണമിരുന്ന് ഈ മനോഹര ലതകളെ കണ്ടുകൊണ്ടുവ്വശിയെക്കുറിച്ചുൽക്കണ്ഠിതമായിരിക്കുന്ന ഹൃദയത്തെ വിനോദിപ്പിച്ചാലും.

രാജാ- [ദിർഘശ്വാസമിട്ടിട്ട്]

വിദ്യുൽപ്രഭം വിനതശാഖകൾ പൂണ്ടു പൂത്തു-
ള്ളുദ്യാനവല്ലികളിലും തെളിവിൽ സഖേ, മേ
തദ്‌രൂപദശ്നവശാലിളകിച്ചമഞ്ഞോ-
രിദ്‌ദൃഷ്ടി ഹന്ത ദൃഢമായ്പ്പതിയുന്നതില്ല. 8

അതുകൊണ്ടെങ്ങനെയായാലാണീ ആഗ്രഹം സാധിക്കുന്നതെന്നു വച്ചാൽ അപ്രകാരമുള്ള ഒരുപായം ആലോചിക്കു.

വിദൂഷകൻ- [ചിരിച്ചിട്ട്] ഹേ. അഹല്യാകാമുകനായിരിക്കുന്ന മഹേന്ദ്രനു വജ്രായുധവും ഉവ്വശീകാമുകനായിരിക്കുന്ന അവിടേക്കു ഞാനും ഞങ്ങൾ രണ്ടുപേരും ഇവിടെ അസമത്ഥന്മാരാകുന്നു.

രാജാ- ഐഃ അങ്ങനെയല്ല. അതിസ്നേഹംതന്നെയാണു കാൎയ്യം കാണിച്ചുതരുന്നതു്.

വിദൂഷകൻ- ആട്ടെ, ഞാൻ വിചാരിക്കാം. എന്നാൽ പിന്നെ ഇടയ്ക്കു വിലാപം കൊണ്ടെന്റെ സമാധി ഇളക്കിത്തീക്കരുതു് [വിചാരത്തെ നടിക്കുന്നു.]

രാജാ- [ശുഭലക്ഷണത്തെ നടിച്ചിട്ട് വിചാരം]

പൂർണ്ണേന്ദുചാരുമുഖി ദുർല്ലഭ പിന്നെയെന്നി-
ലണ്ണോജസായകവിചേഷ്ടിതമെന്തിവണ്ണം
ഇന്നിഷ്ടസിദ്ധികളുട്ടത്തിഹ വന്നപോലെ
സാന്ദ്രപ്രമോദമിയലുന്നിതു മാനസം മേ. 9

(അനന്തരം വിമാനത്തിൽ കേറി ഉർവ്വശിയും ചിത്രലേഖയും പ്രവേശിക്കുന്നു.

ചിത്രലേഖ– ഹേ അകാരണമായിട്ടെങ്ങോട്ടാണു പോണതു്.

ഉർവ്വശി– സഖീ, അന്നു ഹേമകൂടശിഖരത്തിൽവച്ചു് ആ കൊമ്പിൽ ഉടക്കിക്കുറച്ചുനേരം പോകാൻ പാടില്ലാതെ നിന്നപ്പോൾ എന്നെപ്പരിഹസിച്ചും വച്ചിപ്പോൾ നീ ചോദിക്കുന്നോ.

ചിത്രലേഖ– ആ പുരൂരവസ്സാകുന്ന രാജർഷിയുടെ അടുക്കലേക്കു പുറപ്പെട്ടിരിക്കയാണോ?

ഉർവ്വശി– പിന്നെയൊ ഇതിനിക്കൊരു നാണംകെട്ട ഉത്സാഹമാണു്.

ചിത്രലേഖ– എന്നാലങ്ങോട്ടു സഖി മുമ്പേ ആരെയാണയച്ചിരിക്കുന്നതു്.

ഉർവ്വശി– എന്റെ ഹൃദയത്തെത്തന്നെ.

ചിത്രലേഖ– ശരി. ഇപ്പോൾ നല്ലവണ്ണം മനസ്സിലായി. പിന്നെപ്പോകാനായിട്ടു ഭവതിയെ ഇപ്പോൾ നിയോഗിക്കുന്നതാരാണു്.

ഉർവ്വശി– കാമദേവൻ തന്നെയാണെന്നെ ഇപ്പോൾ നിയോഗിക്കുന്നതു്.

ചിത്രലേഖ- എന്നാലിനിക്കിനി ഒന്നും പറയാനില്ല.

ഉവ്വശി- അതുകൊണ്ടെങ്ങനെ പോയാലാണു നമുക്കു വിഘ്നമൊന്നും കൂടാതിരിക്കുന്നതെന്നു വച്ചാൽ ആ വഴി പറഞ്ഞുതരു.

ചിത്രലേഖ- സഖീ, ധൈൎയ്യത്തോടുകൂടിയിരിക്കു. ഭഗവാൻ ബൃഹസ്പതി ശരീരാലങ്കാരത്തെ ബന്ധിക്കുന്നതിനുള്ള അപരാജിതയാകുന്ന മന്ത്രത്തെ ഉപദേശിച്ചപ്പോൾ നമ്മളെ അസുരന്മാക്കുപോലും അതിക്രമിപ്പാൻ കഴികയില്ലാതെ ആക്കിയിരിക്കുന്നു.

ഉവ്വശി- സഖീ, ഞാനെല്ലാമോക്കുന്നു. [സിദ്ധമാർഗ്ഗത്തെ കടക്കുന്നു.]

ചിത്രലേഖ- സഖീ, ഇതു നോക്കു നോക്കു. യമുനയോടുള്ള സംഗമം നിമിത്തം വിശിഷ്ടമായി പവിത്രമായിരിക്കുന്ന ഗംഗാഭഗവതിയുടെ ഈ ജലത്തിൽ തൻെറ പ്രതിബിംബത്തെ നോക്കി നിൽക്കുന്നുവോ എന്നു തോന്നുമാറായിരിക്കുന്ന ഈ പ്രതിഷ്ഠാനനഗരത്തിൻെറ ശിരോലങ്കാരഭൂതമായിരിക്കുന്ന രാജഷിയുടെ ഭവനത്തെ നമ്മൾ പ്രാപിച്ചിരിക്കുന്നു.

ഉവ്വശി- [ആഗ്രഹത്തോടുകൂടി നോക്കീട്ട്] സ്വർഗ്ഗം സ്ഥലം മാറി വന്നിരിക്കുന്നു എന്നു തന്നെ വേണം പറയാൻ. [വിചാരിച്ചിട്ട്] ദീനദയാലുവായിരിക്കുന്ന അദ്ദേഹം എവിടെ ആയിരിക്കും.

ചിത്രലേഖ- നമുക്കു നന്ദനവനപ്രദേശംപോലെ ഇരിക്കുന്ന ഈ ഉദ്യാനത്തിങ്കൽ ഇറങ്ങിയറിയാം.

[രണ്ടുപേരും ഇറങ്ങുന്നു]

ചിത്രലേഖ- [രാജാവിനെക്കണ്ടിട്ടു്] സഖീ, ഇതാ ഇദ്ദേഹം പ്രഥമതിഥിയിൽ ഉദിച്ചിരിക്കുന്ന ചന്ദ്രഭഗവാൻ ചന്ദ്രികയെ എന്നപോലെ നിന്നെ കാത്തിരിക്കുന്നു.

ഉർവ്വശി- [കണ്ടിട്ടു്] സഖീ, ഈ രാജർഷിക്കാദ്യം കണ്ടപ്പോൾ ഉണ്ടായിരുന്നതിലും അധികം സൌന്ദര്യം ഇപ്പോൾ ഉണ്ടെന്നിനിക്കു തോന്നുന്നു.

ചിത്രലേഖ- ശരിയാണു്.

ഉർവ്വശി- ഇദ്ദേഹം അടുക്കൽ ഇരിക്കുന്ന ഇഷ്ടനോടു കൂടി വിജനസ്ഥലത്തുവച്ചെന്തൊ ഒന്നാലോചിച്ചും കൊണ്ടിരിക്കയാണു്. നമുക്കു തിരസ്കരണികൊണ്ടു മറഞ്ഞടുക്കൽ പോയി നിന്നു കേൾക്കാം [രണ്ടു പേരും അപ്രകാരം ചെയ്യുന്നു.]

വിദൂഷകൻ- ഹേ, ദുർല്ലഭയായിരിക്കുന്ന പ്രിയതമയെ ലഭിക്കാനുള്ള ഉപായം വിചാരിച്ചു. [രാജാ മിണ്ടാതെയിരിക്കുന്നു]

ഉർവ്വശി- ആ സ്ത്രീ ഏതായിരിക്കും. യാവളൊരുത്തി ഇദ്ദേഹത്തിൻെറ പ്രാർത്ഥനയ്ക്കു ഹേതുവായിട്ടു ചാരിതാർത്ഥ്യത്തെ ലഭിക്കുന്നു.

ഉർവ്വശി- ദിവ്യത്വം കൊണ്ടറിയുന്നതിനിപ്പോൾ ഞാൻ ശക്തയല്ല.

വിദൂഷകൻ- ലഭിക്കാനുള്ള ഉപായം വിചാരിച്ചു എന്നു ഞാൻ പറഞ്ഞതു കേട്ടില്ലെ.

രാജാ- എന്നാൽ പറയൂ.

വിദൂഷകൻ- ഉറങ്ങീട്ടു സ്വപ്നത്തിൽ കാണുക. അല്ലെങ്കിൽ തത്രഭവതി ഉർവ്വശിയുടെ ചിത്രപടവും കണ്ടുംകൊണ്ടിരിക്കുക.

ഉവ്ശി- [വിചാരം] ദുർബ്ബലമായ ഹൃദയമേ, ആശ്വസിക്ക് ആശ്വസിക്ക്.

രാജാ- ഇതു രണ്ടും നടക്കാത്തതാണ്.

ചെന്താരമ്പൻെറ ചെന്തീക്കനലിനൊടെതിരാ-
　　മമ്പുകൊണ്ടന്തരംഗം
വെന്തിട്ടന്നെന്തു പാൎത്താലൊരുപൊഴുതുമുറ-
　　ങ്ങാതഹോ സ്വപ്നമുണ്ടോ
പന്തൊക്കും കൊങ്കയാളാം പ്രിയതമയവൾതൻ
　　ചിത്രവും നേത്രയുഗ്മേ
ചിന്തും ബാഷ്പാൽ സഖേ, മേ മുഴുവനുമെഴുതി-
　　ക്കാണുവാൻ ത്രാണിയില്ലേ. 10

ചിത്രലേഖ- നീ കേട്ടില്ലെ.

ഉർവ്വശി- ഞാൻ കേട്ടു എങ്കിലും മനസ്സിനു നല്ല തുഷ്ടിയായിക്കഴിഞ്ഞില്ല.

വിദൂഷകൻ- ഇനിക്കിത്രമാത്രമേ ബുദ്ധിസാമൎത്ഥ്യമുള്ളൂ.

രാജാ- [ദീർഘശ്വാസത്തോടുകൂടി]

മാനേലുംമിഴിയെൻ മനോവ്യഥയറി-
　　ച്ചീടായ്കയോ ദിവ്യമാം
ജ്ഞാനത്താലഖിലം ഗ്രഹിച്ചിതവമാ-
　　നിക്കുന്നതോ.ഹന്ത മാം

മാനംചേൎന്ന ജന്മേ സമാഗമമനോ-
രാജ്യത്തിനാലീവിധം
ദീനത്വം മമ ചേൎത്തുകൊണ്ടു സുഖിയായ്
പാൎക്കട്ടെ പഞ്ചായുധൻ. 11

ചിത്രലേഖ- നീ കേട്ടില്ലേ.

ഉൎവ്വശി- കഷ്ടം കഷ്ടം. മഹാരാജാവെന്നേയും ഇങ്ങനെ വിചാരിക്കുന്നല്ലോ. ഇദ്ദേഹത്തിന്റെ മുമ്പിൽ നിന്നിതിനു മറുപടി പറയാൻ ഇനിക്കു സാമൎത്ഥ്യമില്ല. ദിവ്യശക്തികൊണ്ടു ഭൂൎജ്ജവൃക്ഷപത്രം നിൎമ്മിച്ചു് അതിൽ ഉത്തരം എഴുതിക്കൊടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ചിത്രലേഖ- ഇതിനിക്കും സമ്മതമാണു്.

[ഉൎവ്വശി സംഭ്രമത്തോടുകൂടി എഴുത്തെഴുതിയിടുന്നു.]

വിദൂഷകൻ [കണ്ടിട്ടു സംഭ്രമത്തോടുകൂടി] അയ്യോ അയ്യോ തോഴരെ, ഇതാ പാമ്പിന്റെ പടംപോലെ ഇരിക്കുന്ന ഏതാണ്ടെന്റെ നേരെ വരുന്നു.

രാജാ- [സൂക്ഷിച്ചു നോക്കീട്ടു്] ഇതു ഭൂൎജ്ജപത്രത്തിൽ എഴുതിയിരിക്കുന്ന എഴുത്താണു്.

വിദൂഷകൻ- എന്നാലിനിക്കു നിശ്ചയമുണ്ടു്. തത്രഭവതി ഉൎവ്വശി തോഴരുടെ വിലാപം കേട്ടിട്ടു തന്റെ അനുരാഗത്തെസൂചിപ്പിക്കാനായിഎഴുതിയിട്ടതാണു്.

രാജാ- മനോരാജ്യമിന്നപ്രകാരമേ ആകാവൂ എന്നില്ലല്ലോ. [എടുത്തു വായിച്ചുനോക്കീട്ടു സന്തോഷത്തോടുകൂടി] ഹേ അങ്ങേടെ വിചാരം ശരിയായി.

വിദൂഷകൻ– ഇപ്പോൾ അവിടുന്നു പ്രസാദിക്കണം. ഇനിക്കിതിൽ എഴുതിയിരിക്കുന്നതൊന്നു വായിച്ചുകേട്ടാൽ കൊള്ളാമെന്നുണ്ടു്.

ഉവ്ശി– ആൎയ്യാ നന്നു്. അങ്ങു നാഗരികനാണു്.

രാജാ– സഖേ, കേൾക്കൂ.

വിദൂഷകൻ– ഇതാ ഞാൻ മനസ്സിരുത്തി കാത്തിരിക്കുന്നു.

രാജാ– [വായിക്കുന്നു] അല്ലയൊ സ്വാമിൻ, അവിടുന്നു ഹീനപുണ്യയായ എന്നെ യാതൊരുപ്രകാരമായാൽ സംഭാവനം ചെയ്യാതെ ഇരിക്കുമൊ അപ്രകാരമാണു ഞാൻ അനുരാഗയുക്തനായിരിക്കുന്ന ഭവാനെക്കുറിച്ചു് എങ്കിൽ

പാരിജാതസുമനിൎമ്മിതമാകു-
ന്നോരു ശയ്യയിയലും മമ ദേഹേ
ചാരുനന്ദനവനാനിലനും ഹാ
ഘോരമുഷ്ണതരനാവതിതെന്തേ.

ഉവ്ശി– ഇദ്ദേഹം ഇപ്പോൾ എന്താണാവൊ പറയാൻ പോണതു്.

വിദൂഷകൻ– ബുഭുക്ഷിതനായ ഇനിക്കു ദൈവഗത്യാ കാൽകഴകിച്ചൂട്ടിനുള്ള ക്ഷണം എന്നപോലെ സമാശ്വാസകരമായിരിക്കുന്ന ഇതവിടേക്കും കിട്ടിയിരിക്കുന്നു.

രാജാ– എന്താണു പറഞ്ഞതു്. സമാശ്വാസകരമെന്നൊ.

പത്രത്തിൽ തുല്യരാഗപ്രചുരിമ പരിസൂ-
ചിക്കവാൻ തക്കവണ്ണം
മുഗ്ദ്ധാത്ഥത്തോടുമോമൽപ്രിയതമയെഴുതി-
ച്ചേത്ത വൃത്താന്തമോത്താൽ
അത്യത്ഥോന്മേഷമാന്നാ മദിരമിഴിമണി-
ത്തയ്യലാംക്കുള്ള വക്ത്രം
മദചക്ത്രത്തോടിദാനീം പ്രിയസഖ, ചിതമായ്
ചേന്നപോൽ തോന്നിടുന്നു. 12

ഉവ്വശി- ഇപ്പോഠം നമുക്കു രണ്ടുപേക്കും സന്തോഷം ഒരുപോലെയായി.

രാജാ- സഖേ, എൻെറ കൈവിരലുകളിലെ വിയർപ്പുകൊണ്ടു് അക്ഷരങ്ങഠം ദുഷിച്ചേക്കും. അതുകൊണ്ടു പ്രിയതമയുടെ ഈ കയ്യെഴുത്തങ്ങു പിടിച്ചോളു.

വിദൂഷകൻ- അങ്ങനെതന്നെ [എഴുത്തു വാങ്ങിച്ചിട്ടു്] എന്നാൽ തത്രഭവതി ഉവ്വശി അവിടുത്തെ മനോരഥവൃക്ഷത്തിൻെറ പുഷ്പത്തെക്കാണിച്ചിട്ടു പിന്നെ ഫലത്തിൽ അമാന്തിക്കുന്നതെന്താണു്.

ഉവ്വശി- സഖി, ഇപ്പോഠം നേരിട്ടു ചെല്ലാൻ ധൈയ്യമില്ലാത്ത ഹൃദയത്തെ ഞാൻ ഉറപ്പിക്കട്ടെ. നീ അദ്ദേഹത്തിനു നിന്നെക്കാണാറാക്കീട്ടു ഞാൻ പറയേണ്ടതിനെപ്പറയണം.

ചിത്രലേഖ- അങ്ങനെ തന്നെ.

[തിരസ്കരണി മാററി രാജാവിൻെറ അടുക്കൽ ചെന്നിട്ടു്]

മഹാരാജാവു ജയിച്ചാലും.

രാജാ– [സന്തോഷത്തോടുകൂടി] ഭവതിക്കു സുഖം തന്നെ യല്ലെ.

മംഗല്യഗാത്രി മമ നീയിഹ ഗംഗയോടു
സംഗിച്ചിടാത്ത യമുനാനദിയെന്നപോലെ
ചങ്ങാതിയാമവളൊടെന്നിയെ വന്നമൂലം
തുംഗപ്രമോദമതുപോലെ തരുന്നതില്ല. 13

ചിത്രലേഖ– ആദ്യം കാദംബനി കാണപ്പെടുന്നു. പിന്നെയല്ലെ വിദ്യല്ലത.

വിദൂഷകൻ– [വിചാരം] അപ്പോൾ ഇവളുവ്ശിയല്ല. അല്ലെ! ഇവളാത്തത്രഭവതിയുടെ ഇഷ്ടസഖിയാണ്.

ചിത്രലേഖ– ശിരസ്സുകൊണ്ടു നമസ്കരിച്ചറിയിക്കുന്നു.

രാജാ– എന്താണു നിയോഗിക്കുന്നതു്.

ചിത്രലേഖ– "ഇനിക്കസുരന്മാരിൽ നിന്നുണ്ടായ ദുഃഖത്തിങ്കൽ മഹാരാജാവുതന്നെ ശരണമായിട്ടു ഭവിച്ചു. ആ എന്നെ ഇപ്പോൾ അവിടുത്തെ സന്ദശ്നസംജാതനായിരിക്കുന്ന കാമദേവൻ കഠിനമായി ഉപദ്രവിക്കുന്നു. ഇനിയും മഹാരാജാവിൻെറ കരുണ തന്നെ ഉണ്ടാകണം." എന്നു്.

രാജാ– അല്ലയൊ സുന്ദരി

ചൊല്ലേറുന്നവളേററമുത്സുകയതെ-
ന്നോതുന്നു നീ കണ്ടിട്ട-
ന്നില്ലാഹന്ത പുരൂരവസ്സിനവളെ-
ക്കൊണ്ടിട്ടുള്ളരിസ്സങ്കടം

തുല്യം തന്നിരുപേരിലും പ്രണയമി-
ക്കാമന്നഹോ തപ്തമാ-
യുള്ളോന്നോടിഹ തപ്തവസ്തുഘടനേ
യോക്താവിനെന്നോണമേ. 14

ചിത്രലേഖ- [ഉൎവ്വശിയുടെ അടുക്കൽ ചെന്നിട്ട്] നിനക്കുള്ളതിലധികം കാമപാരവശ്യം കണ്ടിട്ടു ഞാൻ പ്രിയവയസ്യനായിരിക്കുന്ന അദ്ദേഹത്തിൻെറ ദൂതിയായിത്തീൎന്നിരിക്കുന്നു.

ഉൎവ്വശി- [തിരസ്കരണി നീക്കീട്ട്] സഖി, ചിത്രലേഖേ, നീ എന്നെ ഉപേക്ഷിച്ചു. ഇല്ലെ.

ചിത്രലേഖ- ഇനിമേൽ അറിയാം, ആരാണ് ആരെയാണ് ഉപേക്ഷിക്കുന്നതെന്ന്. വേണ്ടതുപോലെ ആചാരം ചെയ്യു.

ഉൎവ്വശി- [ലജ്ജയോടുകൂടി] മഹാരാജാവു ജയിച്ചാലും. [നമസ്കരിക്കുന്നു]

രാജാ- അല്ലയൊ സുന്ദരി.

അയി നിൻമൊഴിയാലേ ഞാൻ
ജയിച്ചേൻ ദേവനായകാൽ
പ്രിയേ, പ്രാപിച്ചതല്ലോൎത്താൽ
ജയശബ്ദമിതന്യനെ. [പിടിച്ചെണീപ്പിക്കുന്നു] 15

വിദൂഷകൻ- മഹാരാജാവിൻെറ പ്രിയവയസ്യനായ ബ്രാഹ്മണനെ വന്ദിക്കാത്തതെന്താണ്. [ഉൎവ്വശി ചിരിച്ചുംകൊണ്ടു നമസ്കരിക്കുന്നു]

വിദൂഷകൻ- ഭവതിക്കു നല്ലതു വരട്ടെ.

ചിത്രലേഖേ, ഉവ്വശി വേഗത്തിൽ വരാൻ പറയു.

പെട്ടെന്നക്ഷരസങ്ങൾചേൎന്നുവിലസ്സു-
ന്നോരാ പ്രയോഗം മുനി-
ശ്രേഷ്ഠൻ ശ്രീഭരതാഭിധൻ ഭവതികൾ-
ക്കപ്പ്ിച്ചതിപ്പോൾ ജവാൽ
പുഷ്ടാമോദമിയന്നുകൊണ്ടഭിനയി-
ച്ചൻപോടു കണ്ടിടുവാൻ
തുഷ്ട്യാ സംപ്രതി ലോകപാലയുതനായ്
മേവുന്നു ദേവേന്ദ്രനും. 16

[എല്ലാവരും കേൾക്കുന്നു]

[ഉവ്വശി വിഷാദത്തെ നടിക്കുന്നു]

ചിത്രലേഖ- ദേവദൂതന്റെ വാക്കു സഖി കേട്ടില്ലെ. മഹാരാജാവിനോടനുവാദം ചോദിക്കു.

ഉവ്വശി- ഇനിക്കു വാക്കു പുറപ്പെടുന്നില്ല.

ചിത്രലേഖ- അല്ലയൊ മഹാരാജാവേ, പരാധീനമായിരിക്കുന്ന ഈ ജനം ദേവകൾക്കപരാധം ചെയ്യു എന്നു വരാതെ ഇരിക്കാനായിട്ടു മഹാരാജാവിനാൽ വിട്ടയക്കപ്പെടണമെന്നാഗ്രഹിക്കുന്നു.

**രാജാ**- [പണിപ്പെട്ടു ഹൃദയത്തെ ഉറപ്പിച്ചിട്ട്] **ഭവതികൾക്കു സ്വാമികല്പനയുടെ വിരോധിയായിട്ടു ഞാൻ ഭവിക്കുന്നില്ല. ഈ ജനത്തെക്കൂടി വിചാരിച്ചുകൊള്ളണം.**

[ഉവ്വശി വിയോഗദുഃഖത്തെ നടിച്ചുംകൊണ്ടു സഖിയോടുകൂടി പോയി.

**രാജാ**- [ദീൎഘശ്വാസത്തോടുകൂടി] **സഖേ, കണ്ണിപ്പോൾ നിഷ്ഫലം തന്നെയായി.**

വിദൂഷകൻ- ഹേ. (എന്നു പകുതി പറഞ്ഞിട്ടു വിചാരം) അയ്യൊ കഷ്ടം കഷ്ടം. ഉൎവ്വശിയെ കണ്ടു വിസ്മയിച്ചു നിന്ന ഞാൻ ഭൂൎജ്ജപത്രം കയ്യിൽനിന്നു വീണുപോയിട്ടുതന്നെ അസ്ഥാളിത്തം കൊണ്ടറിഞ്ഞില്ല.

രാജാ- സഖേ, എന്താണു പറയാൻ ഭാവിച്ചതു്.

വിദൂഷകൻ- അവിടുന്നു നിന്ദിക്കരുതു്. ഉൎവ്വശി നിശ്ചയമായിട്ടവിടുത്തേപ്പേരിൽ ഏററവും ബദ്ധഭാവയാണു്. അവൾ ഇവിടുത്തെക്കുറിച്ചുള്ള ഈ അനുരാഗബന്ധത്തെ ശിഥിലമാക്കുകയില്ല.

രാജാ- എൻെറ മനസ്സിലും ഇങ്ങനെതന്നെയാണു തോന്നുന്നതു്. അവൾ പോകുന്ന സമയം,

വശ്യം ശരീരമപരന്നതുകൊണ്ടു പാര-
വശ്യം മുഴുത്തു വലയും നിജമാനസത്തെ
നിശ്ശങ്കമെങ്കലവളൻപൊടു കൊങ്കതുള്ളും
നിശ്വാസതസ്സപദി ചേൎത്തതുപോലെ തോന്നും. 17

വിദൂഷകൻ- (വിചാരം) തത്രഭവാൻ ആ ഭൂൎജ്ജപത്രത്തിൻെറ കാൎയ്യം ഓൎത്തുകുമൊ എന്നു വിചാരിച്ചെൻെറ മനസ്സു പതറുന്നു.

രാജാ- വ്യാകുലമനസ്സായിരിക്കുന്ന ആത്മാവിനെ ഇപ്പോൾ എന്തുകൊണ്ടു സന്തോഷിപ്പിക്കുന്നു. (വിചാരിച്ചിട്ടു്) ആ ഭൂൎജ്ജപത്രം കൊണ്ടുവരു.

വിദൂഷകൻ- (വിഷാദത്തെ നടിച്ചിട്ടു്) കാണുന്നില്ല. ഉൎവ്വശി പോയ വഴിയെ അതും പോയി.

രാജാ- വിഡ്ഢ്യാൻ എല്ലാക്കാൎയ്യത്തിലും അസ്ഥാളിത്തക്കാരനാണു്. എന്നാൽ അന്വേഷിക്കു.

വിദൂഷകൻ- ഇവിടെ ഉണ്ടായിരിക്കും. ഇവിടെ ഉണ്ടായിരിക്കും. [നാട്യം കൊണ്ടന്വേഷിക്കുന്നു]

(അനന്തരം കാശിരാജപുത്രിയായ ദേവി പരിവാരങ്ങളോടുകൂടി പ്രവേശിക്കുന്നു)

ദേവി- എടീ നിപുണികേ, ആയ്യപുത്രൻ ആയ്യ മാണവകനോടുകൂടി ലതാഗൃഹത്തിലേക്കു പോകുന്നതുകണ്ടു എന്നു നീ പറഞ്ഞതു സത്യം തന്നെയാണൊ.

നിപുണിക- മററൊരു പ്രകാരം ഇതിനു മുമ്പ് അടിയൻ സ്വാമിനിയുടെ അടുക്കൽ അറിയിച്ചിട്ടുണ്ടൊ.

ദേവി- എന്നാൽ നീ പറഞ്ഞതു സത്യമൊ അല്ലയൊ എന്നു ഞാൻ ഈ ലതകളുടെ ഇടയിൽ മറഞ്ഞു നിന്നും കൊണ്ടിദ്ദേഹത്തിൻെറ ശങ്ക കൂടാതെയുള്ള ആലോചനകളെ കേൾക്കട്ടെ.

നിപുണിക- സ്വാമിനിയുടെ ഇഷ്ടം പോലെ ആകട്ടെ.

ദേവി- [ചുററി നടന്നിട്ട്] നിപുണികേ, ജീണ്ണവസ്ത്രഖണ്ഡത്തെ എന്നപോലെ തെക്കൻകാററടിത്തിങ്ങോട്ടു കൊണ്ടുവരുന്ന ഇതെന്താണ്.

നിപുണിക- [സൂക്ഷിച്ചുനോക്കീട്ട്] സ്വാമിനീ, ഉരുണ്ടുവരുന്നതുകൊണ്ടക്ഷരങ്ങൾ കാണാൻ തക്കതായ ഭൂജ്ജപത്രമാണ്. ഹേ, അത്ഭുതം തന്നെ. ഇതു സ്വാമിനിയുടെ കാൽച്ചിലമ്പിൻെറ അററത്തു വന്നുപററിയല്ലോ. [എടുത്തിട്ട്] ഇതു വായിക്കട്ടെ.

ദേവി– നീ വായിച്ചുനോക്കു്. വിരോധമില്ലാത്ത താണെങ്കിൽ ഞാൻ പിന്നെ കേൾക്കാം.

നിപുണിക– [വായിച്ചുനോക്കീട്ടു്] സ്വാമിനീ, ആ ലോകാപവാദവത്തമാനം പോലത്തന്നെ തോന്നുന്നു. സ്വാമിയെ ഉദ്ദേശിച്ചുവ്വശിയുടെ കൃതിയാണെന്നാണു ഞാൻ സംശയിക്കുന്നതു്. ആയ്യമാണവകൻെറ ബുദ്ധിമോശം നിമിത്തം നമ്മുടെ കയ്യിൽ കിട്ടാനിടയായയതായിരിക്കാം.

ദേവി– എന്നാൽ ഞാൻ അതിൻെറ സാരം മനസ്സിലാക്കട്ടെ.

[നിപുണിക മുമ്പേ രാജാവു ചൊല്ലിയതിനെത്തന്നെ വായിക്കുന്നു.]

ദേവി– ഈ കാഴ്ച്ചദ്രവ്യംകൊണ്ടു തന്നെ ആ ദേവസ്ത്രീകാമുകനെക്കാണണം.

നിപുണിക– അങ്ങനെ ആകട്ടെ.

[രണ്ടുപേരും ലതാഗൃഹത്തിലേക്കു ചുററി നടക്കുന്നു]

വിദൂഷകൻ– കാററെടുത്തു കൊണ്ടുപോയിട്ടിതാ ഈ ക്രീഡാപവ്വതത്തിൻെറ മുകളിൽ കാണുന്നു.

രാജാ– [എണീററിട്ടു്] അല്ലയൊ വസന്തപ്രിയസഖനായിരിക്കുന്ന ഭഗവാനെ ദക്ഷിണാനിലാ,

സൗരഭ്യാത്ഥം ഹരിക്കാം സുരഭിഭൂതലതാ–
പുഷ്പരേണുക്കളേററം
പാരിക്കും പ്രേമമോടെൻപ്രിയതമ മമ ത–
ന്നോന്നിതെന്തിന്നഹോ തേ

മാരാൎത്തന്മാക്കിതേവംവിധഹൃദയവിനോ-
ദങ്ങൾതാൻ പ്രാണരക്ഷ-
യ്ക്കോരുമ്പോൾക്കാൎയ്യമെല്ലാമവിടെയുമറിയാ-
മംജനാപ്രാൎത്ഥനതപാൽ. 18

നിപുണിക- സ്വാമിനീ, ആ ഭൂജ്ജപത്രത്തിന്റെ അന്വേഷണമാണു ചെയ്യുന്നതു്.

രാജാ- ഞാൻ കാണുന്നുണ്ടു്.

വിദൂഷകൻ- ഹോ തോഴരേ വാടിയ താമരയല്ലി പോലെയിരിക്കുന്ന മൈപ്പീലി എന്നെ വഞ്ചിച്ചു.

രാജാ- എല്ലാപ്രകാരത്തിലും ഞാൻ ഭാഗ്യഹീനനാകുന്നു.

ദേവി- (അടുത്തു ചെന്നിട്ടു്) പരിഭ്രമിക്കേണ്ട. ഭൂൎജ്ജപത്രം ഇതാ.

രാജാ- (പരിഭ്രമത്തോടുകൂടി) അല്ലാ, ദേവിയോ. ഭവതി സുഖമായിട്ടു തന്നെയല്ലേ പോന്നതു്.

ദേവി- എന്റെ വരവിപ്പോൾ അത്ര സുഖമല്ലാതെയാണു തീൎന്നതു്.

രാജാ- (വിദൂഷകനോടു സ്വകാൎയ്യമായിട്ടു്) സഖേ, ഇവിടെ ഇപ്പോൾ എന്താണു ചെയ്യേണ്ടതു്.

വിദൂഷകൻ- തൊണ്ടിയോടുകൂടി പിടിക്കപ്പെട്ട കള്ളനു സമാധാനം പറയാനെന്താണുള്ളതു്.

രാജാ- (പ്രകാശം) ദേവീ, ഇതല്ല അന്വേഷിക്കുന്നതു്. വേറെ ഒന്നാണന്വേഷിക്കാൻ ഭാവിച്ചതു്.

ദേവി- ശരിയാകുന്നുണ്ടു്. തങ്ങളുടെ സൌഭാഗ്യത്തെ മറയ്ക്കാനായിട്ടു്.

വിദൂഷകൻ- ദേവീ ഇദ്ദേത്തിൻെറ ചിത്തം ശമിക്കുന്നതിനു തക്കതായിട്ടുള്ള ഭക്ഷണസാധനമെന്താണെന്നു വച്ചാൽ അതുണ്ടാക്കാൻ വേഗം ശ്രമിക്കു.

ദേവി- നിപുണികേ, ഈ ബ്രാഹ്മണൻ ഇഷ്ടനു പറഞ്ഞുകൊടുത്തതു നല്ലതു തന്നെ.

വിദൂഷകൻ- ഭേതീ, ഇദ്ദേഹത്തിനെക്കണ്ടു ബാധിച്ചിരിക്കുന്ന ആ പിശാചു വിട്ടുപോകുന്നില്ല.

രാജാ- മൂഢാ, വെറുതെ അങ്ങെന്നെ അപരാധിയാക്കിത്തീക്കുന്നു.

ദേവി- ഐഃ അവിടെക്കപരാധമില്ല. ഞാനാണിവിടെ അപരാധിനി. അവിടെക്കു:കാണുന്നതിനു വിരോധമുള്ളവളായിത്തീന്നിട്ടു പിന്നെയും ഞാൻ അവിടുത്തെ മുമ്പിൽ നില്ക്കുന്നുവല്ലൊ. നിപുണികെ, ഇങ്ങോട്ടു വരു. (കോപം നടിച്ചു പോകാൻ ഭാവിക്കുന്നു)

രാജാ- (പിന്നാലെ ചെന്നിട്ട്)

ധന്യേ, ഞാനപരാധിതന്നെ കടുതാം
കോപം ത്യജിച്ചീട്ടു നീ
മാന്യേ മഞ്ജുതരാകൃതേ മയി ശുഭേ,
പാരം പ്രസാദിക്കണേ
ഇന്നീമേലധികാരമുള്ള ജനമ-
ത്യന്തം കയത്തീടിനാൽ
പിന്നെന്താശ്രിതരായവക്കൊരു ദിനം
കുററങ്ങളററീടുമൊ. 19.

[കാല്ക്കൽ വീഴുന്നു]

ദേവി- വേണ്ട, വേണ്ട. ഞാൻ അന്തസ്സാരമില്ലാത്തവൾ തന്നെയാണു്. എങ്കിലും ഇപ്പോൾ ഈ സമാധാനത്തെ സ്വീകരിക്കുന്നില്ല. എന്തെന്നാൽ ദാക്ഷിണ്യവാനായിരിക്കുന്ന അവിടെക്കു പശ്ചാത്താപത്തിനിടയായേക്കുമെന്നു ഞാൻ ഭയപ്പെടുന്നു.

[രാജാവിനെ വിട്ടു പരിവാരങ്ങളോടുകൂടിപ്പോയി.]

വിദൂഷകൻ- ഹേ തോഴരേ, ദേവി വർഷകാലത്തെ നദി എന്ന പോലെ കാലുഷ്യത്തോടുകൂടിപ്പോയി. ഇനി അവിടുന്നെണീക്കണം.

രാജാ- (എണീററിട്ടു്) സഖേ, ഇതു വരാത്തതല്ല. വിചാരിച്ചു നോക്കു.

തെല്ലും രാഗമതെന്നിയേ കണവനോ-
ടീടുന്ന ചാടൂക്തിയെ-
ന്നെല്ലാമാകിലുമീ മനസ്വിനികൾ തൻ
ചിത്തേ കടക്കില്ലഹോ
വല്ലാതുള്ള പകിട്ടു ചേൎത്തു കളവാൽ
ഭംഗ്യാ ചുവപ്പിച്ചിട്ടും
കല്ലാ നോട്ടമറിഞ്ഞിടുന്ന മനുജ-
ന്മാർമാറിലെന്നോണമേ. 20

വിദൂഷകൻ- അവിടേക്കിതനുകൂലം തന്നെയാണു്. കണ്ണിൽദീനക്കാരന്റെ മുമ്പിൽ വിളക്കു കൊളുത്തിവച്ചാൽ അസഹ്യമാണല്ലോ.

രാജാ- ഐഃ. അങ്ങനെയല്ല. ഉവ്വശിയിൽ മനസ്സു ലയിച്ചിരിക്കുന്നു എങ്കിലും ഇനിക്കു ദേവിയെക്കുറിച്ചുള്ള ആ ബഹുമാനവും അപ്രകാരം തന്നെയാണു്.

എന്നാൽ നമസ്കരിച്ചതിനെ ലംഘിച്ചു കളഞ്ഞതു കൊണ്ടിനിക്കു ധൈര്യംതോന്നുന്നുണ്ട്.

വിദൂഷകൻ- ധൈര്യവും മററും അവിടെ ഇരിക്കട്ടെ. അവിടുന്നു വിശന്നിരിക്കുന്ന ബ്രാഹ്മണൻെറ പ്രാണനെ രക്ഷിക്കണം. അവിടുത്തെ ഉച്ചയ്ക്കുണ്ണിൻെറ നേരമായിരിക്കുന്നു.

രാജാ [നോക്കീട്ട്] നേരം ഉച്ച കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടിതാ.

ചൂടേറ്റും സഹിയാത്ത കേകി തരുതൻ
മൂലാലവാലേ കിട-
ന്നീടുന്നൂ ബത കർണ്ണികാരമുകുളേ
പൂകുന്നു ഭൃംഗങ്ങളും
ചൂടാർന്നംബു വെടിഞ്ഞു തീരകമലേ
ചേരുന്നു കാരന്നവും
ക്രീഡാമന്ദിരപഞ്ജരേ ശുകമുഴ-
ന്നർത്ഥിച്ചിടുന്നൂ ജലം. 21

[എല്ലാവരും പോയി]

# മൂന്നാം അങ്കത്തിന്റെ പൂർവാംഗം.

---

അനന്തരം രണ്ടു ഭരതശിഷ്യന്മാർ പ്രവേശിക്കുന്നു.

ഒന്നാമൻ- പൈലവാ താൻ കൃഷ്ണാസനവും എടുത്തുംകൊണ്ടുപാദ്ധ്യായനോടുകൂടി മഹേന്ദ്രഗൃഹത്തിൽ പോയിരുന്നുവല്ലൊ. അപ്പോൾ എന്നെ അഗ്നിശരണം സൂക്ഷിക്കാനാക്കിയിരിക്കയായിരുന്നു. അതുകൊണ്ടാണു ഞാൻ ചോദിക്കുന്നതു്. ഗുരുവിന്റെ പ്രയോഗംകൊണ്ടു ദേവസഭ സന്തോഷിച്ചുവൊ.

പൈലവൻ- ഗാലവാ സന്തോഷിച്ചുവോ ഇല്ലയൊ എന്നു ഞാനറിഞ്ഞില്ല. എന്നാൽ അവിടെ സരസ്വതി ഉണ്ടാക്കിയ ലക്ഷ്മീസ്വയംവരം നാടകത്തിലെ ഓരോരൊ രസഭേദങ്ങളെ നടിച്ചപ്പോൾ ഉർവ്വശിയുടെ ലക്ഷ്മീവേഷത്തിനു തന്മയത്വം വന്നു.

ഗാലവൻ- തന്റെ വാക്കെന്തോ ദോഷം സംഭവിച്ചു എന്നു പറയാൻ ഭാവിക്കുന്നതുപോലെ ഇരിക്കുന്നതെന്താണു്.

പൈലവൻ- ലക്ഷ്മിയുടെ വേഷം കെട്ടി നില്ക്കുന്ന ഉർവ്വശിയോടു വാരുണിയുടെ വേഷം ധരിച്ചുനില്ക്കുന്ന മേനക ചോദിച്ചു:- "സഖീ, മഹാവിഷ്ണു മുതലായ ത്രൈലോക്യനാഥന്മാരായിരിക്കുന്ന ലോകപാലന്മാർ എല്ലാവരും ഇവിടെ വന്നിട്ടുണ്ടല്ലൊ. അവരിലാരിലാണു നിനക്കാസക്തി" എന്നു്.

ഗാലവൻ- പിന്നെ പിന്നെ.

പൈലവൻ- പുരുഷോത്തമങ്കലെന്നു ൧൧൯൯ ണ്ടെടത്തു പുരൂരവസ്സിൽ എന്നാണു വാക്കു പുറപ്പെട്ടതു്.

ഗാലവൻ- വരാൻപോകുന്നതിനെ അനുസരിച്ചിരിക്കും ബുദ്ധിയും ഇന്ദ്രിയങ്ങളും. എന്നിട്ടു ഭരതമുനി അവളെക്കുറിച്ചു ദേഷ്യപ്പെട്ടില്ലെ.

പൈലവൻ- ഉപാദ്ധ്യായൻ അവളെ ശപിച്ചു.

ഗാലവൻ- എങ്ങിനെ.

പൈലവൻ- യാതൊന്നു ഹേതുവായിട്ടെൻെറ ഉപദേശത്തെ നീ തെററിച്ചു; അതുകൊണ്ടു നിനക്കു ദിവ്യമായിരിക്കുന്ന സ്ഥാനം ഇല്ലാതെയായിപ്പോട്ടെ" എന്നാണുപാദ്ധ്യായൻ അവളെ ശപിച്ചതു്. പിന്നെ ശാപം കഴിഞ്ഞതിൻെറശേഷം ലജ്ജ ഹേതുവായിട്ടു മുഖം താഴ്ത്തി നിൽക്കുന്ന അവളോടു മഹേന്ദ്രൻ പറഞ്ഞു:- "നീ യാവനൊരുത്തനിൽ അനുരക്തയായിട്ടു ഭവിക്കുന്നുവൊ ആ രാജർഷി എനിക്കു യുദ്ധത്തിൽ സഹായിക്കുന്ന ആളാണു്. നീ അദ്ദേഹത്തിൻെറ പ്രിയത്തെ അനുവർത്തിച്ചു് അദ്ദേഹത്തിനു സന്താനമുണ്ടായിക്കാണുന്നതുവരെ ഒരുമിച്ചുതാമസിക്കണം" എന്നു്.

ഗാലവൻ- പുരുഷന്മാരെ തിരിച്ചറിയുന്ന മഹേന്ദ്രനു് ഇതു യുക്തം തന്നെ.

പൈലവൻ- [നേരം നോക്കീട്ടു്] നമ്മളിങ്ങനെ കഥയും പറഞ്ഞു നിന്നതുകൊണ്ടുപാദ്ധ്യായൻെറ കുളിയുടെ നേരം കഴിഞ്ഞുപോയെന്നു വരുമോ? വരു. നമുക്കു അദ്ദേഹത്തിൻെറ അടുക്കലേക്കു പോകാം.

ഗാലവൻ- അങ്ങിനെ തന്നെ. [രണ്ടുപേരും പോയി]

---

# മൂന്നാം അങ്കം.

[അനന്തരം ഒരു കഞ്ചുകി പ്രവേശിക്കുന്നു]

കഞ്ചുകി-

സമ്പാദിക്കുന്നു സമ്പത്തിഹ ഗൃഹികളതാ-
മേവരും യൗവനത്തിൽ
തൻപുത്രന്മാരിലാക്കിബ്ഭരമഥ സുഖമായ്
വാൎദ്ധക്യേ പാൎത്തിടുന്നു
തുമ്പില്ലാതുള്ള സേവയ്ക്കനുദിവസമുഴ-
ന്നീടുമീയുള്ളവൎക്കോ
വൻപാടായ്ത്തീൎന്നൊടുക്കം; മണിയമിതു മഹാ-
കഷ്ടമീ നാരിമാരിൽ. 1

(ചുററി നടന്നിട്ട്)

"വ്രതാനുഷ്ഠാനത്തിനായിട്ടഭിമാനത്തെ ഉപേക്ഷിച്ച നിപുണികാമുഖാന്തിരം മഹാരാജാവിൻെറ അടുക്കൽ അറിയിച്ചിട്ടുണ്ട്. ഇപ്പോഠം നീയും ഞാൻ പറഞ്ഞിട്ടറിയിക്കണം" എന്നു വ്രതം നോററുകൊണ്ടിരിക്കുന്ന കാശിരാജപുത്രിയായ ദേവി എന്നോടു കല്പിച്ചയച്ചിരിക്കുന്നു. അതുകൊണ്ടു സന്ധ്യാജപം കഴിയുമ്പോഴേക്കും സ്വാമിയെപ്പോയിക്കാണണം.

(ചുററി നടന്നു നോക്കീട്ട്)

ഹേ, രാജധാനിയിങ്കൽ സന്ധ്യാസമയത്തെ അവസ്ഥ വളരെ വിശേഷം തന്നെ. ഇതാ ഇവിടെ.

ത്ത്വണ്ടാടം പൃക്കറങ്ങും ശിഖിനിരയെഴുതി-
ത്തീർത്ത ചിത്രം കണക്കായ്;
കാണ്മാൻവയ്യിക്കപോതങ്ങളെ വളഭികളിൽ
ജന്നല്പൂട്ടുള്ള ധൂമാൽ;
ചെമ്മേ പൂവിട്ട പുത്തൻ തറകളിൽ മണിദീ-
പങ്ങറം വെവ്വേറെ വെക്ക-
ന്നൾാമോദാൽ ദേഹശുദ്ധ്യാ മരുവിടുമൊരുത്തു-
ദ്ധാന്തവൃദ്ധാജനങ്ങൾ. 2

(നോക്കീട്ട്)

ഓ, സ്വാമി ഇങ്ങോട്ടുതന്നെ വന്നുതുടങ്ങി. ഇതാ ഇദ്ദേഹം—

ചുററും ചേടീജനത്തിൻകരമതിൽ വിലസും
ദീപജാലങ്ങളാലി-
നോററം ശോഭിച്ചിടുന്നു മഹിതതരമഹീ-
പാലകൻ ചേലൊടിപ്പോൾ
മുററും നൽകർണ്ണികാരാവലിയതനുതടം
പൂത്തുടൻ പക്ഷലോപം
പററാതേ സഞ്ചരിക്കുന്നൊരുഗിരിവരനോ
എന്നു തോന്നുംവിധത്തിൽ. 3

ഇനി ഇദ്ദേഹത്തിനെ കാണാനുള്ള വഴിയിൽ പോയി കാത്തുനില്ക്കതന്നെ.

(ചുററി നടന്നു നില്ക്കുന്നു)

അനന്തരം പൂർവ്വോക്തപ്രകാരമുള്ള പരിവാരങ്ങളോടുക്കൂടി രാജാവും വിദൂഷകനും പ്രവേശിക്കുന്നു.

രാജാ- വസന്തതിലകം.

ചൊൽക്കൊണ്ട കാൎയ്യഭരണാൽ പകലുള്ള നേര-
മുൽക്കണ്ഠ പാരമറിയാതെ കഴിച്ചുകൂട്ടി
പോക്കേണ്ടതെങ്ങനെ വിനോദവിഹീനമൈശ്വൎയ്യം
കൈക്കൊണ്ടൊരീ നിശയെ ഞാനിനി നൈവ
ഞാനറിയുന്നില്ല തന്നെ. ജാനേ. 4

കഞ്ചുകി- (അടുത്തു ചെന്നിട്ടു്) സ്വാമി സൎവ്വോൽക്കൎഷേണ വൎത്തിച്ചാലും. ശുഭദൎശനനായിരിക്കുന്ന ചന്ദ്രമസ്സിനെ ദൎശിപ്പാനായിട്ടു സ്വാമിയോടുകൂടി മണിമാളികയുടെ മുകളിൽ ചന്ദ്രൻ രോഹിണീനക്ഷത്രത്തോടു ചേരുന്നതുവരെ കാത്തിരിക്കുന്നതിനായി ആഗ്രഹിക്കുന്നു എന്നു ദേവി കല്പിക്കുന്നു.

രാജാ- ലാതവ്യാ, ദേവിയുടെ അഭിപ്രായംപോലെ ചെയ്യാമെന്നറിയിച്ചേക്കു.

കഞ്ചുകി- സ്വാമിയുടെ കല്പനപോലെ ചെയ്യാം. (പോയി)

രാജാ- സഖേ, ദേവിയുടെ ഈ ആരംഭം വ്രതനിൎവ്വഹണത്തിനായിട്ടാണെന്നു പറയുന്നതു പരമാൎത്ഥം തന്നെ ആയിരിക്കുമൊ.

വിദൂഷകൻ- തത്രഭവതിക്കു പശ്ചാത്താപമുണ്ടായിട്ടു വ്രതം എന്ന വ്യാജേന തോഴരുടെ പാദപതനലംഘനത്തെ ഇല്ലായ്മ ചെയ്വാനാഗ്രഹിക്കുകയാണെന്നാണു ഞാൻ സംശയിക്കുന്നതു്.

രാജാ- ശരിയാണങ്ങു പറയുന്നതു്.

പ്രണമനമത്തു ലംഘിച്ചീടിലും പിന്നെയേററം
പ്രണയമൊടറിവേറും നാരിമാർ വല്ലഭൻെറ
അനുനയവചനത്തെപ്പേർത്തുമോർത്തോർത്തു പാരം
മനമതിലനുതാപം പൂണ്ടു ലജ്ജിച്ചിടുന്നു. 5

അതുകൊണ്ടു മണിമാളികയിലേക്കു വഴി കാണിക്കു.

വിദൂഷകൻ- സ്വാമി, ഇതിലെ ഇതിലെ. ഗംഗാനദിയുടെ തിരമാലകരം പോലെ ഭംഗിയുള്ള ഈ സ്ഫടികക്കോവണയിൽക്കൂടി സന്ധ്യാവസാനത്തിങ്കൽ മനോഹരമായിരിക്കുന്ന മണിമാളികയിലേക്കു കേറിയാലും.

രാജാ- മുമ്പെ അങ്ങു തന്നെ കേറു.

[എല്ലാവരും സൌധാധിരോഹണത്തെ നടിക്കുന്നു.]

വിദൂഷകൻ- ചന്ദ്രോദയം അടുത്തതുപോലെ തോന്നുന്നു. പൂർവ്വദിങ്മുഖം ഇരുട്ടിനോടു വേർപെട്ടു നയനസുഭഗമായിട്ടു കാണപ്പെടുന്നു.

രാജാ- അങ്ങു പറയുന്നതു ശരിയാണ്.

മന്ദം വന്നുദയാദ്രിതന്മറവിലായ്
നിന്നീടുമിന്ദുപ്രഭാ-
വൃന്ദം സാന്ദ്രതമോഗണത്തെയകല-
ത്തുക്കോട്ടു നീക്കംവിധൌ
ചിന്നീടുന്നളകങ്ങളേ ദൃഢതരം
ബന്ധിക്കയാലെന്നപോ-
ലിന്നേററം ഹരിദിങ്മുഖം മമ ഹരി-
ച്ചീടുന്നു നേത്രങ്ങളെ. 6

വിദൂഷകൻ- (നോക്കിയിട്ട്) ഹേ ആശ്ചര്യം. മോദകഖണ്ഡം പോലെ ഇരിക്കുന്ന ചന്ദ്രൻ ഇതാ ഉദിച്ചു കഴിഞ്ഞു.

രാജാ- (ചിരിച്ചുംകൊണ്ട്) ഭക്ഷണപ്രിയനായിട്ടുള്ളവനെല്ലാടത്തും ഭക്ഷണസാധനംതന്നെയാണു വിഷയം. (കൈകൂപ്പി നമസ്കരിച്ചിട്ട്)

സത്തന്മാരുടെ സൽക്രിയയ്ക്കു രവിയിൽ
ച്ചേൎന്നങ്ങിരുന്നും സുധാ-
സത്താൽ ദേവപിതൃക്കളെ പ്രതിദിനം
തൃപ്തിച്ചുകൊണ്ടും മുദാ
രാത്രൌ ഘോരതമോഗണത്തെയഖിലം
ധ്വംസിച്ചുകൊണ്ടും ശിവൻ-
മൂൎദ്ധാവിൽ സ്ഥിതിചെയ്തുമൻപൊടു വിള-
ങ്ങീടും വിഭോ, തേ നമഃ. 7

(എണീക്കുന്നു.]

വിദൂഷകൻ- ഹേ തോഴരെ, പിതാമഹനായിരിക്കുന്ന ചന്ദ്രൻ ബ്രാഹ്മണമുഖത്തിങ്കൽനിന്നു സംക്രമിപ്പിച്ച അക്ഷരങ്ങളെക്കൊണ്ടവിട്ടേക്കനുവാദം തന്നിരിക്കുന്നു. അവിടുന്നിരിക്കണം. ഞാനും സുഖമായിരിക്കട്ടെ.

രാജാ- അങ്ങനെ തന്നെ.

(ഇരുന്നു പരിചാരികമാരെ നോക്കീട്ട്)

ഈ നല്ല നിലാവുള്ളപ്പോൾ വിളക്കെന്തിനാണു്. അതുകൊണ്ടു ഭവതികൾക്കു പോയി വിശ്രമിക്കാം.

പരിചാരികമാർ- കല്പനപോലെ ആകട്ടെ. (പോയി)

രാജാ— (ചന്ദ്രനെ നോക്കിയും വച്ചു്) സഖേ, ഇനി കുറച്ചുനേരം കഴിഞ്ഞാൽ ദേവിയുടെ വരവായി. അതുകൊണ്ടു് ഈ വിജനസ്ഥലത്തുവച്ചു നമ്മുടെ അവസ്ഥയെക്കുറിച്ചു ഞാൻ പറയാൻ ഭാവിക്കുന്നു.

വിദൂഷകൻ— അവളെ കാണുന്നതന്നെ ഇല്ല. എങ്കിലും അവളുടെ അപ്രകാരമുള്ള അനുരാഗത്തെ വിചാരിച്ചിട്ടാശാബന്ധംകൊണ്ടാത്മാവിനെ രക്ഷിക്കാവുന്നതാണു്.

രാജാ— അതങ്ങനെ തന്നെ. എന്നാൽ ഇനിക്കു മനസ്സിന്റെ അഭിനിവേശം കലശലായിരിക്കുന്നു. എന്താണെന്നല്ലേ.

പാറയിലേററു തടഞ്ഞതി-
ഘോരമതാകും നദീപ്രവാഹംപോൽ
സ്വൈരസമാഗമവിഘ്നാൽ
മാരനനല്പം വളൎന്നിടുന്നിപ്പോൾ. 8

വിദൂഷകൻ— അംഗങ്ങൾ ക്ഷീണിച്ചിരിക്കുന്നു എങ്കിലും തോഴരു വളരെ ശോഭിക്കുന്നു. അതുകൊണ്ടു പ്രിയജനസമാഗമം അടുക്കൽതന്നെ ഉണ്ടാകുമെന്നു എനിക്കു തോന്നുന്നു.

രാജാ— [ശുഭലക്ഷണത്തെ നടിച്ചിട്ടു്]

പെരുത്തിടുന്നാശ ജനിച്ചിട്ടും വൃഥാ-
സ്സരത്തിടുന്നോരു ഭവാനിതെന്നപോൽ
സ്ഫുരിച്ചിടും ദക്ഷിണമാകുമിക്കരം
കുറച്ചൊരാശ്വാസമതേകിടുന്നുമേ. 9

വിദൂഷകൻ— ബ്രാഹ്മണന്റെ വാക്കു മറിച്ചു വരാൻ പാടില്ലല്ലോ.

[രാജാ ആഗ്രഹത്തോടുകൂടിയിരിക്കുന്നു.]

അനന്തരം കുറഞ്ഞൊന്നു പാരവശ്യമായി അഭിസാരികാവേഷം ധരിച്ചിരിക്കുന്ന ഉവ്വശിയും ചിത്രലേഖയും വിമാനത്തിൽ കൂടി പ്രവേശിക്കുന്നു.

ഉവ്വശി- (തന്നെത്താൻ നോക്കീട്ട്) സഖീ, കുറച്ചു ചില ആഭരണങ്ങളെക്കൊണ്ടുമാത്രം അലങ്കരിച്ചു നീലവസ്ത്രം ധരിച്ചിരിക്കുന്ന എന്റെ ഈ അഭിസാരികാവേഷം നിനക്കു ബോധിച്ചുവൊ.

ചിത്രലേഖ- സ്തുതിക്കാൻ ഇനിക്കു വാക്സാമത്ഥ്യമില്ല. എന്നാൽ ഞാൻ ആ പുരൂരവസ്സായിട്ടു തീൎന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു വിചാരിക്കുന്നു.

ഉവ്വശി- സഖീ, കാമദേവൻ നിന്നോടു കല്പിക്കുന്നു. ക്ഷണത്തിൽ എന്നെ ആ പ്രിയതമന്റെ ഗൃഹത്തെ പ്രാപിപ്പിക്കു.

ചിത്രലേഖ- [നോക്കീട്ട്] ഇതാ ചന്ദ്രികാപ്രവാഹം കൊണ്ടു സ്ഥലം മാറി വന്നിരിക്കുന്ന കൈലാസശിഖരം തന്നെയൊ എന്നു തോന്നുമാറിരിക്കുന്ന നിന്റെ പ്രിയതമന്റെ ഭവനത്തെ നമ്മൾ പ്രാപിച്ചിരിക്കുന്നു.

ഉവ്വശി- എന്നാൽ എന്റെ ഹൃദയചോരനായ അദ്ദേഹം എവിടെയാണു്, എന്തുചെയ്തുകൊണ്ടിരിക്കുന്നു എന്നു നീ ദിവ്യശക്തികൊണ്ടറിഞ്ഞാലും.

ചിത്രലേഖ- [ധ്യാനിച്ചു നോക്കിച്ചിരിച്ചിട്ടു വിചാരം] ഇവളോടു ഞാൻ ഒരു നേരംപോക്കു പ്രയോഗിച്ചുനോക്കട്ടെ. [പ്രകാശം] വളരെ ആഗ്രഹിച്ചു കിട്ടിയ ഇഷ്ടജനത്തിന്റെ സമാഗമസുഖത്തെ അനുഭവിപ്പാനായിട്ടു്

ഉപഭോഗയോഗ്യമായിരിക്കുന്ന സ്ഥലത്തിഷ്ടനോടും കൂടിഇരിക്കുന്നു.

ഉൎവ്വശി- ഇപ്രകാരം യാതൊരു ജനം ഭവിക്കുമൊ ആ ജനം ഭാഗ്യമുള്ളതു തന്നെ.

ചിത്രലേഖ- മൂഢേ! ഇഷ്ടജനത്തിന്റെ സമാഗമത്തെക്കുറിച്ചുള്ള ചിന്തയ്ക്കുദ്ദേഹത്തിനു നീയല്ലാതെ പിന്നെ വേറെ ഏതവളാണുള്ളതു്.

ഉൎവ്വശി- അസമൎത്ഥമായിരിക്കുന്ന എന്റെ മനസ്സിനു വിശ്വാസം വരുന്നില്ല.

ചിത്രലേഖ- [നോക്കീട്ടു്] ഇതാ രാജൎഷി വയസ്യമാത്രപരിവാരനായിട്ടു് ഈ മണിമാളികയിൽ ഇരിക്കുന്നു. വരു, നമുക്കദ്ദേഹത്തിന്റെ അടുക്കലേക്കു പോകാം. [രണ്ടുപേരും താഴത്തിറങ്ങുന്നു.]

രാജാ- വയസ്യാ, രാത്രിയോടുകൂടി കാമപീഡയും വൎദ്ധിച്ചുവരുന്നു.

ഉൎവ്വശി- അവ്യക്താൎത്ഥമായ ഈ വചനം എന്നെ ഇളക്കിത്തീൎത്തിരിക്കുന്നു. നമുക്കു മറഞ്ഞുനിന്നു തന്നെ ഇദ്ദേഹത്തിന്റെ സംഭാഷണത്തെ കേൾക്കാം. എന്നാൽ സംശയം തീരും.

ചിത്രലേഖ- നിന്റെ ഇഷ്ടംപോലെ ആകട്ടെ.

വിദൂഷകൻ- അവിടുന്നമൃതഗൎഭങ്ങളായ ഈ ചന്ദ്രരശ്മികളെ സേവിച്ചാലും.

രാജാ- ഈ ദുഃഖം ഇങ്ങനെ ഉള്ളതുകൊണ്ടൊന്നും പരിഹരിക്കാവുന്നതല്ല.

പുത്തൻപൂമെത്ത ചന്ദ്രദ്യുതിതതി, തനുവിൽ
ചേൎന്നിട്ടും ചന്ദനം, വെൺ-
മുക്താഹാരങ്ങളെന്നുള്ളൊരുവകയുമഹോ
പോരാ മേ മാരതാപം
തീൎത്തീടാൻ ദിവ്യനാരീകുലമണിയവൾതാൻ
പോരുമല്ലെങ്കിലിപ്പോൾ

ഉവ്ശി- അയ്യോ, വേറെ ഏതൊരുത്തിയാണു്.

രാജാ-

പാത്താലാരബ്ധയാം തൽക്കഥയുമിഹ രഹ-
സ്സിങ്കലാശ്വാസദാ മേ.

ഉവ്ശി- ഹേ ഹൃദയമേ, എന്നെ ഉപേക്ഷിച്ചിവിടേക്ക കടന്നുകൂടിയതിന്റെ ഫലം ഇപ്പോൾ നിനക്ക കിട്ടി.

വിദൂഷകൻ- ശരി, ഇനിക്ക മുന്തിരിങ്ങാച്ചാറു കിട്ടാതിരിക്കുമ്പോൾ ഞാൻ അതിനെത്തന്നെ അപേക്ഷിക്കയും വൎണ്ണിക്കയും ചെയ്തുകൊണ്ടാണാശ്വസിക്കാറുള്ളതു്.

രാജാ- എന്നാൽ അങ്ങേയ്ക്കു പിന്നെയതു കിട്ടാറുണ്ടല്ലൊ.

വിദൂഷകൻ- അവിടുന്നും താമസിയാതെ അവളെ ലഭിക്കും.

രാജാ- സഖേ, ഞാൻ ഇങ്ങനെ വിചാരിക്കുന്നു.

ചിത്രലേഖ- അസന്തുഷ്ടയായുള്ളവളെ, നീകേട്ടാലും.

വിദൂഷകൻ- എങ്ങനെ.

രാജാ-

അവികലതരമാകും ഭേരിളക്കത്തിനാല-
ന്നവളുടെയൊരു തോളിൽ തോളുചേൎന്നമൂലം
അവയവമതുമാത്രം ധന്യമായിന്നു മററു-
ള്ളവ ബത മമ ഗാത്രേ ഭൂഭരാൎത്ഥം സമസ്തം. 11

ചിത്രലേഖ- ഇപ്പോൾ എന്താണമാന്തിക്കുന്നതു്.

ഉൎവ്വശി- [ക്ഷണത്തിൽ അടുത്തു ചെന്നിട്ടു്] സഖീ, ഞാൻ മുമ്പിൽ വന്നു നിന്നിട്ടും മഹാരാജാവുദാസീനനെന്ന പോലെ ഇരിക്കുന്നു.

ചിത്രലേഖ- അതിപരിഭ്രമശീലേ, തിരസ്കരണി മാററാതെയാണു നീ നില്ക്കുന്നതു്.

[അണിയറയിൽ] സ്വാമിനി, ഇതിലെ ഇതിലെ.

[എല്ലാവരും കേൾക്കുന്നു]

[ഉൎവ്വശി സഖിയോടുകൂടി വിഷാദിച്ചു നിൽക്കുന്നു]

വിദൂഷകൻ- അയ്യോ, തോഴരെ ഇതാ ദേവി അടുത്തു വന്നു കഴിഞ്ഞു. അവിടുന്നൊന്നും മിണ്ടാതിരിക്കണം.

രാജാ- അങ്ങും ഒന്നും കാട്ടാതെ ഇരിക്കു.

ഉൎവ്വശി- സഖീ, എന്താണു ചെയ്യേണ്ടതു്.

ചിത്രലേഖ- പരിഭ്രമിക്കേണ്ട. നമ്മൾ തിരസ്കരണികൊണ്ടു മറഞ്ഞുതന്നെ ആണല്ലോ ഇരിക്കുന്നതു്. ഇവൾ ഉപവാസം കൊണ്ടു ക്ഷീണിച്ചു വ്രതമുള്ളവളെന്നപോലെ കാണപ്പെടുന്നു. അതുകൊണ്ടിവൾ വളരെ നേരം താമസിക്കയില്ലായിരിക്കാം.

അനന്തരം ദേവി പരിചാരികമാരെക്കൊണ്ടു പൂജാദ്രവ്യങ്ങളുമെടുപ്പിച്ചു ചേടിയോടുകൂടി പ്രവേശിക്കുന്നു.

ചേടി- സ്വാമിനീ, ഇതിലെ. ഇതിലെ.

ദേവി- [ചന്ദ്രനെ നോക്കീട്ട്] എടീ നിപുണികേ, ഇപ്പോ്ം രോഹിണീസംയോഗം കൊണ്ടു ചന്ദ്രഭഗവാൻ അധികം ശോഭിക്കുന്നു.

ചേടി- ഉവ്വ്, സ്വാമിനീസംയുക്തനായിരിക്കുന്ന സ്വാമിക്കെന്നപോലെ വിശേഷിച്ചും ഒരു ഭംഗി ഭവിക്കുന്നുണ്ട്. [എല്ലാവരും ചുററി നടക്കുന്നു]

വിദൂഷകൻ- കാൽകഴകിച്ചൂട്ടു നിശ്ചയിച്ചിട്ടുണ്ടോ ഇല്ലയൊ എന്നു ഞാൻ അറിയുന്നില്ല. അറിട്ടത്തെ ഉദ്ദേശിച്ചു വ്രതമെന്നുള്ള വ്യാജേന ദേവി ദേഷ്യത്തെ ഉപേക്ഷിച്ചു എന്നു തോന്നുന്നു. ഇപ്പോ്ം ദേവിയെ കണ്ടിട്ടെൻെറ കണ്ണുകൾക്കു സുഖമുണ്ടു്.

രാജാ- [ചിരിച്ചുംകൊണ്ട്] രണ്ടുപ്രകാരത്തിലും വരാം. അങ്ങനെയാണെങ്കിലും തത്രഭവതി,

ചിത്രം നൽശുഭ്രവസ്ത്രം ചിതമൊടുടനുടു-
ത്താത്തമംഗല്യഭൂഷാ-
മാത്രം കണ്ഠേ ധരിച്ചും ശുഭതരകറുക-
ക്കുമ്പുമൻപോടു ചൂടി
കൃത്യം പാത്തീവ്രതത്താൽ കുടിലതയെ വെടി-
ഞ്ഞുള്ളരൂപത്തിലെന്നിൽ
ഹേ്ത്തും സമ്പ്രീതയായിട്ടതിതെളിവൊടുചേ-
ന്നിന്നു കാണപ്പെടുന്നു. 12

ദേവി- [അടുത്തു ചെന്നിട്ട്] ആൎയ്യപുത്രൻ സൎവോൽക്കൎഷേണ വൎത്തിക്കട്ടെ.

പരിജനങ്ങൾ- സ്വാമി സൎവോൽക്കൎഷേണ വൎത്തിക്കട്ടെ.

വിദൂഷകൻ- ദേവി വൎദ്ധിക്കട്ടെ.

രാജാ- ദേവിക്കു സുഖം തന്നെയല്ലെ.

[കൈക്കു പിടിച്ചുംകൊണ്ടെഴുന്നീക്കുന്നു.]

ഉൎവശി- ദേവീശബ്ദംകൊണ്ടിവളെ ഉപചരിക്കുന്നതു യുക്തം തന്നെ. ആ ശബ്ദത്തിനു കുറച്ചിൽ ഭവിക്കുന്നില്ല.

ചിത്രലേഖ- നീ അസൂയകൂടാതെ പറഞ്ഞതു നന്നായി,

ദേവി- ആൎയ്യപുത്രനെ മുൻനിൎത്തി ഇനിക്കൊരു വ്രതം അനുഷ്ഠിക്കാനുണ്ട്. അതുകൊണ്ടു കുറച്ചുനേരം ഈ ഉപദ്രവത്തെ സഹിക്കണം.

രാജാ- ഈ ഉപദ്രവം ഇനിക്കനുഗ്രഹം തന്നെയാണ്.

വിദൂഷകൻ- ഇപ്രകാരം തന്നെ ഞങ്ങൾക്കു കാൽ കഴുകിച്ചൂട്ടിനു കാരണമായിട്ടുള്ള ഉപദ്രവം വളരെ ഉണ്ടാകട്ടെ.

രാജാ- ദേവിയുടെ ഈ വ്രതത്തിൻെറ പേരെന്താണ്.

[ദേവി നിപുണികയുടെ മുഖത്തു നോക്കുന്നു.]

നിപുണിക- "സ്വാമിപ്രിയാനുപ്രസാദന"മെന്നാണു പേര്.

രാജാ- [ദേവിയെ നോക്കീട്ട്] ഇപ്രകാരമാണെങ്കിൽ,

ബാലേ, ബാലമൃണാളകോമളമതാം
പൂമേനിയിന്നീ വ്രത-
ത്താലേ വാട്ടി വരട്ടിടുന്നു വെറുതേ
പെട്ടെന്നു കഷ്ടം പ്രിയേ,
കാലം പാത്തു തവ പ്രസാദമനിശം
പ്രാത്ഥിച്ചമൂൽക്കണ്ഠയും-
ക്കോലും ദാസജനപ്രസാദനവിധൌ
നീയെന്തു ചെയ്യേണ്ടതും. 13

ഉവ്വശി- ഇവളെക്കുറിച്ചുള്ള ബഹുമാനം വലിയതു തന്നെ.

ചിത്രലേഖ- മൂഢേ, അന്യസ്ത്രീകളിൽ ആസക്തചിത്തന്മാരായ നാഗരികന്മാർ ഹിതത്തെ അധികം അനുവത്തിക്കുന്നവരാണു്.

ദേവി- [ചിരിച്ചുംകൊണ്ടു്] ഇത്രമാത്രം ആയ്യപുത്രനെക്കൊണ്ടു പറയിച്ചതീ വ്രതാനുഷ്ഠാനത്തിൻെറ ശക്തി തന്നെയാണു്.

വിദൂഷകൻ- [രാജാവിനോടായിട്ടു്] അവിടുന്നടങ്ങിയിരിക്കണം. സൽക്കമ്മത്തിനു വിഘ്നമുണ്ടാക്കിത്തീക്കുന്നതവിടേക്കു യുക്തമല്ല.

ദേവി- ദാരികമാരെ, പൂജാദ്രവ്യം കൊണ്ടുവരുവിൻ. മണിമാളികയിൽ വന്നിരിക്കുന്ന ഈ ചന്ദ്രപാദങ്ങളെ ഞാൻ പൂജിക്കട്ടെ.

പരിജനങ്ങൾ- ഗന്ധപുഷ്പാദികമായ പൂജാദ്രവ്യമിതാ കൊണ്ടുവന്നിരിക്കുന്നു.

ദേവി നാട്യംകൊണ്ടു ചന്ദ്രരശ്മികളെ പൂജിച്ചിട്ടു്

എടീ നിപുണികേ, ഈ നിവേദ്യമോദകത്തെ ആൎയ്യമാണവകനും കഞ്ചുകികളും കൊടുക്കൂ.

നിപുണിക– സ്വാമിനിയുടെ കല്പനപോലെ ചെയ്യാം. [ രണ്ടുപേക്കും കൊടുക്കുന്നു]

വിദൂഷകൻ– (മോദകഭാജനത്തെ എടുത്തിട്ട്) ഭവതിക്കു നല്ലതു വരട്ടെ. അവിടുത്തെ ഉപവാസത്തിനു വളരെ വളരെ ഫലം ഭവിക്കട്ടെ.

ദേവി– ആൎയ്യപുത്രൻ ഇവിടെ വന്നാലും.

രാജാ– ഇതാ ഞാൻ വന്നിരിക്കുന്നു.

ദേവി– (കൈകൂപ്പി നമസ്കരിച്ചിട്ട്) ഇതാ ഞാൻ രോഹിണീചന്ദ്രമസ്സുകളാകുന്ന ദേവതാമിഥുനത്തെ സാക്ഷിവച്ചുംകൊണ്ടു് ആൎയ്യപുത്രനെ സന്തോഷിപ്പിക്കുന്നു. യാതൊരു സ്ത്രീയെക്കുറിച്ചാൎയ്യപുത്രൻ ആഗ്രഹിക്കയും യാതൊരു സ്ത്രീ ആൎയ്യപുത്രനോടുകൂടി സംയോഗത്തിനായി ആഗ്രഹിക്കയും ചെയ്തിരിക്കുന്നുവോ അവളിലും എങ്കലും ഒരുപോലെ സന്തോഷത്തോടുകൂടി ഇരിക്കണം.

ഉൎവ്വശി– ആശ്ചൎയ്യം. ആശ്ചൎയ്യം. ഇനി ഇദ്ദേഹം എന്താണു പറയുന്നതെന്നറിഞ്ഞില്ല. എന്റെ മനസ്സ് പിന്നെയും വിശ്വാസമില്ലാതെതീൎന്നിരിക്കുന്നു.

ചിത്രലേഖ– മഹാനുഭാവയായ പതിവ്രത നിന്നെ ക്കനുവാദം തന്നിരിക്കുന്നു. ഇനി പ്രിയതമസമാഗമം നിനക്കു നിൎവ്വിഘ്നമായി ഭവിക്കും.

വിദൂഷകൻ– (രാജാവിനോടു സ്വകാൎയ്യമായിട്ട്) മത്സ്യം കൈയ്യിൽനിന്നു തെററിച്ചാടിപ്പോകുമ്പോൾ നിരാശ

നായ മൂക്കോൻ പറയും "ഇനിക്കു പുണ്യം വരും" എന്നു്. (പ്രകാശം) ഭവതി, അവിടുന്നു തത്രഭവാനെ കൊടുത്തുകളഞ്ഞോ.

ദേവി- മൂഢാ, ഞാൻ എന്റെ വ്രതമെന്നുള്ള വ്യാജേന ആൎയ്യപുത്രന്റെ ശരീരത്തിനു സുഖം വരുത്തുവാനാഗ്രഹിക്കുന്നു. പ്രിയനോ അല്ലയൊ എന്നു മാത്രമെ വിചാരിച്ചുള്ളു.

രാജാ- കൊടുത്തിടാമന്യജനത്തിനെന്നെ വീ-
ണ്ടെടുത്തിടാം രണ്ടിനുമുണ്ടു ശക്തി തേ
കടന്നു നീ ഭീരു, വൃഥൈവ സംശയി-
ച്ചിടുന്നപോലുള്ളവനല്ല ഞാനെടൊ. 14

ദേവി- അതെങ്ങനെയെങ്കിലുമാകട്ടെ. പ്രിയാനു പ്രസാദനമാകുന്ന വ്രതം പറഞ്ഞിട്ടുള്ളതുപോലെ സാധിച്ചു. ഹേ, ദാരികമാരെ നമുക്കു പോകാം.

രാജാ- (വസ്ത്രത്തിന്റെ തുമ്പിന്മേൽ കടന്നുപിടിച്ചുംകൊണ്ടു്) ഇത്രവേഗം ഉപേക്ഷിച്ചുപോകയാണെങ്കിൽ എന്നെ പ്രസാദിപ്പിച്ചു കഴിഞ്ഞില്ല.

ദേവി- ഹേ ആൎയ്യപുത്രാ, എന്റെ നിയമം ഇതിനു മുമ്പു ലംഘിക്കപ്പെട്ടിട്ടുള്ളതല്ല. (പരിവാരങ്ങളോടു കൂടി പോയി)

ഉൎവ്വശി- രാജൎഷി പട്ടമഹിഷിയെക്കുറിച്ചു വളരെ പ്രതിപത്തിയുള്ള ആളാണു്. എങ്കിലും മനസ്സിനെ നിവൎത്തിപ്പിക്കാൻ ഞാൻ ശക്തയാകുന്നില്ല.

ചിത്രലേഖ- നിരാശയായിട്ടാണൊ നീ നിവൎത്തിപ്പിക്കുന്നതു്.

രാജാ- (ഉണൎന്നിട്ട്) വയസ്യാ, ദേവി ദൂരത്തായില്ലയൊ.

വിദൂഷകൻ- എന്താണു പറയാനുള്ളു. തന്നുവച്ചാൽ വിശ്വാസമായിട്ടു പറഞ്ഞതല്ല. അസാദ്ധ്യമെന്നു വിചാരിച്ചു വൈദ്യൻ രോഗിയെ എന്നപോലെ അത്രഭവതി അവിടുത്തെ ഇഷ്ടം പോലെ ചെയ്വാൻ തക്കവണ്ണം ഉപേക്ഷിച്ചിരിക്കുന്നു.

രാജാ- ഉർവ്വശിയോ.

ഉർവ്വശി- ഇപ്പോൾ ഞാൻ കൃതാർത്ഥയായി.

രാജാ-

പൊന്നിൻനൂപുരനാദമെൻചെവികളിൽ
ചേർത്തീടുമോ ശ്രദ്ധമായ്
പിന്നിൽച്ചെന്നവളെൻ്റെ നേത്രയുഗളം
കൈത്താരിനാൽ പൊത്തുമോ
ഇന്നീമാളിക പുക്ക സംഭ്രമവശാൽ
നില്ക്കുമ്പൊളെന്നന്തികേ
ധന്യത്വം കലരുന്നൊരാസ്സഖി പിടി-
ച്ചൂക്കോട്ടുമാക്കീടുമോ. 15

ഉർവ്വശി- സഖി, ഇപ്പോൾ ഇദ്ദേഹത്തിൻ്റെ ഈ മനോരഥം ഞാൻ സാധിപ്പിക്കുന്നുണ്ട്.

(പുറകിൽ കൂടി മറഞ്ഞുചെന്നു രാജാവിൻ്റെ കണ്ണു പൊത്തുന്നു.)

(ചിത്രലേഖ വിദൂഷകൻ്റെ നേരെ ആംഗ്യം കാണിക്കുന്നു)

വിദൂഷകൻ- എന്നാൽ ഇതാരാണ്.

രാജാ- (സ്പർശനത്തെ നടിച്ചിട്ട്) ഇതു നാരായണമുനിയുടെ തുടയിൽനിന്നു ജനിച്ച ആ സുന്ദരിയാണ്.

വിദൂഷകൻ- അവിടുന്നെങ്ങനെ അറിയുന്നു.

രാജാ- ഇതെങ്ങനെ അറിയാതിരിക്കും.

മട്ടാർശരാർത്തി പെരുകും മമ ദേഹമന്യ
തൊട്ടാൽ സഖേ, സുഖമിയന്നിടുകില്ല നൂനം
പെട്ടെന്നു കൈരവമഹോ ശശിരശ്മിജാലം
തട്ടാതെ സൂര്യകിരണാൽ വിടരുന്നതില്ല. 16

(ഉവ്വശിയുടെ കൈക്കു പിടിച്ചെണീക്കുന്നു)

ഉവ്വശി- മഹാരാജാവു ജയിച്ചാലും.

ചിത്രലേഖ- ഇഷ്ടനായ അവിടെക്കു സുഖംതന്നെ യല്ലെ.

രാജാ- ഇതാ ഇപ്പോഠം സുഖമായി.

ഉവ്വശി- സഖീ, മഹാരാജാവിനെ ദേവി തന്നു. അതുകൊണ്ടാണു സ്നേഹത്തോടു കൂടിയവളെന്നപോലെ ഞാൻ ഇദ്ദേഹത്തിൻെറ ശരീരത്തെത്തൊട്ടതു്. നീയെന്നെ ദോഷക്കാരത്തിയാക്കരുതു്.

വിദൂഷകൻ- നിങ്ങഠം സൂര്യൻ അസ്തമിക്കുന്നതിനു മുമ്പുതന്നെ ഇവിടെ വന്നിരിക്കുന്നൊ.

രാജാ- (ഉവ്വശിയെ നോക്കീട്ടു്)

എന്നെദ്ദേവി നിനക്കായി
ത്തന്നിട്ടെന്നെത്തൊടുന്നു നീ
എന്നാലാരു പറഞ്ഞിട്ടു
മുന്നം മോഷ്ടിച്ചു മന്മനം. 17

ചിത്രലേഖ- അല്ലയോ മഹാരാജാവേ, ഇവഠം കുത്തരം മുട്ടിയിരിക്കുന്നു. ഇപ്പോഠം ഞാൻ അറിയിക്കുന്നതിനെ അവിടുന്നു കേഠംക്കണം.

രാജാ– ഞാൻ ഇതാ തയാറായിരിക്കുന്നു.

ചിത്രലേഖ– ഈ വസന്തം കഴിഞ്ഞാൽ പിന്നത്തെ ഋതുവിൽ ഇനിക്കു സൂര്യഭഗവാനെസ്സേവിക്കാൻ പോകണം. അതുകൊണ്ടെന്റെ ഈ സഖി ഏതു പ്രകാരമായാൽ സ്വർഗ്ഗത്തെക്കുറിച്ചു വിചാരിച്ചു ദുഃഖിക്കാതെയിരിക്കുമോ അപ്രകാരമൊക്കെ അവിടുന്നു ചെയ്യണം.

വിദൂഷകൻ– സ്വർഗ്ഗത്തെക്കുറിച്ചു വിചാരിക്കാനിവിടെ എന്താണുള്ളതു്. ഭക്ഷിക്കുന്നുമില്ല കുടിക്കുന്നുമില്ല. എമച്ചുമിഴിയില്ലാത്ത കണ്ണുകളെക്കൊണ്ടു മത്സ്യത്തെ അനുകരിക്കമാത്രമുണ്ടു്!

രാജാ– ഭദ്രേ,

ദുരൂഹമാം സ്വർഗ്ഗസുഖത്തെ വിസ്മരി-
ച്ചിരിക്കുമാറാക്കുവതാരു പാർക്കുകിൽ
പരാംഗനാസക്തി കുറച്ചു കേവലം
പുരൂരവസ്സിന്നിവൾദാസനോക്കനീ. 18

ചിത്രലേഖ– ഞാൻ അനുഗ്രഹിക്കപ്പെട്ടവളായി. സഖീ ഉർവ്വശി, നീ ധൈര്യമുള്ളവളായിട്ടെന്നെ വിട്ടയക്കണം.

ഉർവ്വശി– (ചിത്രലേഖയെ ആലിംഗനം ചെയ്തിട്ടു്) എന്നെ മറന്നുകളയല്ലെ.

ചിത്രലേഖ– മഹാരാജാവിനോടു ചേർന്നിരിക്കുന്ന നിന്നോടു ഞാനാണിങ്ങനെ പറയേണ്ടതു്. (രാജാവിനെ നമസ്കരിച്ചു പോയി.)

വിദൂഷകൻ- ദൈവഗത്യാ മനോരഥപ്രാപ്തികൊണ്ടവിടുന്നു വദ്ധിക്കുന്നു.

രാജാ- ഇതുതന്നെയാണിനിക്കിപ്പോഴം സമൃദ്ധി. വിചാരിച്ചുനോക്കു.

സാമന്തക്ഷ്മാപചൂഡാമണിഗണവിലസൽ-
പാദപീഠത്തൊടൊത്തീ
ഭൂമിക്കുള്ളാധിപത്യം പ്രിയസഖ, ശുഭമേ-
കാതപത്രാന്വിതം മേ
സാമോദം ലബ്ധമായോരളവിലുമിവൾതൻ
പാദദാസത്വലാഭാ-
ലീമട്ടിക്കാലമുണ്ടായൊരുവിധമുളവാ-
യില്ലഹോ ചാരിതാത്ഥ്യം. 19

ഉവ്വ്ശി- ഇതിലധികം പ്രിയതരമായി പ്രശംസിക്കാനെനിക്കു വൈഭവമില്ല.

രാജാ- (ഉവ്ശിയുടെ കൈക്കു പിടിച്ചുംകൊണ്ടു്) ആശ്ചര്യം മനോരഥലാഭം വിപരീതഫലസമ്പാദനമായിരിക്കുന്നോ. അങ്ങനെ തന്നെ.

ഹിമകരകരജാലം ദേഹസൌഖ്യം തരുന്നു
സുമശരവിശിഖൌഘം ചിത്തമോദത്തെയും മേ
കുവലയമിഴി മുന്നം ദുഃഖഹേതുക്കളായു-
ള്ളവ സകലമഹോ നിൻ സംഗമേ സൗഖ്യദങ്ങൾ.
20

ഉവ്വ്ശി- ആയ്യപുത്രനു വളരെക്കാലം ദുഃഖകാരിണിയായ ഞാൻ അപരാധിനിയായിരിക്കുന്നു.

രാജാ- ഐഃ അങ്ങനെയല്ല.

ദുവ്വാരദുഃഖമതിൽനിന്ന വരും സുഖം താൻ
സ്വവ്വാരനാരി രസവത്തരമായിടുന്നു
ഉവ്വീരുഹത്തണലതീവ തപിച്ചവന്നു
നിവ്വാണകാരകമതാസ്സുരുമേ വിശേഷാൽ. 21

വിദൂഷകൻ- തോഴരേ, സന്ധ്യാസമയത്തിങ്കലെ മനോഹരങ്ങളായിരിക്കുന്ന ചന്ദ്രരശ്മികളെസ്സേവിച്ചു കഴിഞ്ഞില്ലേ. അവിടെക്കു ശയനഗൃഹപ്രവേശത്തിന്റെ സമയമായിരിക്കുന്നു.

രാജാ- എന്നാൽ അങ്ങേടെ സഖിക്കു വഴി കാണിക്കു.

വിദൂഷകൻ- ഭവതി ഇതിലെ ഇതിലെ.

(എല്ലാവരും ചുററി നടക്കുന്നു.)

രാജാ- ഹേ, സുന്ദരീ, ഇതാണെന്റെ അപേക്ഷ.

ഉവ്വശി- ഏതു്.

രാജാ-

ഹിതമതുലഭിയാതുള്ളന്നിനിക്കിന്ദുവക്ത്രേ,
ശതഗുണിതയതായിത്തീന്നപോൽ പോയി രാത്രി
അതിനൊടു ശരിയായ് ത്വൽസംഗമത്തിങ്കലും മേ
പ്രതിദിനമുളവാകിൽ ധന്യനായ് ത്തീന്നിടുംഞാൻ. 22

(എല്ലാവരും പോയി)

# നാലാം അങ്കത്തിന്റെ പൂർവാംഗം.

പ്രവേശകം

അനന്തരം ദുഃഖഭാവത്തോടുകൂടിയ ചിത്രലേഖയും
സഹജന്യയും പ്രവേശിക്കുന്നു.

സഹജന്യ- (ചിത്രലേഖയെ നോക്കീട്ട്) സഖീ, വാടിയ താമരപ്പൂവിന്റെ ശോഭപോലെ ഇരിക്കുന്ന കരുണരസസംയുക്തയായ നിന്റെ മുഖച്ഛായ ഹൃദയത്തിന്റെ അസ്വാസ്ഥ്യത്തെ സൂചിപ്പിക്കുന്നു. അതിനാൽ ദുഃഖകാരണത്തെ എന്നോടു പറയണം. ഞാൻ തുല്യദുഃഖയായിത്തീരാനാഗ്രഹിക്കുന്നു.

ചിത്രലേഖ- സൂര്യഭഗവാന്റെ പാദശുശ്രൂഷയിങ്കൽ മുറെക്കുള്ള അപ്സരസ്സുകൾ ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കായിട്ടു ഞാൻ നിന്നോടുകൂടി ഇവിടെത്താമസിക്കുന്നതിനാൽ പ്രിയസഖിയായ ഉർവശിയുടെ വർത്തമാനമൊന്നും അറിയാതെ വളരെ ദുഃഖിക്കുന്നു.

സഹജന്യ- നിങ്ങളുടെ പരസ്പരമുള്ള ഹൃദയസ്നേഹത്തെ ഞാനറിയുന്നുണ്ട്. പിന്നെ പിന്നെ.

ചിത്രലേഖ- അതിനാൽ ഇയ്യിടെ അവളുടെ വർത്തമാനമെന്താണെന്നു ഞാൻ സമാധികൊണ്ടു നോക്കിയപ്പോൾ ഒരാപത്തു വന്നിരിക്കുന്നതായി കണ്ടു.

സഹജന്യ- (സംഭ്രമത്തോടുകൂടെ) സഖീ, ഏതുപ്രകാരമാണ്.

ചിത്രലേഖ- മന്ത്രികളിൽ രാജ്യകാര്യഭാരത്തെ നിവേശിപ്പിച്ചു രതിസഹായനായിരിക്കുന്ന ആ രാജർഷി

യേയുംകൊണ്ടുവ്വശി ക്രീഡിക്കാനായിട്ട ഗന്ധമാദന പവ്വതത്തെ പ്രാപിച്ചു.

സഹജന്യ- (ശ്ലാഘയോടുകൂടി) സഖീ, അങ്ങനെയുള്ള സ്ഥലങ്ങളിൽ വെച്ചുള്ള ആ സംഭോഗമാണു സംഭോഗം. പിന്നെ പിന്നെ.

ചിത്രലേഖ- അവിടെ ഗംഗാനദിയുടെ പുളിനപ്രദേശത്തു മണൽകൊണ്ടു കുമ്പൽ കൂട്ടിക്കളിച്ചുംകൊണ്ടിരുന്ന ഉദയവതി എന്നൊരു വിദ്യാധരകന്യകയെ ആ രാജഷി നോക്കിയെന്നും പറഞ്ഞുവ്വശി കോപിച്ചു.

സഹജന്യ- അങ്ങനെ വരുന്നതാണ്. അധികമായിരിക്കുന്ന പ്രണയമുള്ളവർ സഹിക്കയില്ല. പിന്നെ പിന്നെ.

ചിത്രലേഖ- അനന്തരം ഗുരുശാപം നിമിത്തം മൂഢഹൃദയയായിരിക്കുന്ന ഉവ്വശി ഭത്താവിൻെറ അനുനയത്തെ അനുസരിക്കാതെ സ്ത്രീജനങ്ങൾ വജ്ജിക്കേണ്ടതായ കുമാരവനത്തെ പ്രവേശിച്ചു. ഉടനെ അവളുടെ രൂപം കാലാന്തരംകൊണ്ടു നിവത്തിക്കുന്നതായ ലതാഭാവത്തെ പ്രാപിക്കയും ചെയ്തു.

സഹജന്യ-(ദുഃഖത്തോടുകൂടി) ദൈവവൈഭവത്തെ അതിക്രമിക്കാൻ പാടില്ലല്ലൊ. ഇപ്രകാരമുള്ള അനുരാഗത്തിനിതാണല്ലൊ വിചാരിച്ചിരിക്കാതെ വന്നുകൂടുന്ന അവസാനം. അതിൻെറശേഷം ആ രാജഷിയുടെ അവസ്ഥ എങ്ങനെ ഇരിക്കുന്നു.

ചിത്രലേഖ- ആ കാട്ടിൽത്തന്നെ പ്രിയതമയെ അന്വേഷിച്ചുംകൊണ്ടു രാപകൽ കഴിച്ചുകൂട്ടുന്നു. സുഖമായിട്ടിരിക്കുന്നവൎക്കുപോലും ഉൽക്കണ്ഠയെ ജനിപ്പിക്കുന്ന ഈ വൎഷകാലംകൊണ്ടദ്ദേഹത്തിനെന്തൊരനൎത്ഥമാണു വരാൻ പോകുന്നതെന്നു ഞാൻ അറിയുന്നില്ല.

സഹജന്യ- സഖീ, ഇനി സമാഗമത്തിനു വല്ലതും ഉപായമുണ്ടോ.

ചിത്രലേഖ- x ഗൌരീചരണരാഗസംഭവമായിരിക്കുന്ന സംഗമനീയരത്നത്തെ ഒഴിച്ചവരുടെ സമാഗമത്തിനെന്തുപായമാണുള്ളതു്.

സഹജന്യ- സഖീ, ഇപ്രകാരം വിശേഷാകൃതികളായിരിക്കുന്നവൎക്കു വളരെക്കാലം ദുഃഖമനുഭവിക്കേണ്ടിവരികയില്ല. എന്തെങ്കിലും ഒരനുഗ്രഹം നിമിത്തം നിശ്ചയമായിട്ടു പിന്നെയും സമാഗമം ഭവിക്കും. അതിനാൽ വരൂ. നമുക്കു് ഉദയോന്മുഖനായിരിക്കുന്ന സൂൎയ്യഭഗവാനെ സേവിക്കാം.

(രണ്ടുപേരും പോയി)

---

x പാർവ്വതിയുടെ ചെന്നിറ[illegible] ... [illegible]
ചരണം.

# നാലാം അങ്കം.

അനന്തരം ഭ്രാന്തന്റെ വേഷമായിട്ട രാജാവു പ്രവേശിക്കുന്നു.

രാജാ— (ചുററും നോക്കീട്ട്) എടാ ദുരാത്മാവെ രാക്ഷസാധമാ നിൽക്ക് നിൽക്ക്. എന്റെ പ്രിയതമയെ എടുത്തുംകൊണ്ടു നീയെവിടെപ്പോകുന്നു. കഷ്ടം. പൎവ്വതാഗ്രത്തിൽനിന്നാകാശമാൎഗ്ഗത്തെ ഉല്ലംഘിച്ചിട്ടെന്നെശ്ശരങ്ങളെക്കൊണ്ടു വൎഷിക്കുന്നോ. (നല്ലവണ്ണം നോക്കീട്ട്) അല്ലാ.

പ്രത്യഗ്രമേഘമിതു രാക്ഷസദുഷ്ടനല്ല
വൃത്രാരിചാപമിതഹോ കുലവില്ലുമല്ല
ചീൎത്തോരു വൎഷമിതു ബാണഗണങ്ങളല്ല
വിദ്യുത്തിതെൻ പ്രിയതമോൎവ്വശിതാനുമല്ല. 1

(വിചാരിച്ചിട്ട്)

അവളും എവിടെപ്പോയതായിരിക്കും.

നില്ക്കാം കോപാൽ മറഞ്ഞായവളുചിരമിതി കോപിക്കയില്ലിന്നു പിന്നെ
സ്വൎഗ്ഗേ പോയായിരിക്കാമവളുടെ ഹൃദയം സ്നിഗ്ദ്ധമായ് സക്തമെന്നിൽ
ശക്തന്മാരല്ല പാൎത്താൽ ദനുജരവളെയെൻ മുന്നിൽ നിന്നാഹരിപ്പാ-
നിക്കാലത്തൊന്നിവണ്ണം വിധിയിതവളഹോ ഹന്ത കാണാതെയായി. 2

(എല്ലാം ദിക്കിലും നോക്കീട്ട് ദീൎഘശ്വാസത്തോടുകൂടി)

ഭാഗ്യഹീനന്മാരുടെ ദുഃഖം ദുഃഖത്തെ അനുബന്ധി ച്ചുതന്നെ ഇരിക്കും. ഇതാ അപ്രകാരംതന്നെ

ഇപ്പോൾ പൊട്ടുന്നനെയിനിക്കു സഹിച്ചുകൂടാ-
ത്തീ പ്രേയസീവിരഹമിങ്ങനെ വന്നുചേൎന്നു
നല്പാൎന്നിട്ടും നവപയോദനവാതപങ്ങൾ
പപ്പാതിയായ ദിവസങ്ങൾ വരാറുമായി. 3

(വിചാരിച്ചിട്ട്)

ഞാൻ വെറുതെ തന്നെയാണീ മനോദുഃഖത്തെക്കു റിച്ചുപേക്ഷ വിചാരിക്കുന്നതു്. "രാജാ കാലസ്യ കാ രണം" എന്നു മുനികൾ തന്നെയും പറയുന്നു. പിന്നെ ഞാനെന്തിനാണീ വൎഷാസമയത്തെ നിരാകരിക്കാതി രിക്കുന്നതു്. അല്ലെങ്കിലതു വേണ്ടാ. ഈ വൎഷചിഹ്ന ങ്ങൾ തന്നെ ഇനിക്കു വല്യതായിരിക്കുന്ന രാജോപചാ രത്തെ ചെയ്യുന്നു. എങ്ങനെ എന്നാൽ,

മേഘം മേ മിന്നലാം പൊൻകസവുകരയെഴും
ചാരുമേക്കട്ടിയായി
വീശുന്നൂ മഞ്ജരീചാമരനിര നിതരാ-
മാററുവഞ്ചിദ്രുമങ്ങൾ
വൎഷാൽ ശബ്ദംതെളിഞ്ഞുള്ളൊരു ശിഖിനിവഹം
വന്ദിവൃന്ദങ്ങളായി
ധാരാഹാരങ്ങൾ നൽകും ധരണിധരവണി-
ഗ്ഗീരരും പാരമുണ്ട്. 4

എന്നാൽ ഈ ഉപകരണങ്ങളുടെ ശ്ലാഘകൊണ്ടെ നിക്കെന്താണു സാദ്ധ്യം. ഞാനിപ്പോൾ ഈ കാട്ടി ലൊളിച്ചിരിക്കുന്ന എന്റെ പ്രിയതമയെ അന്വേഷി

ക്കട്ടെ. (ചുററി നടന്നിട്ടു്) ആശ്ചര്യം. ഉത്സാഹിച്ചു കൊണ്ടിരിക്കുന്ന എനിക്കിഷ്ടം സംഭവിച്ചു. എന്തു കൊണ്ടെന്നാൽ,

ആരക്തരാജികളുമംബുകണങ്ങളും ചേ-
ന്നോരി മനോജ്ഞനവകന്ദളിതൻ സുമം മേ
ആരോമലാകുമവൾതന്നുടെ കോപബാഷ്പം
പൂരിച്ചു കണ്ണുകളിലോൎമ്മ വരുത്തിടുന്നു. 5

തത്രഭവതി എവിടെപ്പോയി എന്നു ഞാനെങ്ങനെ യാണൂഹിക്കേണ്ടതു്.

പാരം മാരി ചൊരിഞ്ഞു നല്ല മണലാം
കാന്താരദേശത്തിലി-
പ്പാരിൽ പാവണചന്ദ്രചാരുമുഖിയാൾ
പാദം പതിച്ചെങ്കിലോ
പാരിക്കുന്ന നിതംബഭാരമതിനാൽ
പിൻഭാഗമേററം പതി-
ഞ്ഞോരാ കാലടി യാവകാങ്കിതമതായ്
ക്കാണാതിരിക്കില്ലഹോ. 6

(ചുററി നടന്നുനോക്കീട്ടു സസന്തോഷത്തോടുകൂടി)

കോപനയായിരിക്കുന്ന അവൾ പോയ വഴിയാണി തെന്നൂഹിക്കുന്നതിനു തക്കതായ ലക്ഷണം കിട്ടി.

ചൊടിക്കുള്ള രാഗം ഹരിച്ചശ്രുവീണി-
ട്ടിടയ്ക്കുങ്കമാണ്ടും ശുകശ്യാമമായും
കിടക്കുന്ന തത്തനപി കോപേന വേഗാൽ
നടക്കുമ്പൊൾ വീണുള്ള കൊങ്കപ്പടം താൻ. 7

(സൂക്ഷിച്ചുനോക്കീട്ടു്) ഛേ ഇതിന്ദ്രഗോപങ്ങളോടുകൂടിയ പുതിയ പുൽപ്രദേശമാണു്. നിൎജ്ജനമായ വന

ത്തിൽ പ്രിയയുടെ വൎത്തമാനം എങ്ങനെയാണറിയേണ്ടതു്. (നോക്കീട്ടു്) ഓ ഇതാ മഴകൊണ്ടു പായൽ പിടിച്ചു മൂടിയിരിക്കുന്ന പാറപ്പുറത്തു കേറി നിന്നുംകൊണ്ടു്,

കിഴക്കൻകാറേററങ്ങധികമിളകും പീലികളൊട്ടും
തഴെക്കുംമോദത്താൽതരമൊടൊരുകേകീന്ദ്രനധുനാ
കൊഴുത്താങ്ങുൾത്തിങ്ങും കളതരകളാം കേകകളെഴും
കഴുത്തേററംനീട്ടിഗ്ഘനനിരയെനോക്കുന്നുകുതുകാൽ. 8

അടുത്തു ചെന്നിവനോടു ചോദിക്കതന്നെ.

പ്രിയദൎശനയായിട്ടുന്നൊരസ്മൽ-
പ്രിയയാമായതനേത്രതന്നെയിപ്പോൾ
അയി കേകികുലേന്ദ്രയീവനാന്തേ
ദയനീത്രപമൊടൊത്തു കണ്ടിതോ നീ. 9

ഉത്തരം പറയാതെ തന്നെ നൃത്തം തുടങ്ങിയോ. ഇവനിത്ര സന്തോഷത്തിനെന്താണു കാരണം.

ആട്ടാട്ടിപ്പോൾ ഗ്രഹിച്ചേനിതു; മമ ദയിതാ-
വിപ്രയോഗാൽ ഘനശ്രീ
മട്ടും നൽപീലി ചേരുന്നിവനിതുപൊഴുതിൽ
ശത്രുവില്ലാതെയായി
കെട്ടററാക്കേളികാലത്തണിസുമമെഴുമ-
ച്ചാരുവേണീകലാപം നൽ
കട്ടിത്തം ചേൎന്ന പാരം വിലസുമളവിലി
കേകിയെന്തൊന്നു ചെയ്യും. 10

അന്യന്മാരുടെ വ്യസനത്തെക്കുറിച്ചു സന്തോഷിക്കുന്ന ഇവനോടു ഞാൻ ചോദിക്കാൻതന്നെ ഭാവമില്ല. (ചുററി നടന്നു നോക്കീട്ടു്)

ഇതാ വൎഷാരംഭം ഹേതുവായിട്ടു മദം വൎദ്ധിച്ചിരിക്കുന്ന ഒരു കുയിൽപ്പേട ഈ ഞാവൽവൃക്ഷത്തിൻെറ ശിഖരത്തിൽ ഇരിക്കുന്നു. പക്ഷികളിൽ വച്ചറിവുള്ള ജാതി ഇതാണു്. ഇതിനോടു പ്രാൎത്ഥിക്ക തന്നെ.

നിന്നെക്കാമികൾ കാമദൂതികയിതെ-
ന്നോതുന്നു നീ താൻ പരം
മാന്യേ, മാനവിനാശനക്ഷമമതാ-
യുള്ളോരമോഘാസ്ത്രവും
എന്നാലെൻപ്രിയയെജ്ജവാലിഹ നയി-
ച്ചീടെൻ സമീപത്തെയ-
ല്ലെന്നാൽ മഞ്ജുളവാണി മാമയി നയി-
ച്ചാലും തദീയാന്തികം. 11

ഭവതി എന്താണു പറയുന്നതു്. "ഇപ്രകാരം അനുരക്തനായ അങ്ങെ എങ്ങിനെയാണവൾ ഉപേക്ഷിച്ചു പോയതു്" എന്നോ. ഭവതി കേട്ടാലും.

ഉൾക്രോധമാണവളതിന്നൊരു കാരണം തെ-
ല്ലോൎക്കുന്നതില്ലഹമൊരിക്കൽ നിനച്ചതായും
മൈക്കണ്ണിമാൎക്കു നിജവല്ലഭരിൽ പ്രഭുത്വം
വായ്ക്കുന്നതിന്നൊരപരാധമപേക്ഷയില്ല. 12

(നോക്കീട്ടു്) കഥാഭംഗത്തെച്ചെയ്തുംവച്ചു സ്വകാൎയ്യത്തിൽ തന്നെസക്തയായൊ?

ഓൎത്താലന്യൻെറ ദുഃഖം വലുതപി ലഘുവാ-
മന്യനെന്നുള്ള വാക്യം
സത്യം താനാൎത്തനാമെൻ പ്രണയമിതു ഗണി-
ക്കാതെയിക്കോകിലസ്ത്രീ

ചീൎത്തീടുന്നുൾമ്മദം പൂണ്ടധരമതുകണ-
ക്കാശു ജംബൂദ്രുമത്തിൻ
പുത്തൻപാക്കപം ഭുജിപ്പാൻ പെട്ടതയൊട്ടുതുട-
ന്നീടിനാളുദ്ധരമോദം. 13

ഇങ്ങനെയായെങ്കിലും ഇവൾ എന്റെ പ്രിയതമയെപ്പോലെ മംജുളസ്വനയാണല്ലോ എന്നു വിചാരിച്ചിനിക്കിവളിൽ കോപം തോന്നുന്നില്ല. (ചുററി നടന്നുംകൊണ്ടു ചെവി കൊടുത്തിട്ടു്) ഇതാ തെക്കഭാഗത്തായിട്ടു പ്രിയയുടെ പാദവിന്യാസത്തെ ശംസിക്കുന്ന ചിലമ്പിന്റെ ശബ്ദം. അങ്ങോട്ടു പോകതന്നെ. അയ്യോ കഷ്ടം.

ചിക്കെന്നു മേഘനിരകൊണ്ടു കറുത്തു പാരം
ദിക്കൊക്കെയും സംപ്രതി കണ്ടിഹ മാനസത്തിൽ
ഉൽക്കണ്ഠ പൂണ്ട കളഹംസനിനാദമാണി-
ക്കേൾക്കുന്നതത്ര മണിനൂപുരനാദമല്ല. 14

ആട്ടെ. മാനസസരസ്സിനെക്കുറിച്ചുത്സുകങ്ങളായിരിക്കുന്ന ഈ പക്ഷികൾ വേഗം പറന്നുപോകുന്നതിനു മുമ്പേ ഇവരോടു ചോദിച്ചാൽ പ്രിയയുടെ വൃത്താന്തം അറിയാം. (അടുത്തു ചെന്നിട്ടു്)

അല്ലയൊ പക്ഷിരാജനായുള്ളോരേ ഹംസം,
പിന്നെപ്പോയ്ക്കൊൾക നീ മാനസമതിനു വഴി-
ക്കുണിനുള്ളീമൃണാളം
സന്ത്യാ പിന്നെ ഗ്രഹിക്കുന്നതിനതുമരിക-
ത്തങ്ങു വച്ചീടെടോ നീ

എന്നേ ദുഃഖത്തിൽനിന്നെൻപ്രിയയുടെ കഥയാ-
ലുദ്ധരിച്ചാലുമിപ്പോൾ
ധന്യന്മാൎക്കിഷ്ടകാൎയ്യം വലിയതു നിജകാ-
ൎയ്യത്തിലും പാൎത്തിടുമ്പോൾ. 15

മാനസോൽസുകനായ ഞാൻ കണ്ടില്ല എന്നു പറയുന്നു എന്നു തോന്നാൻ തക്കവിധത്തിൽ മേല്പോട്ടു നോക്കുന്നോ.

വണ്ടാറണിക്കുഴലിയാം മമ കാന്തതന്നെ- 16
ക്കണ്ടേറ്റതരം ബത മരാളസരസ്സമീപേ
കണ്ടില്ലിതെങ്കിലയി ചോര, മദാലസത്വം
പൂണ്ടോരു തൽഗതിയെയെങ്ങനെ നീ ഹരിച്ചു.

(അനുനയത്തോടുകൂടി പിന്നാലെ ചെന്നിട്ടു്

കളഹംസ, തരേണമെൻ പ്രിയാം മേ
ലളിതം തൽഗതമിന്നു നീ ഹരിച്ചു
തെളിവൊട്ടിഹ കാൺകകൊണ്ടുതാന-
ക്കളവൻപോടറിയുന്നിതെന്നു നൂനം. 17

തസ്കരാനുശാസിയായ രാജാവെന്നുള്ള ഭയം ഹേതുവായിട്ടിതാ ഇവൻ മേല്പോട്ടു പറന്നുപോയി.

(ചുററിനടന്നുനോക്കീട്ടു്

ഇപ്പോൾ പ്രിയാനുചരനായ ഈ ചക്രവാകത്തിനോടു ചോദിക്കാം.

രഥാംഗശ്രോണിയാളോടി-
രഥിയാംഞാൻ വിയുക്തനായ്
രഥാംഗ, ചോദിച്ചീടുന്നേൻ
ധൃതാനേകമനോരഥൻ. 18

[നോക്കീട്ടു്]

കഃ കഃ എന്നെന്നോട്ട ചോദിക്കുന്നോ. ഇവൻ എന്നെ അറികയില്ല.

19. ആരർക്കനെപ്പത്താവൃഥ സോമപൌത്ര-
നാരുർവ്വശീഭ്രമികൾവന്നമന്ദം
ആരേ സ്വയം വല്ലഭനാക്കി മോദാൽ
നേരേ വരിച്ചായവനീയവൻതാൻ.

എന്താണൊന്നും മിണ്ടാതിരിക്കുന്നതു്. ഞാനിവനെ ശകാരിക്കട്ടെ.

തൽപ്രാണപ്രിയ പത്മപത്രമതിനാൽ
പോലും മറഞ്ഞീടിനാ-
ലപ്പോൾ ദൂരഗയെന്നുവച്ചതിശുചാ
രോദിക്കയില്ലേ ഭവാൻ
കെല്പേറം പ്രണയാൽ പ്രിയാവിരഹഭീ-
രുത്വം ഭവാനേവമി-
ന്നുൾപ്പൂ വെന്തിടുമെന്നിലെൻപ്രിയതമാ-
വൃത്താന്തവൈമുഖ്യവും. 20

ഇതെല്ലാം എന്റെ ഭാഗ്യഹീനതയുടെ വലിപ്പം തന്നെയാണു്. ആട്ടെ. ഇനി മറെറാരു ദിക്കിലേക്കു പോക തന്നെ.

(ഒരു ചുവടുവച്ചുനിന്നിട്ടു്)

ആട്ടെ. എന്നാൽ ഇപ്പോൾ പോകുന്നില്ല.

ഉൾപ്പൂക്കു ക്രൂജിതമിളിന്ദമെഴുന്ന നല്ലോ-
രിപ്പത്മമെന്നെയഴകോടു തടുത്തിടുന്നു
കെല്പോടു ഞാൻ നുകരുമോരധരത്തൊടൊത്ത-
ങ്ങല്പന്നസീൽകൃതി തടാനനമെന്നപോലെ. 21

ഞാൻ പശ്ചാത്താപത്തോടുകൂടി ഇവിടെച്ചെന്നി

പുതിയ താമരപ്പൂവിലിരിക്കുന്ന വണ്ടിനോടു യാചിക്കട്ടെ.

പറക മധുപ, നീയെൻപ്രേയസിവാർത്തപക്ഷേ
വരതനുവവളേ നീ കണ്ടിരിക്കില്ല നൂനം
പരിമളമിളകീട്ടം തന്മുഖോച്ഛ്വാസമേററാൽ
സരസിജമിതിലേവം സക്തിയുണ്ടാകുമോ തേ 22

പോകതന്നെ [ചുററിനടന്നിട്ട്

ഈ കടമ്പുവൃക്ഷത്തിന്റെ ശിഖരത്തിങ്കൽ തുമ്പിക്കയ്യും എടുത്തുവച്ചു കരിണീസംയുക്തനായിട്ടിതാ ഒരു ഗജേന്ദ്രൻ നിൽക്കുന്നു. എന്റെ പ്രിയതമാവൃത്താന്തത്തെ ഇവനോടു ചോദിച്ചറിയാം. ആട്ടെ. പരിഭ്രമിക്കണ്ട.

പുത്തൻപ്രവാളനിരയൊത്തിഹ മദ്യഗന്ധം
മെത്തും രസം പെരിയ സല്ലകിതന്റെ ഖണ്ഡം
അത്യാദരാൽ പ്രിയയിവന്നധുനാ നിജാഗ്ര-
ഹസ്തേന നല്കുവതശിച്ചുകഴിഞ്ഞിടട്ടെ. 23

[കുറച്ചു നിന്നിട്ട്]

കരികരോരുവതായ് സ്ഥിരയൌവനം
പരിചൊടാണ്ട സ്മിതാഞ്ചിതകേശിയായ്
മരുവുമെൻപ്രിയ മംഗളഗാത്രിയെ
ദ്വിരദയൂഥപ, നീ ബത കണ്ടിതൊ. 24

(സന്തോഷത്തോടുകൂടി

പ്രിയതമോപലംഭത്തെ ശംസിക്കുന്നതായി സ്നിഗ്ദ്ധഗംഭീരമായിരിക്കുന്ന ഇവന്റെ ഗർജ്ജിതം എന്നെ ആശ്വാസിപ്പിക്കുന്നു. സമാനധമ്മത്വം ഹേതുവായിട്ടു വളരെ സന്തോഷവും തോന്നുന്നുണ്ട്.

എന്നെച്ചൊല്ലുന്നു രാജേശ്വരനിതി ഗജരാ-
ജേന്ദ്രനത്രേ ഭവാനും
പിന്നെട്ടാനം ഭവാനുണ്ടധികതരമിനി-
ക്കളം സദാ യാചകൌഘേ
ധന്യാ പ്രാണപ്രിയാ തേ കരിണിയിവളിനി-
ക്കുവ്വശീതുല്യമെല്ലാ-
മെന്നാൽ ജായാവിയോഗാലതിരുജയതിനി-
ക്കുണ്ടതുണ്ടാകൊലാ തേ. 25

പോകതന്നെ: [ചുററിനടന്നുനോക്കിയിട്ട്

ഇതാ സുരഭികന്ദരൻ എന്നു പ്രസിദ്ധനായിരിക്കുന്ന പർവതം. ഈ സ്ഥലം അപ്സരസ്ത്രീകൾക്കു പ്രിയമായിട്ടുള്ളതാകുന്നു. ഇവിടെ ആ സുന്ദരിയേയും കണ്ടെന്നുവരാം. (ചുററിനടന്നുനോക്കിയിട്ട്

കഷ്ടം എൻെറ ദുരിതവിപാകങ്ങളെക്കൊണ്ടു മേഘവും മിന്നൽപിണരോടു കൂടാത്തതായിത്തീൻ. എങ്കിലും ഈ പവ്വതത്തിനോടും ചോദിക്കാതെകണ്ടു ഞാൻ തിരിച്ചുപോകുന്നില്ല.

സ്മരപരിഗ്രഹമായൊരു നിൻവനേ
ഗുരുനിതംബ ഗിരീന്ദ്ര കുചദ്വയം
ഉരസി തിങ്ങിനിറഞ്ഞു നതാംഗിയാ-
മൊരുനിതംബിനിയാൾ മരുവുന്നിതോ. 26

എന്താണൊന്നും മിണ്ടാതിരിക്കുന്നതു്. ദൂരംകൊണ്ടു കേൾക്കുന്നില്ലെന്നു തോന്നുന്നു. ആട്ടെ. ഇനി അടുത്തു ചെന്നിവനോടു ചോദിക്കാം. (അടുത്തു ചെന്നിട്ട്

സർവ്വക്ഷമാധരപതേ, പറകെന്നോടിപ്പോൾ
ദേവിട്ടു കഷ്ടമിഹ രമ്യവനപ്രദേശേ
സർവ്വാംഗസുന്ദരിയതായി വിളങ്ങിടുന്ന
സ്വർവ്വാരനാരിയവളെങ്ങുത കണ്ടിതോ നീ. 27

(കേട്ടിട്ടു് സന്തോഷത്തോടുകൂടി)

ക്രമത്തിന്റെ തക്കവണ്ണം കണ്ടു എന്നല്ലേ പറയുന്നതു്. ഭവാൻ ഇതിന്റെ ശേഷംകൂടി കേൾക്കണം. എന്നാൽ എന്റെ പ്രിയതമ ഇപ്പോൾ എവിടെ.

(സൂക്ഷിച്ചുനോക്കിയിട്ടു്)

അയ്യോ കഷ്ടം ഇതു ഗുഹാന്തരവ്യാപിയായ എന്റെ പ്രതിശബ്ദം തന്നെയാണു്. (വിഷാദത്തെനടിച്ചിട്ടു്)

ഞാൻ വളരെ ക്ഷീണിച്ചു. ഈ അരുവിയാററിലെ തിരമാലകളിൽ നിന്നുവരുന്ന കാററു കൊള്ളുകതന്നെ. പുതുവെള്ളംകൊണ്ടു കലങ്ങിയിരിക്കുന്നു എങ്കിലും ഒഴുകികൊണ്ടിരിക്കുന്ന ഈ നദി കണ്ടിട്ടെന്റെ മനസ്സു രമിക്കുന്നു.

കല്ലോലച്ചില്ലിയോടും ചലതരവിഹഗ-
ശ്രേണിയാം കാഞ്ചിയോടും
സോല്ലാസം ഫേനമാം സംഭ്രമശിഥിലദുകൂ-
ലത്തോടൊത്തും സലീലം
വല്ലാതത്യന്തമുണ്ടാം സ്ഖലിതമതിസ-
ന്ധിച്ചു പോകുന്നകണ്ടാൽ
മെല്ലെക്കോപിഷ്ഠയാകുന്നവളിഹ നദിയായ്
ത്തീന്നതോ എന്നുതോന്നും. 28

(തൊഴുതുംകൊണ്ടു്)

ആട്ടെ. ഇവളോടു യാചിക്ക തന്നെ

ബദ്ധാനുരാഗമിഹ നിൻപ്രിയമേററമോതി-
ച്ചിത്തേ സദാ പ്രണയഭംഗഭയത്തോടൊത്തും
വർത്തിക്കുമെന്നിലയി മാനിനി, തെററൊരല്പം
ഭൃത്യം ത്യജിപ്പതിനു തക്കതു കാൺമതുണ്ടോ. 29

(നോക്കീട്ട്

അയ്യോ കഷ്ടം! ഇതുപരമാർത്ഥമായിട്ടുതന്നെ നദിയാണ്. ഉവ്ശി ഈ പുരൂരവസ്സിനെ ഉപേക്ഷിച്ചും വച്ചു സമുദ്രാന്തസാരിണിയായി ഭവിക്കുന്നവളല്ല. ആട്ടെ, നിർവേദമില്ലാത്തവർക്കു മാത്രമേ ശ്രേയസ്സുകളെ ലഭിക്കാൻ കഴിയു. ആ സുന്ദരിയെ കാണാതകണ്ടായ ആ സ്ഥലത്തേക്കുതന്നെ പോകാം. (നോക്കീട്ട്)

ഇതവൾ പോയ വഴിയാണെന്നുള്ള ലക്ഷണം കാണുന്നുണ്ട്.

അല്പം വിടൎന്നില്ലി നിരന്നിടാതെ
കെല്പാൎന്നവർഷാഗമശംസിയാകും
യൽപുഷ്പമെൻകാന്ത പറിച്ചു ചൂടി
നല്ലോടിതാ രക്തകദംബമത്രേ. 30

പ്രിയാവൃത്താന്തത്തെ അറിവാനായിട്ടീകിടക്കുന്ന മാനിനോടർത്ഥിക്കതന്നെ.

ഘനകാലമത്ര കുതുകേന കാണുവാൻ
വനലക്ഷ്മി ചേർത്തൊരു കടാക്ഷമെന്നപോൽ
ഇവനെസ്സമോദമിഹ കൃഷ്ണസാരസൽ-
ഛവിപൂണ്ടുകൊണ്ടു ബത കണ്ടിടുന്നിതാ. 31

ഇതെന്താണെന്നു നോക്കാതെ മറെറാരു ദിക്കിലേക്കു തന്നെ മുഖം തിരിച്ചുകൊണ്ടിരിക്കുന്നതു്.

(കണ്ടിട്ട്

മാൻപേടതന്നരികിലേക്കു വരുന്നനേരം
മുൻപിട്ടുടൻ മുലകുടിച്ചിട്ടുമക്കിടാവ്
അൻപിൽ തടുത്തതുനിമിത്തമിവൻ തിരിഞ്ഞു
കമ്പം വെടിഞ്ഞവളെയങ്ങനെ നോക്കുകത്രേ. 32

അല്ലയൊ മൃഗയൂഥപതേ,

മൽക്കാന്തയെക്കിമു വനേ ബത കണ്ടിതോ നീ
കേൾക്കേണമേതദുപലക്ഷണമോതിടാം ഞാൻ
ദീർഘാക്ഷി, നിൻദയിതയെങ്ങനെ ഭംഗിയോടും
നോക്കുന്നിതായവളുമങ്ങനെതന്നെ നൂനം. 33

എൻെറ വാക്കിനെ ആദരിക്കാതെ കളത്രത്തിനഭിമുഖമായിട്ടു സ്ഥിതനായൊ. ശരി; എൻെറ അവസ്ഥാഭേദം പരിഭവാസ്പദമാണു്. ഇവിടെ നിന്നു് പൊയ്ക്കളയാം. (ചുററിനടന്നുമുമ്പോട്ടുനോക്കീട്ടു്

ഈ പാറയ്ക്കിടയിലായിട്ടിതെന്താണു കാണുന്നതു്.

കത്തും സൽകാന്തിയുള്ളൊന്നിതു ഹരിഹതഹ-
സ്തീന്ദ്രമാംസാംശമല്ലി-
ന്നൊത്താലഗ്നിസ്ഫുലിംഗം മഴയുടനധികം
പെയ്തോരിക്കാട്ടിലുണ്ടോ (നോക്കീട്ടു്)
രക്താശോകപ്രസൂനാരുണരുചിമണിയാ-
ക്കുന്നിതങ്ങുദ്ധരിപ്പാ-
നത്യുത്സാഹാൽ ദിനേശൻ കരനിരകൾ പതി-
പ്പിച്ചിതോ എന്നുതോന്നും. 34

ആശ്ചര്യം. എൻെറ മനസ്സിനെ ഹരിക്കുന്നു. ഇതെടുക്കുക തന്നെ. അല്ലെങ്കിൽ

മന്ദാരമാല്യമണമാൎന്നവളന്തൻശിരസ്സിൽ
സന്ദേഹമില്ലിതു ധരിപ്പതിനിന്നു യോഗ്യം
തന്വംഗി ദുർല്ലഭ നമുക്കിതു പിന്നെ ഞാനി-
ക്കണ്ണീരിനാൽ മലിനമാക്കുവതെന്തിനിപ്പോൾ. 35

(അണിയറയിൽ) വത്സാ, ഗ്രഹിച്ചാലും; ഗ്രഹിച്ചാലും.

ഗൗരീപാദസരോജരാഗമതിൽനി-
ന്നൽഭുതമായുത്ഭുതം
ചേരും സംഗമനീയമെന്നു പുകഴും
സദ്രത്നമത്യുത്തമം
ആരെന്നാലുമിതാദരത്തൊടു ധരി-
ച്ചെന്നാകിലന്നായവ-
ന്നാരാൽ തൻപ്രിയലോകസംഗമമുടൻ
സിദ്ധിച്ചിടും നിശ്ചയം. 36

രാജാ- (ചെവികൊടുത്തിട്ടു്) ഹേ, ഇതാരാണെന്നെ ശാസിക്കുന്നതു്. (വിചാരിച്ചിട്ടു്) ഭഗവാൻ ശ്രീപരമേശ്വരനെന്നെക്കുറിച്ചു ദയയുണ്ടായതാണു്. അല്ലയൊ ഭഗവാനേ, ഞാൻ അനുഗ്രഹിക്കപ്പെട്ടവനായി.

(രത്നത്തെ കയ്യിൽ എടുത്തിട്ടു്) അല്ലയൊ സംഗമനീയാ,
മംഗലാംഗിയവളാടിനിക്കു നീ
സംഗമത്തിനിടയാക്കിൽ നിന്നെ ഞാൻ
അംഗജാരി തരുണേന്ദുമെന്നപോൽ
ഭംഗിയോടു മമ മൂൎദ്ധ്നി ചേൎക്കുവൻ. 37

(ചുററി നടന്നു നോക്കീട്ടു്)

ഹേ, ഇതെന്താണു പുഷ്പരഹിതയാണെങ്കിലും ഈ ലതയെക്കണ്ടിട്ടെന്റെ മനസ്സു രമിക്കുന്നതു്. അല്ലേ

ങ്കിൽ ഇനിക്കിതു മനോരമയായിത്തീൎന്നതു യുക്തം തന്നെ.

കണ്ണീർ ചുണ്ടത്തു വാൎത്താഭരണതതി വെടി-
ഞ്ഞങ്ങടിപ്പെട്ടൊരെന്നെ-
ച്ചണ്ഡത്വത്താൽ ത്യജിച്ചാധിയൊടവള്ളരിയാ-
ടാതെ നില്ക്കുംകണക്കെ
കൊണ്ടൽത്തണ്ണീർ നനയ്ക്കും തളിരൊട്ടമഥകാ-
ലാത്യയാൽ പൂക്കളെന്യേ
വണ്ടിൻ ശബ്ദങ്ങളില്ലാതെയുമതികൃശയാ-
യിട്ടു കാണപ്പെടുന്നു. 38

പ്രിയയെ അനുകരിക്കുന്ന ഇതിനെ പ്രണയത്തോടു കൂടി ആലിംഗനം ചെയ്യുതന്നെ.

(ലതയെ ആലിംഗനം ചെയ്യുന്നു)

അനന്തരം ഉൎവ്വശി ആ സ്ഥലത്തെ ആശ്രയിച്ചു പ്രവേശിക്കുന്നു.

രാജാ— (കണ്ണടച്ചുംകൊണ്ടു സ്പൎശത്തെ നടിച്ചിട്ടു്) ഹേ, ഉൎവ്വശിയുടെ ശരീരത്തോടു ചേൎന്നാലത്തെപ്പോലെയുള്ള സുഖം എന്റെ ശരീരത്തിനു സംഭവിച്ചിരിക്കുന്നു. എങ്കിലും പിന്നെയും വിശ്വാസം വരുന്നില്ല. എന്തെന്നാൽ

മുന്നം ഞാനൊരു വസ്തുവെ പ്രിയയിതെ-
ന്നായിസ്സമൎത്ഥിച്ചിട്ടു-
ന്നെന്നാലായതു തൽക്ഷണം ബത മറി-
ച്ചല്ലോ ഭവിക്കുന്നു മേ
സംസ്പൎശന്നമിതപ്രിയത്വമിയലും
ഞാനാകയാൽ വേഗമോ-
ടിപ്പോൾ കെല്പൊടടച്ച കണ്ണുകൾ തുറ-
ക്കുന്നില്ല തെല്ലെങ്കിലും. 39

[കുറേശ്ശ കണ്ണു തുറന്നിട്ടു സന്തോഷത്തോടുകൂടി]

ഹേ, സത്യമായിട്ടു തന്നെ ഉവ്വശിയോ.

ഉവ്വശി- [കണ്ണുനീരു തൊഴിച്ചിട്ടു] മഹാരാജാവു ജയിക്കട്ടെ.

രാജാ-

തവ വിരഹതമസ്സിൽ ചണ്ഡി, തിണ്ണെന്നു മുങ്ങ-
ന്നിവനയി വിധിയോഗാൽ നിന്നെ വീണ്ടും ലഭിച്ചു
നവകുവലയനേത്രേ, ജീവനാശം ഭവിച്ചു-
ള്ളവനഴകൊടു പിന്നെച്ചേതനാമെന്നപോലെ. 40

ഉവ്വശി- എനിക്കുള്ളിൽ ബോധമുണ്ടായിരുന്നതിനാൽ മഹാരാജാവിന്റെ കഷ്ടാവസ്ഥകളെല്ലാം ഞാൻ കണ്ടറിഞ്ഞിരിക്കുന്നു.

രാജാ- എനിക്കുള്ളിൽ ബോധമുണ്ടായിരുന്നതിനാൽ എന്നു ഭവതി പറയുന്നതിന്റെ അത്ഥം എനിക്കു മനസ്സിലാകുന്നില്ല.

ഉവ്വശി- മഹാരാജാവു പ്രസാദിക്കണം. എന്നാൽ ഞാൻ പറയാം. എന്തെന്നാൽ ഞാൻ കോപസംയുക്തയായിട്ടു മഹാരാജാവിനെ അവസ്ഥാന്തരത്തെ പ്രാപിപ്പിച്ചിരിക്കുന്നു.

രാജാ- എന്നെ ഇനി സന്തോഷിപ്പിക്കാനൊന്നുമില്ല. ഭവതിയെക്കണ്ടതുകൊണ്ടുതന്നെ എന്റെ ബാഹ്യാന്തഃകരണങ്ങളും സന്തുഷ്ടങ്ങളായിത്തീന്നിരിക്കുന്നു. പറഞ്ഞാലും. എന്നോടുകൂടാതെ ഇത്രയും കാലം ഭവതി എങ്ങനെ താമസിച്ചിരുന്നു.

ഉൎവ്വശി- മഹാരാജാവു കേട്ടാലും. ഭഗവാൻ സുബ്രഹ്മണ്യൻ ശാശ്വതമായിരിക്കുന്ന കുമാരവ്രതത്തെ സ്വീകരിച്ചു് അകലുഷം എന്നു പ്രസിദ്ധമായിരിക്കുന്ന ഗന്ധമാദനവനപ്രദേശത്തിങ്കൽ താമസിച്ചിരുന്നു. അദ്ദേഹം ഇങ്ങനെ വിധിക്കയും ചെയ്തു.

രാജാ- എങ്ങനെ.

ഉൎവ്വശി- "ഈ സ്ഥലത്തു യാതൊരു സ്ത്രീ പ്രവേശിക്കുന്നുവോ അവൾ ലതാകൃതിയായി ഭവിക്കും. ഗൗരീദേവിയുടെ തൃപ്പാദരാഗസംഭവമായിരിക്കുന്ന സംഗമനീയരത്നം കൊണ്ടല്ലാതെ അതിങ്കൽനിന്നു മോചിക്കയുമില്ല." എന്നു്. ഇതിനെ അറിഞ്ഞിരുന്നു എങ്കിലും ഗുരുശാപം നിമിത്തം മൂഢഹൃദയയായിട്ടു് ഈ ദേവവിധിയെ ഓൎക്കാതെ മഹാരാജാവിന്റെ അനുനയങ്ങളെ സ്വീകരിക്കാത്തവളായ ഞാൻ കുമാരവനത്തെ പ്രവേശിച്ചു. അനന്തരം മാധവീലതയായിത്തീരുകയും ചെയ്തു.

രാജാ- എല്ലാം ശരിയായി.

സ്മരക്രീഡാഖേദാൽ സുദതി ശയനേ ഽപ്യല്പമപി ഞാ-
നുറക്കം പൂണ്ടെന്നാലുഡുപമുഖി മാം ദൂരഗതനായ്
നിനയ്ക്കും നീയോൎത്താൽ മമ ചിരവിയോഗോത്ഥ
(വമതാം
കനക്കും ഖേദത്തെക്കഥമിഹ സഹിക്കും പ്രിയതമേ.

ഭവൽസംഗമനിമിത്തമായിരിക്കുന്ന ഈ രത്നം എനിക്കു കിട്ടി. ഇതിന്റെ പ്രഭാവംകൊണ്ടാണു് ഞാൻ ഭവതിയെ പ്രാപിച്ചതു്. (രത്നം കാണിക്കുന്നു)

ഉവ്വശി– ഹോ സംഗമനീയം വിശേഷം തന്നെ.

(ശിരസ്സിൽവച്ചുവന്ദിക്കുന്നു.

രാജാ– അല്ലയോ സുന്ദരി, ഇങ്ങനെതന്നെ കുറച്ചു നേരം നിൽക്കണെ.

ബാലേ, തവദീയവദനം നലമോടിദാനീം
ഫാലേ ധരിച്ച മണിതന്നരുണാഭയാലെ
ബാലാക്കരശ്മിനിര ചേന്നൊരു പങ്കജത്തിൻ
ചേലുററ കാന്തി തെളിവോടു വഹിച്ചിടുന്നു. 42

ഉവ്വശി–അവിടുന്നു പ്രതിഷ്ഠാനനഗരത്തിങ്കൽ നിന്നു പോന്നിട്ടു വളരെ കാലമായിരിക്കുന്നു. മന്ത്രികൾക്കു് എന്നോടസൂയ തോന്നും. അതുകൊണ്ടു നമുക്കു പോകാം. വന്നാലും.

രാജാ– ഭവതിയുടെ നിയോഗം പോലെ ചെയ്യാം.

ഉവ്വശി– എങ്ങനെ പോകാനാണു മഹാരാജാവു് ആഗ്രഹിക്കുന്നതു്.

വൃത്രാരിചാപനവചിത്രമൊടൊത്തു നല്ല
വില്ലുല്ലതാമലപതാകകളോടിണങ്ങും
പ്രത്യഗ്രമേഘമതു ചാരുവിമാനമാക്കി
മത്തനവി, മാമയി പുരത്തെനയിക്കടോ നീ. 43

(രണ്ടുപേരും പോയി

## അഞ്ചാം അങ്കത്തിന്റെ പൂർവ്വാംഗം.

---

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ- ദൈവാനുകൂല്യത്താൽ തോഴരു വളരെക്കാലം ഉർവ്വശിയോടുകൂടി നന്ദനോദ്യാനം മുതലായ ദേവവനങ്ങളിൽ ക്രീഡിച്ചതിന്റെ ശേഷം ഇതാ ഇപ്പോൾ തിരിച്ചുവന്നു കൃതസൽക്കാരന്മാരായ മന്ത്രികളോടുംകൂടി വീണ്ടും രാജ്യഭാരം ആരംഭിച്ചിരിക്കുന്നു. സന്താനമുണ്ടായിട്ടില്ല എന്നല്ലാതെ ഇദ്ദേഹത്തിനിപ്പോൾ ഒരു കുറവുമില്ല. ഇന്നു വിശേഷതിഥിയാകകൊണ്ടു ഭവതികളായ ഗംഗായമുനകളുടെ സംഗമത്തിങ്കൽ ഭാര്യമാരോടുംകൂടിസ്നാനം കഴിച്ചിപ്പോൾ ഉപകാരികയിൽ എഴുന്നെള്ളിയിരിക്കയാണു്. അവിടുന്നലങ്കരിക്കുമ്പോൾ ഗന്ധമാല്യാദികളുടെ അഗ്ര്യഭാഗത്തെ സ്വീകരിക്കാനായിട്ടടുത്തു ചെല്ലുക തന്നെ. (ചുററിനടക്കുന്നു.

അണിയറയിൽ

അയ്യോ കഷ്ടം അയ്യോ കഷ്ടം! അപ്സരസ്സുകളാൽ മഹാരാജാവിന്റെ ശിരസ്സിങ്കൽ അണിയിക്കപ്പെടുവാൻ യോഗ്യമായിരിക്കുന്ന ആ രത്നം ആലവട്ടത്തിന്റെ പട്ടുറയിൽ വച്ചെടുത്തും കൊണ്ടു വരുമ്പോൾ ഒരു കഴുകൻപക്ഷി വന്നു തട്ടിക്കൊണ്ടുപോയി.

വിദൂഷകൻ- (ചെവികൊടുത്തിട്ടു്

കഷ്ടം അത്യാപത്തു തന്നെ. സംഗമനീയമെന്നു പറയുന്ന രത്നം തോഴർക്കു വളരെ പ്രത്യേകമായിട്ടുള്ളതാണു്. ഇതുകൊണ്ടുതന്നെയാണു തോഴരലങ്കാരമൊന്നും മുഴുവനാകാതെ ആസനത്തിങ്കൽ നിന്നെണീ

ററിതാ ഇങ്ങോട്ടുതന്നെ വരുന്നതു്. ഇപ്പോൾ ഇദ്ദേഹത്തിൻെറ അടുക്കലേക്കു ചെല്ലുകതന്നെ. (പോയി)

## അഞ്ചാം അങ്കം.

അനന്തരം പരിഭ്രമത്തോടുകൂടി രാജാവും
പരിവാരങ്ങളുംപ്രവേശിക്കുന്നു.

രാജാ- അവനമഴകിനോട്ടം ചെയ്യുപോരും ജനത്തിൻ
ഭവനമിതിവിടെത്താൻ ചെയ്യുമൊന്നാമതായി
അവിനയമിതി ചെയ്തിട്ടാത്മനാശം സ്വയം ചെ-
പ്പ്വവനവനെവിടേററം കള്ളനായുള്ളപക്ഷി. 1

കിരാതി- ഇതാ ഇവൻ പൊന്നിൻനൂലോടുകൂടി കൊത്തിയെടുത്തിരിക്കുന്ന രത്നംകൊണ്ടാകാശത്തെ ഉരെക്കുന്നുവൊ എന്നു തോന്നുമാറു് ശോഭിക്കുന്നു.

രാജാ-

വദനകലിതമാകും സ്വർണ്ണസൂത്രേണരത്നം
പതഗമുടനെടുത്തുംകൊണ്ടുവട്ടംതിരിഞ്ഞു്
അതിജവഗതിയായ്ത്തീക്കൊള്ളിചുററിച്ചിടുംപോൽ
തദരുണരുചിരേഖാചക്രമുണ്ടാക്കിടുന്നു. 2

എന്താണിപ്പോൾ ചെയ്യേണ്ടതു്?

വിദൂഷകൻ (അടുത്തുചെന്നിട്ട്)

തോഴരേ ദയകൊണ്ടു ഹിംസിക്കാതെ ഇരിക്കരുതു്. അപരാധിയായ ഇവൻ ശിക്ഷയ്ക്കർഹനാണു്.

രാജാ- അങ്ങു പറയുന്നതു് ശരിയാണു്. വില്ലു കൊണ്ടുവരട്ടെ.

യവനിക- അടിയൻ കൊണ്ടു വിടകൊള്ളാം.

(പോയി)

രാജാ— ആ പക്ഷിയെ കാണുന്നില്ല. എവിടെപ്പോയി.

വിദൂഷകൻ— ഇതാ ആ മാംസഭോജി ഇവിടെനിന്നു തെക്കോട്ടു മാറി.

രാജാ— [തിരിഞ്ഞുനോക്കിയിട്ട്] ഇപ്പോൾ കാണുന്നുണ്ട്.

സൽക്കാന്തിപല്ലവിതമാം മണിയോടു ചേൎന്നു
മുഷ്കാളുമിക്ഖഗമഹോ സ്തബകത്തിനോടും
മെത്തുന്ന ശോകമതുപോലിഹ ദിങ്മുഖത്തി-
നത്യന്തമായഴകിനോടു വിളങ്ങിടുന്നു. 3

യവനിക— (വില്ലുംകൊണ്ടു പ്രവേശിച്ചിട്ട്) തിരുമേനി ഇതാ വില്ലും കയ്യുറയും.

രാജാ— ഇനി ഇപ്പോൾ വില്ലുകൊണ്ടെന്താണു സാദ്ധ്യം. പക്ഷി ശരമെത്തുന്ന ദിക്കിനെ അതിക്രമിച്ചിരിക്കുന്നു. അപ്രകാരം തന്നെ.

പാരം ജവാൽ പതഗമിപ്പൊളെടുത്തുകഷ്ടം
ദൂരത്തുചേൎത്തൊരു വിശേഷമതായ രത്നം
പാരിച്ച മേഘശകലത്തൊടു ലോഹിതാംഗൻ
പാരാതെ ചേൎന്നു നിശികാണ്മതുപോലെയായി. 4

[കഞ്ചുകിയെനോക്കിയിട്ട്]

ലാതവ്യാ, സന്ധ്യക്കു ചേക്കമരത്തിൽ വരുമ്പോൾ ആ കള്ളപ്പക്ഷിയെ അന്വേഷിക്കണമെന്നു ഞാൻ പറഞ്ഞതായി ദേശകാവൽക്കാരിൽ പ്രധാനിയോടു പറയണം.

കഞ്ചുകി— കല്പനപോലെ ചെയ്യാം. (പോയി.)

വിദൂഷകൻ— അവിടുന്നിവിടെ ഇരിക്കണം. ആ

രത്നം മോഷ്ടിച്ച കള്ളൻ ഇപ്പോരം എവിടെപ്പോയാലും അവിടുത്തെ ശാസനത്തിലുൾപ്പെടാതിരിക്കയില്ല.

രാജാ– (വിദൂഷകനോടുകൂടിയിരുന്നിട്ടു്)

പ്രിയസഖ, വിഹഗം ഹാ കൊണ്ടുപോയോരുരത്നേ
പ്രിയത മമ നിനച്ചാൽ രത്നമെന്നുള്ളതല്ല
മയയൊടു പെരുതാമദ്ദുഖകാലത്തിലെന്നെ
പ്രിയതമയൊടു കൂട്ടിച്ചേർത്തതീ രത്നമത്രേ.

വിദൂഷകൻ– ഈ കാര്യം അവിടുന്നെന്നെ മനസ്സിലാക്കീട്ടുണ്ടല്ലോ.

അനന്തരം കഞ്ചുകി ഒരു ശരവും രത്നവുംഎടുത്തും കൊണ്ടുപ്രവേശിക്കുന്നു.

കഞ്ചുകി– മഹാരാജാവു സവോൽകഷേണ വത്തിച്ചാലും.

ക്ഷോണീപതേ, തവ ശരതപമിയന്നിടുന്നീ
ബാണത്തിനാലുടൽ പിളന്നു പതത്രി വദ്ധ്യൻ
ചേണാന്നിടുന്നൊരുപകാരികതന്റെ ചാരേ
വീണാൻശിരോമണിയൊടും സമമന്തരീക്ഷാൽ.

(എല്ലാവരും അത്ഭുതത്തെ നടിക്കുന്നു

കഞ്ചുകി– വെള്ളംകൊണ്ടു കഴുകിയ ഈ രത്നം ആരുടെ പക്കലാണു് കൊടുക്കേണ്ടതു്.

രാജാ– അഗ്നികൊണ്ടു ശുദ്ധമാക്കി ഭണ്ഡാരത്തിലേല്പിക്കണം.

കിരാതി– കല്പനപോലെ ചെയ്യാം. (പോയി)

രാജാ– ലാതവ്യാ, ഈ ശരം ആരുടെയാണെന്നു തനിക്കറിയാമോ.

കഞ്ചുകി- പേരെഴുതി കാണുന്നുണ്ട്. അക്ഷരം തിരിച്ചറിയുന്നതിനെന്റെ കണ്ണിനു ശക്തി മതിയാകുന്നില്ല.

രാജാ- ശരം അടുക്കലേക്കു കൊണ്ടുവരു.

[കഞ്ചുകി ശരം അടുപ്പിച്ചു കാണിക്കുന്നു.]

രാജാ നാമാക്ഷരങ്ങളെ നോക്കീട്ടു തന്റെ സസന്താനതയെക്കുറിച്ചു വിചാരിക്കുന്നു.

കഞ്ചുകി- ഞാൻ എന്റെ പ്രവൃത്തിക്കു പോകട്ടെ.

(പോയി)

വിദൂഷകൻ- അവിടുന്നെന്താണു വിചാരിക്കുന്നത്.

രാജാ- കേട്ടോളു. [നാമാക്ഷരങ്ങളെ വായിക്കുന്നു.]

വരാംഗിയാമുർവ്വശിതന്നിൽനിന്നുടൻ
പുരൂരവസ്സിന്നു പിറന്ന നന്ദനൻ
അരാതികൾക്കന്തകനായുരാഖ്യനാ-
യൊരാകുമാരൻ വക ബാണമാണിതു്. 7

വിദൂഷകൻ- (സന്തോഷത്തോടുകൂടി) ഭാഗ്യം ഹേതുവായിട്ടവിടുന്നു സന്താനംകൊണ്ടു വർദ്ധിക്കുന്നു.

രാജാ- ഇതെങ്ങനെ. കുമാരവനത്തിങ്കൽ വച്ചല്ലാതെ ഞാൻ ഉർവ്വശിയോടു വേർപെടുക ഉണ്ടായിട്ടില്ല. ഗർഭം ഉണ്ടായതായും അറിയുന്നില്ല. പിന്നെ പ്രസവം എവിടെ. അത്ഭുതം തന്നെ.

കുളുർമുലയുഗളത്തിന്നഗ്രഭാഗം കറുത്തും
തെളിവൊടു വിലസീടും വക്ത്രപത്മം വിളർത്തും
ചലമിഴിമണിയാളാമായവൾക്കുള്ള ഗാത്രം
ചിലദിനമിഹ പാർത്താൽ തീർന്നതെന്നോ ന ജാനേ.

വിദൂഷകൻ-ഇങ്ങനെ മനുഷ്യസ്ത്രീകളുടെ സ്വഭാവം ദിവ്യകളായിരിക്കുന്നവരിൽ വിചാരിക്കരുതു്. ദിവ്യശക്തികൊണ്ടവരുടെ പ്രവൃത്തികൾ മറഞ്ഞിരിക്കും.

രാജാ- അതങ്ങു പറയുന്നതുപോലെ ആകട്ടെ. എന്നാൽ അവൾ ഈ പുത്രനെ കാണിക്കാതെ മറയ്ക്കാനെന്താണു കാരണം.

വിദൂഷകൻ- മഹാരാജാവവളെ വൃദ്ധയായെന്നു വച്ചുപേക്ഷിച്ചുകളയുമെന്നു വിചാരിച്ചാണു്. അല്ലാതെ വേറെ എന്താണു്.

രാജാ- നേരം പോക്കാക്കേണ്ട. കാരണമെന്താണെന്നു വിചാരിച്ചുനോക്കു.

വിദൂഷകൻ- ദിവ്യത്വമുള്ളവരുടെ ഗൂഢവത്തമാനങ്ങൾ ഊഹിച്ചറിയുന്നതിനാക്കു കഴിയും.

കഞ്ചുകി- (പ്രവേശിച്ചിട്ടു്) സ്വാമി ജയിച്ചാലും. ച്യവനമഹർഷിയുടെ ആശ്രമത്തിങ്കൽ നിന്നൊരു കുമാരനേയുംകൊണ്ടൊരു താപസി തിരുമേനിയെ കാണാനായിട്ടു വന്നിരിക്കുന്നു.

രാജാ- രണ്ടു പേരെയും ക്ഷണത്തിൽ വിളിച്ചുകൊണ്ടുവരു.

കഞ്ചുകി- കല്പനപോലെ ചെയ്യാം. (പോയി കയ്യിൽവില്ലു ധരിച്ചിരിക്കുന്ന കുമാരനോടും താപസിയോടുംകൂടി പ്രവേശിച്ചിട്ടു്) ഭവതി ഇതിലെ ഇതിലെ. [ചുററിനടക്കുന്നു.]

വിദൂഷകൻ- (കുമാരനെകണ്ടിട്ടു്) പക്ഷിയെ നിഗ്രഹിച്ച ഈ ശരത്തിങ്കൽ പേരു കണ്ട ആ ക്ഷത്രിയകുമാരൻ ഇദ്ദേഹം തന്നെ ആയിരിക്കുമൊ. അങ്ങനെ തന്നെയാണു്. അവിടുത്തെ ഛായയുണ്ടല്ലൊ.

രാജാ– അങ്ങനെ വരാം. ഇതുകൊണ്ടല്ലേ.

പ്രീത്യാ മദ്ദൃഷ്ടി പെട്ടന്നിവനിലിഹ പതി-
ച്ചശ്രുസംമിശ്രമാക-
ന്നത്യാനന്ദം മനസ്സിന്നതിതരമുളവാ-
കുന്നു വാത്സല്യവും മേ
പേത്തും പാരം വിറയ്ക്കുന്നുടലിതിലിവനെ
ച്ചേത്തുടൻ ചീത്തമോദാൽ
ചിത്തേ ധൈയ്യം വെടിഞ്ഞുള്ളൊരുമമദ്രഢമാ-
യ്പുൽകുവാൻ വൈകിടുന്നു. 9

കഞ്ചുകി– ഇതാ ഇവിടെ നില്ക്കാം.

[താപസിയും കുമാരനും നിൽക്കുന്നു.]

രാജാ– അല്ലയോ ഭഗവതി, ഞാൻ അഭിവാദനം ചെയ്യുന്നു.

താപസി– മഹാരാജാവു സോമവംശസമൃദ്ധികരനായി ഭവിക്കട്ടെ. [വിചാരം]

ആശ്ചയ്യം ഈ രാജർഷിയും ആയുസ്സും തമ്മിലുള്ള പിതൃപുത്രസംബന്ധം പറയാതെതന്നെ അറിഞ്ഞുകഴിഞ്ഞു. (പ്രകാശം)

ഹേ വത്സാ, അച്ഛനെ നമസ്കരിക്കു.

[കുമാരൻ വില്ലോടുകൂടി കൈ കൂപ്പിവന്ദിക്കുന്നു.]

രാജാ– ദീർഘായുസ്സായി ഭവിക്കട്ടെ.

കുമാരൻ– (വിചാരം)

ഇദ്ദേഹമെൻജനകനിന്നിഹ തൽസുതൻ ഞാ-
നിത്ഥം ശ്രവിച്ച മനതാരലിയുന്നിതെന്നാൽ
അത്യാദരാൽ മടിയിൽ വാണു വളന്ന പുത്ര-
ക്കത്താതരിൽ പ്രിയതയേവിധമായിരിക്കാം. 10

രാജാ– അല്ലയൊ ഭഗവതി ഇപ്പോൾ ഇങ്ങോട്ടു വന്നതിൻെറ സാദ്ധ്യമെന്താണു്.

താപസി– മഹാരാജാവു കേൾക്കണം. ഈ ദീർഘായുസ്സാകുന്ന കുമാരൻ ജനിച്ചമാത്രയിൽ തന്നെ എന്തു കാരണവശാലോ ഉർവ്വശി ഇവനെ മഹാരാജാവിനെക്കാണിക്കാതെകണ്ടു എന്റെ കയ്യിൽ ഏല്പിച്ചു. പിന്നെ ഭഗവാൻ ച്യവനമഹർഷി ക്ഷത്രിയകുമാരൻെറ വിധിക്കുതക്കവണ്ണം ഇവനു ജാതകർമ്മം മുതലായതു കഴിച്ചുവിദ്യാഭ്യാസം ചെയ്യിച്ചു ധനുർവേദവും ഉപദേശിച്ചു.

രാജാ– ഇവൻ സനാഥനായിത്തന്നെ തീൎന്നു.

താപസി– എന്നാൽ ഇന്നു പൂക്കളും ചമതയും കൊണ്ടു വരാനായിട്ടു് ഋഷികുമാരന്മാരോടു കൂടി പോയിരുന്ന ഇവൻ ആശ്രമവിരുദ്ധമായ കർമ്മം പ്രവൎത്തിച്ചു.

വിദൂഷകൻ– അതെന്താണു്.

താപസി– മാംസമൊ മറേറാ എടുത്തുംകൊണ്ടു വൃക്ഷശിഖരത്തിങ്കൽ വന്നിരിക്കാൻ ഭാവിച്ച ഒരു കഴുകൻപക്ഷിയെ ലക്ഷ്യമാക്കി ഇവൻ ശരം പ്രയോഗിച്ചു.

വിദൂഷകൻ– (രാജാവിനെ നോക്കുന്നു.)

രാജാ– പിന്നെ പിന്നെ.

താപസി– അനന്തരം ഭഗവാൻ ച്യവനമഹർഷി ഈ വൃത്താന്തമറിഞ്ഞു "ഇവനെ നിൻെറ കയ്യിൽ ഏല്പിച്ച ആളിനെ തിരികെ ഏല്പിക്കണം"

എന്നെന്നോട്ടു കല്പിച്ചു. അതിനാൽ ഞാനുവ്വശിയെ കാണാനാഗ്രഹിക്കുന്നു.

രാജാ- എന്നാൽ ഭവതി ഇവിടെ ഇരിക്കണം.

താപസി- അങ്ങനെ തന്നെ. (ഇരിക്കുന്നു.)

രാജാ- ലാതവ്യാ, ഉവ്വശിയെ വിളിക്കു.

കഞ്ചുകി- കല്പനപോലെ. (പോയി.)

വത്സാ, വരു വരു.

നിന്നംഗസംഗമസുഖാലയി നീയെനിക്കു
സാന്ദ്രപ്രമോദമഴകോട്ടുളവാക്കിടേണം
ഉന്നിദ്രകാന്തി കലരുന്നൊരു ചന്ദ്രകാന്ത-
ത്തിന്നിന്ദുതൻകരമിതെന്നതുപോലിദാനീം. 11

താപസി- വത്സാ, അച്ഛനെ ആനന്ദിപ്പിക്കു.

കുമാരൻ രാജാവിൻെറ അടുക്കൽ ചെന്നു പാദഗ്രഹണം ചെയ്യുന്നു.

രാജാ- (കുമാരനെ ആലിംഗനംചെയ്തു പാദപീഠത്തിങ്കൽഇരുത്തീട്ടു്) വത്സാ, അച്ഛൻെറ പ്രിയസഖനായ ബ്രാഹ്മണനെ സംശയിക്കാതെ വന്ദിക്കു.

വിദൂഷകൻ- സംശയിക്കാനെന്താണുള്ളതു്. ആശ്രമത്തിങ്കൽ താമസിച്ചു പരിചയിച്ചിട്ടുള്ള ഇവനിതു ശീലമല്ലെ.

കുമാരൻ- (ചിരിച്ചുംകൊണ്ടു) അല്ലയൊ താതൻ ഞാൻ വന്ദിക്കുന്നു.

വിദൂഷകൻ- ഭവാനു നല്ലതു വരട്ടെ.

അനന്തരം ഉവ്വശിയും കഞ്ചുകിയും പ്രവേശിക്കുന്നു.

കഞ്ചുകി- ദേവി, ഇതിലെ ഇതിലെ.

ഉവ്വശി- (നോക്കിയിട്ട്) മഹാരാജാവിനെക്കൊണ്ടു തന്നെ കുടുമ്മയും കെട്ടിച്ചുംകൊണ്ടു വില്ലും പിടിച്ചു പാദപീഠത്തിങ്കൽ ഇരിക്കുന്ന ഇവൻ ആരാണു്.

(താപസിയെ നോക്കീട്ട്.)

ഹേ ആശ്ചൎയ്യം. എന്റെ ആ പുത്രനായ ആയുസ്സാണെന്നു സത്യവതി സൂചിപ്പിക്കുന്നു. ഇവൻ ഇത്ര വലുതായെയാ? [ചുററിനടക്കുന്നു.]

രാജാ- (ഉവ്വശിയെ കണ്ടിട്ട്) വത്സാ,

കനിഞ്ഞു ഹാർദ്ദേന ചുരന്ന പാലിനാൽ
നനഞ്ഞിടുന്നോരു മുലപ്പടത്തെയും
അണിഞ്ഞു നിന്നെക്കുതുകേന കാണുവാ-
നണഞ്ഞിതാ നിന്നുടെയമ്മയാണിതു്. 12

താപസി- വത്സാ, അമ്മയെ എതിരേൽക്കു.

(കുമാരൻ ഉവ്വശിയെ എതിരേൽക്കുന്നു.

ഉവ്വശി- ആൎയ്യേ, ഞാനിതാ നിങ്ങളുടെ പാദങ്ങളെ വന്ദിക്കുന്നു.

താപസി- വത്സേ, ഭൎത്താവിനു പ്രിയതമയായി ഭവിച്ചാലും.

കുമാരൻ- അമ്മേ, ഞാൻ അഭിവാദനം ചെയ്യുന്നു.

ഉവ്വശി- (കുമാരനെ മുഖം പിടിച്ചുയൎത്തി ആലിംഗനംചെയ്തിട്ടു) വത്സാ, അച്ഛനു സന്തോഷകരനായി ഭവിച്ചാലും.

(രാജാവിന്റെ അടുക്കൽ ചെന്നിട്ട്)

മഹാരാജാവു ജയിക്കട്ടെ.

രാജാ- പുത്രവതിയായ ഭവതിക്കു സുഖം തന്നെയല്ലെ. ഇവിടെ ഇരിക്കു. (അർദ്ധാസനം കൊടുക്കുന്നു.)

ഉർവ്വശി- ആൎയ്യേ, ഇരിക്കു.

(എല്ലാവരും യഥാസ്ഥാനം ഇരിക്കുന്നു)

താപസി- ഈ ദീർഘായുസ്സു വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ കവചധരനായിരിക്കുന്നു. ഇവനെ നിന്റെ ഭർത്താവായ ഇദ്ദേഹത്തിന്റെ മുമ്പാകെ വെച്ചു തിരിയെ ഏല്പിച്ചിരിക്കുന്നു. അതിനാൽ എന്നെ പറഞ്ഞയയ്ക്കണം. ആശ്രമധൎമ്മം നിമിത്തം എനിക്കു താമസിക്കാൻ നിവൃത്തിയില്ല.

ഉർവ്വശി- വളരെക്കാലം കൂടി ആൎയ്യയെക്കണ്ടിട്ടെനിക്കു തൃഷ്ണ ഏററവും അധികമായിരിക്കുന്നു. പറഞ്ഞയയ്ക്കാനായിട്ടു ഞാൻ ശക്തയാകുന്നില്ല. എന്നാൽ ആശ്രമധൎമ്മത്തിനു വിരോധം ചെയ്യുന്നതു ശരിയല്ല. അതിനാൽ പുനർദ്ദശനത്തിനായിട്ടാൎയ്യ ഇപ്പോൾ പോയാലും.

രാജാ- ആൎയ്യേ! ഭഗവാൻ ച്യവനമഹർഷിയുടെ അടുക്കൽ ഞാൻ വന്ദനം പറഞ്ഞതായി അറിയിക്കണെ.

താപസി- അങ്ങനെ ആകട്ടെ.

കുമാരൻ- അമ്മേ, അമ്മ സത്യമായിട്ടു തിരിച്ചു പോകയാണെങ്കിൽ എന്നെക്കൂടി ആശ്രമത്തിങ്കലേക്കു കൊണ്ടുപോകണം.

രാജാ- ഹേ വത്സാ, ആദ്യത്തെ ആശ്രമത്തിങ്കൽ നീ താമസിച്ചു. ഇപ്പോൾ നിനക്കു രണ്ടാമത്തെ ആശ്രമത്തിങ്കൽ ഇരിക്കാനുള്ള കാലമായിരിക്കുന്നു.

താപസി- വത്സാ, അച്ഛന്റെ വാക്കിനെ അനുവത്തിക്ക.

കുമാരൻ- എന്നാൽ,

അഖണ്ഡമോദാൽ മടിയിൽ കിടന്നു മേ
ശിഖണ്ഡകണ്ഡൂയനലബ്ധമായിട്ടും
സുഖാലുറങ്ങും മണികണ്ഠനാകുമെൻ-
ശിഖണ്ഡിയേയിങ്ങു കൊടുത്തയയ്ക്കണം. 13

താപസി- ആട്ടെ, ഞാൻ കൊണ്ടുവരാം. ദീർഘായുസ്സായി ഭവിക്കട്ടെ. (പോയി.

രാജാ- (ഉവ്വശിയോടായിട്ട്) അല്ലയൊ സുന്ദരി,

ധന്യൻ ത്വദീയസുതനാമിവനാൽ സുതന്മാ-
രിന്നേററമുള്ളവരിലഗ്രഗനായഹോ ഞാൻ
ഇന്ദ്രാണിതൻ തനയനായ ജയന്തനെക്കൊ-
ണ്ടന്യൂനവീയ്യനിധിയിന്ദ്രനതെന്നപോലെ. 14

(ഉവ്വശി വിചാരിച്ചിട്ടു കരയുന്നു)

വിദൂഷകൻ- (പരിഭ്രമത്തോടുകൂടി) ഇതെന്താണു തത്രഭവതി ഉടനെ കരഞ്ഞുതുടങ്ങിയതു്.

രാജാ- (പരിഭ്രമത്തോടുകൂടി)

മുഗ്ദ്ധേ, മദീയകുലരക്ഷകനായ് സമത്ഥൻ
പുത്രൻ ഭവിച്ചളവിലശ്രുകണങ്ങളാലെ
അത്യുന്നതസ്തനതടേ പുനരുക്തമെന്തു
മുക്താവലിക്കു ബത ചേത്തു കരഞ്ഞിടുന്നു. 15

(കണ്ണുനീരു തുടച്ചുകളയുന്നു)

ഉവ്വശി- മഹാരാജാവു കേട്ടാലും. ഈ പുത്രമുഖദശനത്താൽ ഞാൻ ആദ്യം വിസ്മരിച്ചുപോയി. ഇ

ഴപ്പോൾ മഹേന്ദ്രനെക്കുറിച്ചു പ്രസംഗം വന്നതു നിമിത്തം ഓർത്തിട്ടീസമയം എന്റെ ഹൃദയത്തെ ദുഃഖിപ്പിക്കുന്നു.

രാജാ– അതെന്താണു്.

ഉർവ്വശി– ഞാൻ പണ്ടു മഹാരാജാവിങ്കൽ ആസക്തചിത്തയായി ഭവിച്ച കാലത്തു മഹേന്ദ്രൻ എന്നോടു കല്പിച്ചു.

രാജാ– എങ്ങിനെ.

ഉർവ്വശി– "എന്റെ വിജയത്തിങ്കൽ സാഹായ്യകരനായിരിക്കുന്ന ആ മഹാരാജാവു നിങ്കൽനിന്നു ജനിക്കുന്ന പുത്രന്റെ മുഖം എപ്പോൾ ദർശിക്കുമോ അപ്പോൾ വീണ്ടും നീ എന്റെ അടുക്കൽ വരണം" എന്നു. അതിനാൽ മഹാരാജാവിന്റെ വിരഹത്തിങ്കൽനിന്നുള്ള ഭീരുത ഹേതുവായിട്ടാണു ഞാൻ ജാതമാത്രനായിരിക്കുന്ന ഇവനെ സൽഗുരുവിങ്കൽനിന്നു വിദ്യാഭ്യാസത്തിനായിട്ടു ച്യവനാശ്രമത്തിങ്കൽ ആര്യ്യയായ സത്യവതിയുടെ കയ്യിൽ ഗൂഢമായിട്ടു നിക്ഷേപിച്ചിരുന്നതു്. ഇപ്പോൾ ഈ ആയുസ്സ പിതാവിന്റെ ആരാധനത്തിങ്കൽ സമർത്ഥനായിത്തീൎന്നു എന്നറിഞ്ഞു് അവർ ഇവിടെ കൊണ്ടുവന്നാക്കുകയും ചെയ്തു. മഹാരാജാവിന്റെ കൂടെയുള്ള എന്റെ സുഖാവാസം ഇപ്പോൾ വരെക്കൊണ്ടു തീൎന്നിരിക്കുന്നു.

[എല്ലാവരും വിഷാദത്തെ നടിക്കുന്നു.

രാജാ– [ദീർഘശ്വാസത്തോടുകൂടി] ദൈവത്തിന്റെ സുഖവിരോധിത്വം അത്ഭുതം തന്നെ.

അതിതരജവമോട്ടം പുത്രലബ്ധ്യാ സമാശ്വാ-
സിതതരനിവനിപ്പോൾ സുഭ്രൂ, നിൻവിപ്രയോഗം
പുതുമഴയതിനാൽ ഗ്രീഷ്മാത്തിവിട്ടോരുഭ്രരു-
ട്ടതിനുടനെയിടിത്തീയെന്നപോൽവന്നുചേർന്നു. 16

വിദൂഷകൻ- അല്ലയോ ശ്രേഷ്ഠനായുള്ളോവേ, ഈ ശോഭനകാൎയ്യം അനൎത്ഥാനുബന്ധിയായിത്തീൎന്നു. ഇനി അവിടേക്കു വല്ക്കലധാരണം ഭവിക്കുമെന്നെനിക്കു തോന്നുന്നു.

ഉവ്വശി- വിദ്യാഭ്യാസം കഴിഞ്ഞ പുത്രനെ ലഭിച്ചതിന്റെ ശേഷം സ്വൎഗ്ഗത്തിലേക്കു പോകുന്നതുകൊണ്ടു മന്ദഭാഗ്യയായിരിക്കുന്ന എന്നെയും ചെയ്യേണ്ടതിനെ ചെയ്തുവളെന്നു മഹാരാജാവു വിചാരിച്ചു കൊള്ളണം.

രാജാ- ഐഃ അങ്ങനെയല്ല.

അസ്വാതന്ത്ര്യേ വിയോഗംസുലഭമവനവ-
ന്നിഷ്ടമെല്ലാമസാദ്ധ്യം
സ്വസ്വാമ്യാദേശമോൎത്തിന്നതു പരമനുവ-
ൎത്തിച്ചു വൎത്തിക്കെടോ നീ
വത്സൻ താൽസൂനുവായുസ്സിവനിലിഹ സമ-
ൎപ്പിച്ചുടൻ രാജ്യഭാരം
നിസ്സന്ദേഹം ഗമിപ്പൻ മൃഗനിരനിറയും
കാനനേ ഞാനുമിപ്പോൾ. 17

കുമാരൻ- അച്ഛാ, വലിയ കാളയാൽ വഹിക്ക

പ്പെട്ട ഭാരം വഹിക്കുന്നതിനു കിടാവിനെ നിയോഗി ക്കുന്നതു യോഗ്യമല്ല.

രാജാ– അല്ലയോ വത്സാ,

നേത്ത്രഗ്ഗന്ധദ്വിപത്തിൻ കളഭമെത്തുമമ-
ത്തുന്നിതന്യദ്വിപത്തെ-
പ്പാത്താലത്യുഗ്രവേഗം വിഷമതു ചെറുതാം
പന്നഗത്തിനുമേവം
ധാത്രീഭാരം വഹിപ്പാനധിപതി ശിശുവെ-
ന്നാകിലും ശക്തനോത്താൽ
ജാത്യാലത്രേ സ്വകാൎയ്യക്ഷമത നൃപനഹോ
തൻവയസ്സാലതല്ല. 18

ലാതവ്യാ, കുമാരൻെറ രാജ്യാഭിഷേകമഹോത്സവ ത്തിനു വേണ്ടുന്ന സാധനങ്ങൾ എല്ലാം സംഭരിക്കുന്ന തിനു ഞാൻ പറഞ്ഞതായി മന്ത്രികളോടു പറയു.

കഞ്ചുകി– കല്പനപോലെ ആകട്ടെ.

(ദുഃഖത്തോടുകൂടി പോയി)

(എല്ലാവരും ദൃഷ്ടിപ്രതിഘാതത്തെ നടിക്കുന്നു)

രാജാ– ഇതെന്താണു മഴക്കാറില്ലാതെ മിന്നലുണ്ടാ യതു്.

ഉൎവ്വശി– (നോക്കീട്ടു്) ആശ്ചൎയ്യം. ഭഗവാൻ നാരദ നാണു്.

രാജാ– ഭഗവാൻ നാരദൻ തന്നെ. ഇതാ ഇദ്ദേഹ ത്തിനെ,

ചാരേ കാണുന്നു ഗോരോചനയൊടെതിരിടും
ചെഞ്ചിടക്കൂട്ടിനോടും
ചാരുശ്രീചന്ദ്രലേഖാവിമലതരമതാം
പൂണുനൂലോടുമിപ്പോൾ
പാരിക്കും സ്വർണ്ണശാഖാനിരകളൊടുമല-
ങ്കാരമായ് ചേർത്ത മുക്താ-
ഹാരൌഘം പൂണ്ടുകൊണ്ടങ്ങഴകിനൊടു ചരി-
ക്കുന്ന കല്പദ്രുമം പോൽ. (സംഭ്രമത്തോടുകൂടി)

ഇദ്ദേഹത്തിനർഘ്യം.

ഉവ്ശി— (അർഘ്യം എടുത്തുംകൊണ്ടു്) ഇതാ ഭഗവാന്റെ പൂജാദ്രവ്യം.

അനന്തരം നാരദൻ പ്രവേശിക്കുന്നു,

നാരദൻ— മഹാരാജാവു വിജയിയായി ഭവിക്കട്ടെ.

രാജാ— (ഉവ്ശിയുടെ കയ്യിൽനിന്നു് അർഘ്യം വാങ്ങിച്ചു പൂജിച്ചിട്ടു്) അല്ലയോ ഭഗവാനെ, ഞാൻ അഭിവാദനം ചെയ്യുന്നു.

ഉവ്ശി— നിന്തിരുവടിയുടെ സുപ്രസന്നങ്ങളായ പാദാരവിന്ദങ്ങളെ ഇതാ ഞാൻ നമസ്കരിക്കുന്നു.

നാരദൻ— ദമ്പതിമാരായ നിങ്ങൾ അവിരഹിതന്മാരായി ഭവിക്കട്ടെ.

രാജാ— (വിചാരം) ഇങ്ങനെ വരുമൊ.

(കുമാരനെ ആലിംഗനം ചെയ്തിട്ടു് പ്രകാശം)

വത്സാ, ഭഗവാനെ നമസ്കരിക്കു.

കുമാരൻ- അല്ലയൊ ഭഗവാനെ, ഉർവ്വശീപുത്രൻ നമസ്കരിക്കുന്നു.

നാരദൻ- ദീർഘായുസ്സായി ഭവിക്കട്ടെ.

രാജാ- ഈ പീഠത്തിങ്കൽ ഇരുന്നാലും.

നാരദൻ- അങ്ങനെ തന്നെ. (എല്ലാവരും ഇരിക്കുന്നു)

നാരദൻ- മഹാരാജാവു കേട്ടാലും.

രാജാ- ഞാൻ കാത്തിരിക്കുന്നു.

നാരദൻ- മഹേന്ദ്രൻ ഭവാനെ വനഗമനോദ്യുക്തനെന്നു ദിവ്യജ്ഞാനത്താലറിഞ്ഞാജ്ഞാപിക്കുന്നു.

രാജാ- എന്താണു കല്പിക്കുന്നതു്.

നാരദൻ- "അതിഭയങ്കരമായ ഒരു ദേവാസുരയുദ്ധം ഉണ്ടാകാനിരിക്കുന്നു എന്നു കാലത്രയവേദികളായ മഹർഷിമാർ കല്പിച്ചിരിക്കുന്നു. ആ യുദ്ധത്തിൽ ഭവാനെയാണു സഹായമായി വിചാരിച്ചിരിക്കുന്നതു്. അതിനാൽ ഭവാൻ ഇപ്പോഴും തന്നെ ആയുധം വച്ചുകളയരുതു്. ഈ ഉർവ്വശി ആജീവനാന്തം ഭവാനു സഹധർമ്മചാരണിയായിട്ടും ഭവിച്ചുകൊള്ളട്ടെ" എന്നു്.

ഉർവ്വശി- (വിചാരം) ആവൂ, എനിക്കു ഹൃദയത്തിങ്കൽ നിന്നു ശല്യം എടുത്തുകളഞ്ഞതുപോലെ ആയി.

രാജാ- ഞാൻ ദേവശ്രേഷ്ഠനായ അവിടെക്കധീനനാണു്.

നാരദൻ-

ചെയ്യും മഹേന്ദ്രനഴകിൽ ഭവദീയകാൎയ്യം
പൊയ്യല്ല നീയുമവനിഷ്ടമതാചരിക്ക
സൂൎയ്യൻ സമൃദ്ധി ഹൃതളക്കിന്നു ചെയ്തിടുന്നു
സൂൎയ്യന്നു വഹ്നിയുമനല്പനിജപ്രതാപാൽ.

(ആകാശത്തിൽ നോക്കീട്ട്)

രംഭേ, കുമാരനെ യുവരാജാവായി അഭിഷേകം ചെയ്യുന്നതിന്നു മഹേന്ദ്രനാൽ സംഭരിക്കപ്പെട്ട സാധനങ്ങളെക്കൊണ്ടുവരൂ.

അപ്സരസ്സുകൾ- (പ്രവേശിച്ചിട്ട്) ഭഗവാനെ, ഇതാ അഭിഷേകസംഭാരങ്ങൾ:എല്ലാം കൊണ്ടുവന്നിരിക്കുന്നു.

നാരദൻ- എന്നാൽ ആയുഷ്മാനായിരിക്കുന്ന ഇവനെ സിംഹാസനത്തിങ്കൽ ഇരുത്തൂ.

രംഭ- വത്സാ, ഇവിടെ വരൂ.

(കുമാരനെ സിംഹാസനത്തിൽ ഇരുത്തുന്നു)

നാരദൻ- (കുമാരൻെറശിരസ്സിൽ കലശം ഒഴിട്ട്) രംഭേ, ശേഷമൊക്കെ വേണ്ടതുപോലെ ചെയ്യൂ.

രംഭ- (പറഞ്ഞതുപോലെ ഒക്കെച്ചെയ്തിട്ട്) വത്സാ, ഭഗവാനെയും മാതാപിതാക്കന്മാരെയും നമസ്കരിക്കൂ.

(കുമാരൻ യഥാക്രമം നമസ്കരിക്കുന്നു.

നാരദൻ- ഭവാന്നു നല്ലതു വരട്ടെ.

രാജാ- വംശധുരന്ധരനായി ഭവിക്കട്ടെ.

ഉവ്വശി- അച്ഛനാനന്ദകരനായി ഭവിക്കട്ടെ.

അണിയറയിൽ (രണ്ടു വൈതാളികന്മാർ)

യുവരാജാവു സവ്വോൽക്കർഷേണ വത്തിക്കട്ടെ.

ഒന്നാമത്തവൻ-

ബ്രഹ്മാവിന്നത്രിയത്രിക്കഥ ശശി, ശശല-
 ക്ഷ്മാവിന്നാ രൌഹിണേയൻ,
സൌമ്യന്നിദ്ദേവനേവം തവ പിതൃസമനായ്
 തീൎന്നിടട്ടേ ഭവാനും
രമ്യശ്രീസൽഗ്ഗുണൌഘാൽ പുകഴധികമെഴും
 സൽക്കുലേ തന്നെ പാൎത്താൽ
നിൎമ്മായം തേ ഗുണാബ്ധേ, നിരുപമതരമാ-
 ശിസ്സു സംപൂൎണ്ണയത്രെ. 21

രണ്ടാമത്തവൻ-

പാരിച്ചൌന്നത്യമാളും തവ ജനകനിലും
 നീതിസാരജ്ഞനാകും
ധീരശ്രീയാം ഭവാൽതങ്കലുമുടനൊരുപോൽ
 ചേൎന്നഹോ രാജ്യലക്ഷ്മി
പാരം ശോഭിച്ചിടുന്നു ഹിമഗിരിയതിലും
 ഹന്ത തോയപ്രവാഹാൽ
പാരാവാരത്തിലും ചേൎന്നഴകൊടു വിലസും
 ഗംഗതാനെന്നപോലെ. 22

രംഭ- [ഉൎവ്വശിയുടെ അടുക്കൽ ചെന്നിട്ട്] അല്ലയോ സഖി, ഭാഗ്യം ഹേതുവായിട്ടു കുമാരൻെറ യൌവ്വരാജ്യശ്രീ കൊണ്ടും ഭൎത്താവിൻെറ അവിരഹം കൊണ്ടും നീ വൎദ്ധിക്കുന്നു.

ഉൎവ്വശി- ഈ അഭ്യുദയം എല്ലാവൎക്കുംകൂടിയുള്ളതാണ്.

രംഭ– (കുമാരൻെറ കൈക്കു പിടിച്ചിട്ട്) വത്സാ, വരു വലിയമ്മയെ വന്ദിക്കാൻ പോകാം. [കുമാരൻ പുറപ്പെടുന്നു]

രാജാ– നില്ക്കു. തത്രഭവതിയുടെ അടുക്കൽ സമയം പോലെ ഞാൻ കൊണ്ടുപോകാം.

നാരദൻ– മഹാരാജാവെ,

തൽപുത്രനാമിവനെഴും യുവരാജലക്ഷ്മി
നല്ലോട്ടു കണ്ടുളവിലൻപൊടു യൌവരാജ്യേ
കെല്പാന്ന ദേവവരനാലഭിഷിക്തനാകു-
മപ്പാവ്വതീസുതനെയിപ്പൊഴുതോത്തിടുന്നേൻ 23

രാജാ– ഇപ്രകാരം ഭവാനാൽ അനുഗ്രഹിക്കപ്പെട്ടവൻ എങ്ങനെ അയോഗ്യനായി ഭവിക്കും.

നാരദൻ– ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻ ഇനി ഭവാനെന്തു പ്രിയത്തെ ആണു് ചെയ്യേണ്ടതു്.

രാജാ– ഭഗവാൻ മഹേന്ദ്രൻ സന്തുഷ്ടനായിരിക്കുന്നു എങ്കിൽ ഇതിലധികമായി ഇനിക്കെന്തൊണാഗ്രഹിപ്പാനുള്ളതു്. എങ്കിലും ഇതു ഭവിക്കട്ടെ.

ഭരതവാക്യം

അത്യന്തമേകാശ്രയദുർല്ലഭതാ-
മെത്തുന്നൊരന്യോന്യവിരുദ്ധമാവാം
പൊൽത്താർസുതാവാണികൾവെച്ച്യെന്നും
സത്തുക്കു ഭൂതിക്കു ഭവിച്ചിടട്ടേ. 24

(എല്ലാവരും പോയി)

ശുഭം.

# ശുദ്ധിപത്രം

| പേജ് | വരി | അബദ്ധം | സുബദ്ധം |
| --- | --- | --- | --- |
| 2 | 2 | നമസ്കര | നമസ്കരി |
| 5 | 23 | കണ്ണടി | കണ്ണട |
| 19 | 13 | രിക്ഷി | രക്ഷി |
| 20 | 6 | നമുക്കെ | നമുക്കീ |
| 25 | 5 | കളുട്ട | കളട്ട |
| 26 | 7 | ശരീരാലങ്കാ | ശിരോലങ്കാ |
| ടി | 17 | പ്രയിഷ്ഠാ | പ്രതിഷ്ഠാന |
| 27 | 21 | കഴിഞ്ഞു- ചിത്രലേഖ- നീയെന്താണ മനുഷ്യകമ്മത്തെ അനുവത്തിക്കുന്നതു്. (എന്നുകൂടിവേണം) | |
| 32 | 11 | (ശിരസ്സുകൊണ്ടു) ഉർവശി | മഹാരാജാവിനെ ശിരസ്സുകൊണ്ടു) |
| ടി | 24 | ള്ളരി | ള്ളൊരി |
| 36 | 20 | സൂക്ഷിച്ചുനേ | സൂക്ഷിച്ചുനോ |
| 38 | 7 | രാജാ | ദേവി |
| 39 | 6 | ഭചതീ | ഭവതീ |
| 47 | 8 | ക്കോവണ | ക്കോവണി |
| 48 | 18 | അവിട്ടേക്ക | അവിടേക്ക |
| 58 | 21 | മഹിഷ | മഹിഷി |
| 68 | 7 | വിചാരിച്ചിട്ടു് | ചിരിച്ചിട്ടു് |
| 84 | 16 | — | രാജാ- |
| 85 | 10 | •ഭവതി | ഭഗവതി |
| 86 | 14 | സജ്ഞ | സ്വജ്ഞ |
| 87 | 8 | മെത്തുന്ന ശോക | മെത്തുന്നശോക |
| 88 | 6 | ദുഖ | ദുഃഖ |
| 92 | 13 | കുമാരനോട്ടു് | കുമാരന്മാരോട്ടു് |
| 95 | 13 | ശരിയല്ല | ശരിയുമല്ല |
| 103 | 13 | ഭവാൽ | ഭവാൻ |
| 104 | 20 | വണി | വാണി |



DC Library
*00003904*
T62 K85

T62
K85

T62
K85

Indic Digital Archive Foundation
gpura.org